# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P9/1052/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P9/1052/2021 തീയ്യതി: 19/03/2022

## ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 30-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 03-11-2021 | 17-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-11-2021 | 17-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ദീപാ കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സി.ഉണ്ണികൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
എ.പി.ഷിബു, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.എസ് അജിത | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| എൻ.സജീവൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വൈ ഷാജഹാൻ | സെക്രട്ടറി | 01-04-2020 | 20-04-2020 |
| ശ്രീമതി അനീസ്യ ലാൽ | അസി.സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല) | 21-04-2020 | 10-06-2020 |
| ശ്രീ ബിജു കെ | സെക്രട്ടറി | 11-06-2020 | 23-10-2020 |
| ശ്രീമതി അനീസ്യ ലാൽ | അസി.സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല) | 24-10-2020 | 02-11-2020 |
| ശ്രീ ലത | സെക്രട്ടറി | 02-11-2020 | 31-03-2021 |
| ശ്രീമതി.ഐശ്വര്യ റ്റി | കൃഷിഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ബിനിൽ ബി ചന്ദ്രൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ലക്ഷമി എസ് നായർ | ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 01-04-2020 | 31-10-2020 |
| ശ്രീമതി ഹൈറുന്നീസ് | ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 01-11-2020 | 31-03-2021 |
| ശ്രീമതി നൂപുര | മെഡിക്കൽ ഓഫീസർ (FHC) | 01-04-2020 | 31-03-2021 |
| ഡോ.ശേഷ് നാഗ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.നിഷ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി സജീദ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി ജിനു അരവിന്ദ് | അസി.എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രുതി | വി.ഇ.ഒ | 01-04-2020 | 16-06-2020 |
| ശ്രീ.രാജീവ് കുമാർ | വി.ഇ.ഒ | 17-06-2020 | 31-03-2021 |
| ശ്രീ അപ്പൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി അനീസ്യ ലാൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ലൂസി | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2020 | 08-07-2020 |
| വേക്കന്റ് | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 09-07-2020 | 10-08-2020 |
| ശ്രീമതി.റസീന ബീവി | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 11-08-2020 | 18-08-2020 |
| ശ്രീമതി.അഞ്ജലിദേവി | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 18-08-2020 | 05-11-2020 |
| ശ്രീമതി.ജീന ഗോപിനാഥ് | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 06-11-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-1 |
| 2 | വാർഷിക ധനകര്യപത്രിക<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 22-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-9 |
| 10 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല<br>Written By: Sajitha Das (Audit Officer (HG), On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-10 |
| 11 | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി മിനിറ്റ്സ് - ഇതേ വരെ ക്ലോസ് ചെയ്തിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-11 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-12 |
| 13 | രസീതുകൾ അലക്ഷ്യമായി കൈകകാര്യം ചെയ്യുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-13 |
| 14 | വസ്തുനികുതി - സഞ്ചയയിൽ ബേസ് ഡേറ്റായായി ഉൾപ്പെടുത്തിയ 678 കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-14 |
| 15 | വസ്തുനികുതി-287 കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തി നികുതി ചുമത്തിയിട്ടില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-15 |
| 16 | പെർമിറ്റ് നേടിയ മൊബൈൽ ടവറുകളെല്ലാം വസ്തുനികുതി ചുമത്തപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കാനാകുന്നില്ല | 1-16 |

| | | |
|---|---|---|
| | Written By: Unnikrishnan C (Senior Grade Auditor, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | |
| 17 | തൊഴിൽ നികുതി -അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി ഈടാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-17 |
| 18 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ചുമത്തിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-18 |
| 19 | തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്യപ്പെടുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-19 |
| 20 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-20 |
| 21 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-21 |
| 22 | ലൈസൻസില്ലാതെ ധാതുമണൽ ഖനനം-ഗവ.തീരുമാനം ലഭ്യമായില്ല<br>Written By: A.P.Shibu (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-22 |
| 23 | ട്രേഡേഴ്സ് ലൈസൻസ് ഫീസ് - എല്ലാ കച്ചവടസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല<br>Written By: A.P.Shibu (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-23 |
| 24 | കോൾഡ് സ്റ്റോറേജ്, മത്സ്യമാർക്കറ്റ് -നിർമ്മാണം പൂർത്തീകരിച്ച് 8 വർഷം കഴിഞ്ഞിട്ടും ലേലം ചെയ്തിട്ടില്ല<br>Written By: A.P.Shibu (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-24 |
| 25 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-25 |
| 26 | സാമൂഹ്യ ക്ഷേമപെൻഷൻ - മരണപ്പെട്ടതിനുശേഷവും അനുവദിക്കുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-26 |
| 27 | എയർ കണ്ടീഷനറുകൾ സ്ഥാപിക്കൽ - ശരിയായ ആസൂത്രണം ഇല്ലാതെ ആവിഷ്കരിച്ച പ്രോജക്റ്റ് - കരാറുകാരൻ വ്യാജരേഖയുണ്ടാക്കി - പഞ്ചായത്ത് ഫണ്ടിന് 133426 രൂപ നഷ്ടം<br>Written By: Unnikrishnan C (Senior Grade Auditor, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-27 |
| 28 | വാട്ടർ പ്യൂരിഫയറുകൾ വാങ്ങി സ്ഥാപിക്കൽ -കേന്ദ്രീയ ഭണ്ഡാറിൽ നിന്നും നേരിട്ട് വാങ്ങി -നിരവധി അപാകതകൾ<br>Written By: Unnikrishnan C (Senior Grade Auditor, On 22-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-28 |
| 29 | മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള വാട്ടർ പ്യൂരിഫയർ വാങ്ങൽ പ്രോജക്റ്റ്- നേരിട്ട് കേന്ദ്രീയ ഭണ്ഡാറിൽ നിന്നും വാങ്ങി-ഗ്രാമപഞ്ചായത്തിന് 37550 രൂപയുടെ നഷ്ടം<br>Written By: Unnikrishnan C (Senior Grade Auditor, On 22-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-28-1 |
| 30 | വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചില്ല- ഉപകരണത്തിന്റെ ഗുണമേൻമ | 1-28-2 |

| | | |
|---|---|---|
| | ഉറപ്പാക്കാനായില്ല- 99050 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Unnikrishnan C (Senior Grade Auditor, On 22-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | |
| 31 | നിർമ്മാണത്തിലിരിക്കുന്ന പൈപ്പ് ലൈൻ കണക്ഷിനില്ലാത്ത ഹോമിയോ ആശുപത്രിക്ക് കേന്ദ്രീയ ഭണ്ഡാറിൽ നിന്നും നേരിട്ട് വാട്ടർ പ്യൂരിഫയർ വാങ്ങി-99050 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-28-3 |
| 32 | ഗ്രാമപഞ്ചായത്ത് ഓഫീസിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ-34680 രൂപയുടെ നഷ്ടം<br>Written By: Unnikrishnan C (Senior Grade Auditor, On 22-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-29 |
| 33 | ഇൻവെർട്ടർ വാങ്ങൽ-സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചില്ല 44362/-രൂപയുടെ അധികച്ചെലവ്<br>Written By: A.P.Shibu (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-30 |
| 34 | പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ നിലവാരത്തിലെത്തിക്കൽ, S0105/20 - അപാകതകൾ<br>Written By: Sajitha Das (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-31 |
| 35 | പിള്ളക്കടവ് ബണ്ടേൽ പാലം നിർമ്മാണം (So191/20)- സോയിൽ ടെസ്റ്റിംഗ് ആന്റ് സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കൽ - പ്രാഥമിക നടപടിക്രമങ്ങൾ സ്വീകരിക്കാതെ മണ്ണ് പരിശോധനയ്ക്ക് തുക ചെലവഴിച്ചു<br>Written By: Sajitha Das (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-32 |
| 36 | തുമ്പൂർമുഴി ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ- പ്രവർത്തനക്ഷമമാക്കിയിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-33 |
| 37 | എൽ.എസ്.ജി.ഡി എ.ഇ യുടെ കാര്യാലയത്തിലേക്ക് പുതിയ യു.പി.എസ് വാങ്ങലും സ്ഥാപിക്കലും (S0143/20) - ടെണ്ടർ നടപടികളിൽ അവ്യക്തത<br>Written By: Sajitha Das (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-34 |
| 38 | തുടർ സാക്ഷരത - പരീക്ഷാ ഫീസ് അടച്ച ഗുണഭോക്താക്കൾ പരീക്ഷയെഴുതിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Sindhya.P (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-35 |
| 39 | ടെലിവിഷൻ വാങ്ങുന്നതിനായി തുക ചെലവഴിച്ചെങ്കിലും പദ്ധതിലക്ഷ്യം പൂർത്തീകരിച്ചില്ല<br>Written By: Sindhya.P (Asst. Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-36 |
| 40 | വെള്ളക്കരക്കുടിശ്ശിക – 14.56 കോടിയുടെ ബാദ്ധ്യത<br>Written By: Sindhya.P (Asst. Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-37 |
| 41 | പട്ടികജാതി കുടുംബങ്ങൾക്ക് ജീവനോപാധി - തയ്യൽ മെഷീൻ -ദുരന്തനിവാരണം - പ്രത്യേകപദ്ധതി - സർക്കാർ ഉത്തരവുകൾ പാലിയ്ക്കാതെയുള്ള പദ്ധതി നിർവ്വഹണം - ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാതെ ആനുകൂല്യം നൽകി<br>Written By: Deepa.K.Gopal (Asst. Audit Officer, On 22-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-38 |

| | | |
|---|---|---|
| 42 | വിവിധ നിർവ്വഹണ ഏജൻസികളുടെ കൈവശം 19 ലക്ഷം രൂപ മുടങ്ങിക്കിടക്കുന്നു<br>Written By: Unnikrishnan C (Senior Grade Auditor, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-39 |
| 43 | സുഭിക്ഷ കേരളം പദ്ധതി -കരിമീൻ കൃഷി -അപാകതകൾ<br>Written By: A.P.Shibu (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-40 |
| 44 | യുവജന സംഘടനകൾക്ക് സ്പോർട്സ് കിറ്റ് വിതരണം അപാകത സംബന്ധിച്ച്<br>Written By: Sindhya.P (Asst. Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-41 |
| 45 | സ്ഥിരനിക്ഷേപത്തിന്റെ പലിശയിൽ നിന്നും ബാങ്ക് ഇൻകം ടാക്സ് TDS കുറവ് ചെയ്തു<br>Written By: Unnikrishnan C (Senior Grade Auditor, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-42 |
| 46 | കേന്ദ്രീകൃത പൂൾ അക്കൌണ്ടിൽ നിന്നും പലിശ ലഭ്യമാകുന്ന തനത് ബാങ്ക് അക്കൌണ്ടിലേക്ക് നിശ്ചിത തുക വാർഷികമായി മാറ്റി നിക്ഷേപിക്കുന്നത് പരിഗണിക്കേണ്ടതാണ്<br>Written By: Unnikrishnan C (Senior Grade Auditor, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-43 |
| 47 | ഇ.എം.എസ് ഭവനപദ്ധതിക്കായി ആരംഭിച്ച SB അക്കൌണ്ടിൽ 164282 രൂപയുടെ നീക്കിബാക്കി<br>Written By: Unnikrishnan C (Senior Grade Auditor, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-44 |
| 48 | സ്ഥിരനിക്ഷേപം - ഓഡിറ്റ് ശുപാർശകൾ<br>Written By: Unnikrishnan C (Senior Grade Auditor, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-45 |
| 49 | റോഡ് കണക്ടിവിറ്റി ഭൂപടം, റോഡ് കണക്ടിവിറ്റി പദ്ധതി എന്നിവ തയ്യാറാക്കിയിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-46 |
| 50 | ബഡ്സ് സ്കൂൾ കെട്ടിടം - പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-47 |
| 51 | കന്നുകുട്ടി പരിപാലനം - വിനിയോഗവിവരം ലഭ്യമല്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-03-2022) | 1-48 |
| 52 | ബൈബാക്ക് വ്യവസ്ഥ പാലിച്ചില്ല- പഴയ ഫോട്ടോസ്റ്റാറ്റ് മെഷീൻ ഇ-വേസ്റ്റായി സൂക്ഷിച്ചിരിക്കുന്നു<br>Written By: Unnikrishnan C (Senior Grade Auditor, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-49 |
| 53 | എയർ കണ്ടീഷനറുകൾ സ്ഥാപിക്കൽ -മരാമത്ത് പ്രവർത്തിയെന്ന നിലയിൽ നിർവ്വഹിച്ചു<br>Written By: Unnikrishnan C (Senior Grade Auditor, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-50 |
| 54 | പഞ്ചായത്ത് ഓഫീസ് റീ വയറിംഗ്- നിലവിൽ സർവ്വീസബിൾ ആയുള്ള ഉപകരണങ്ങളുടെ കണക്ക് എടുത്തിട്ടില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-51 |
| 55 | സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല<br>Written By: Sindhya.P (Asst. Audit Officer, On 19-11-2021) | 1-52 |

| | | |
|---|---|---|
| | Last Updated By: Rajeev R (Deputy Director, On 14-03-2022) | |
| 56 | ഹരിത കർമ്മസേന - മാതൃകാപരമായ പ്രവർത്തനം<br>Written By: Deepa.K.Gopal (Asst. Audit Officer, On 22-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-53 |
| 57 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 25-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 1-54 |
| 58 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. റ്റി.ഡി.എസ് കുറവ് ചെയ്തില്ല – ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി<br>Written By: Deepa.K.Gopal (Asst. Audit Officer, On 22-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-03-2022) | 1-55 |
| 59 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം<br>Written By: Sindhya.P (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-03-2022) | 1-56 |
| 60 | കോവിഡ് 19 ലഘു അവലോകനം<br>Written By: Unnikrishnan C (Senior Grade Auditor, On 22-12-2021)<br>Last Updated By: Rajeev R (Deputy Director, On 07-03-2022) | 1-57 |
| | ഭാഗം **2** | |
| 1 | തൊഴിൽ നികുതി -അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി ഈടാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 25-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-03-2022) | 2-1 |
| | ഭാഗം **3** | |
| 1 | എയർ കണ്ടീഷനറുകൾ സ്ഥാപിക്കൽ- വികലമായി പ്രോജക്ട് ആവിഷ്ക്കരിച്ചു- കരാറുകാരൻ വ്യാജരേഖയുണ്ടാക്കി - പഞ്ചായത്ത് ഫണ്ടിന് 133426 രൂപ നഷ്ടമായി<br>Written By: Unnikrishnan C (Senior Grade Auditor, On 25-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 3-1 |
| 2 | മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള വാട്ടർ പ്യൂരിഫയർ വാങ്ങൽ പ്രോജക്ട്- നേരിട്ട് കേന്ദ്രീയ ഭണ്ഡാറിൽ നിന്നും വാങ്ങി- ഗ്രാമപഞ്ചായത്തിന് 37550 രൂപയുടെ നഷ്ടം<br>Written By: Unnikrishnan C (Senior Grade Auditor, On 25-11-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 3-2 |
| 3 | ഗ്രമപഞ്ചായത്ത് ഓഫീസിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ-34680 രൂപയുടെ നഷ്ടം<br>Written By: Unnikrishnan C (Senior Grade Auditor, On 25-11-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 3-3 |
| 4 | ഇൻവെർട്ടർ വാങ്ങൽ-സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചില്ല 44362/-രൂപയുടെ അധികച്ചെലവ്<br>Written By: Unnikrishnan C (Senior Grade Auditor, On 25-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 3-4 |
| 5 | പട്ടികജാതി കുടുംബങ്ങൾക്ക് ജീവനോപാധി - തയ്യൽ മെഷീൻ -ദുരന്തനിവാരണം - പ്രത്യേകപദ്ധതി - സർക്കാർ ഉത്തരവുകൾ പാലിയ്ക്കാതെയുള്ള പദ്ധതി നർവ്വഹണം - ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാതെ ആനുകൂല്യം നൽകി<br>Written By: Unnikrishnan C (Senior Grade Auditor, On 25-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 3-5 |

| | | |
|---|---|---|
| 6 | പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ. നിലവാരത്തിലെത്തിക്കൽ, S0105/20 - അപാകതകൾ<br>Written By: Sajitha Das (Audit Officer (HG), On 25-11-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 3-6 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 4-1 |
| 2 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 4-2 |
| 3 | മൊബിലൈസഷൻ അഡ്വാൻസായി നൽകിയ തുകയുടെ വിവരം<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 23-11-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 4-8 |
| 9 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Unnikrishnan C (Senior Grade Auditor, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 ലെ ബജറ്റ് 07.03.20 ലെ I-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളതുമായ വരവ് -ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 467913644 | 457323000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പ്രകാരം) | 224270905 | 223599059 |

ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളതുമായ വരവ്-ചെലവുകളും തമ്മിൽ ഭീമമായ അന്തരമാണുള്ളത്. റവന്യൂ ഗ്രാന്റിനത്തിലെ തുകകൾ വളരെയധികം കൂട്ടികാണിക്കുന്നത് കാരണമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ്, ഉപവകുപ്പ് (1) അനുസരിച്ച് ഈ നിയമത്തിലെ 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും, അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്കുണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന് മുൻപായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും, അതതുവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും, അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിനായി 23.12.19 ൽ ബജറ്റ് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് ഘടകസ്ഥാപനങ്ങൾക്കും സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാർക്കും കത്ത് നൽകിയിരുന്നു. ജി.എൽ.പി.എസ്, മംഗലം, എ.പി.എൽ.പി.എസ് നല്ലാണിക്കൽ, ആയുർവേദ മെഡിക്കൽ ഓഫീസർ, ഹോമിയോ മെഡിക്കൽ ഓഫീസർ എന്നിവർ മാത്രമാണ് നിർദ്ദേശങ്ങള് നൽകിയിട്ടുള്ളത്. മററ് ഘടക സ്ഥാപനങ്ങളോ സ്റ്റാന്റിംഗ് കമ്മററികളോ ഇപ്രകാരം ബഡ്ജറ്റ് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിലൊന്നും തന്നെ ഇപ്രകാരം നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല. പുതിയ ധനാഗമന സ്രോതസുകളൊന്നും തന്നെ കണ്ടെത്തി ബജറ്റില് ഉൾപ്പെടുത്തിയിട്ടില്ല. ബജറ്റ് മാനവൽ പ്രകാരം തയ്യാറാക്കേണ്ടുന്ന പെർഫോമൻസ് ബജറ്റ്, ജന്റർ ബജറ്റ് എന്നിവ നടത്തിയിട്ടില്ല. പട്ടികവർഗ്ഗത്തിന് ബജറ്റിൽ തുക വകയിരുത്തുകയും ഫണ്ട് ലഭ്യമാകുകയും ചെയ്യുന്നുണ്ടെങ്കിലും ചെലവഴിക്കപ്പെടുന്നില്ല. 2011ലെ സെൻസസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നതെങ്കിലും നിലവിൽ പട്ടിക വർഗ്ഗ കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിലില്ല.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം ടൂറിസത്തിന് വളരെയധികം പ്രാധാന്യമുള്ള മേഖലയാണ്. ബീച്ച്, ലൈറ്റ് ഹൗസ്, പുലിമുട്ട് തുടങ്ങി ടൂറിസത്തിന് ധാരാളം സാധ്യത കളുണ്ടെങ്കിലും അതൊന്നും പഞ്ചായത്ത് പ്രയോജനപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് കമ്മറ്റിയിലോ, സ്റ്റാന്റിംഗ് കമ്മറ്റികളിലോ ഇപ്രകാരം നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല.

## 1-2 വാർഷിക ധനകര്യപത്രിക

വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ

| വർഷം | ഓഡിറ്റിന് അയച്ച തീയതി E-സബ്മിറ്റ് ചെയ്ത തീയതി | കമ്മിറ്റി തീരുമാനം നമ്പർ-തീയതി |
|---|---|---|
| 2020-21 | 12/05/2021 | 2 - 12/05/2021 |

1)വസ്തുനികുതി കുടിശ്ശികയിൽ ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യത്യാസപ്പെടുന്നതായി കാണുന്നു

2)തൊഴിൽ നികുതി (ട്രേഡേഴ്സ്/സ്ഥാപനം) കുടിശ്ശികയുണ്ടെങ്കിലും തുക വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല

3)അഡ്വാൻസുകൾ ചെലവായി ബുക്കുചെയ്തതിനാൽ വിനിയോഗം നിരീക്ഷിക്കാനാവില്ല

4)കാലഹരണപ്പെട്ട ചെക്ക് ലയബിലിറ്റി ശീർഷകത്തിലേക്ക് മാറ്റിയില്ല

5) വാട്ടർ അതോറിറ്റിക്ക് 26-03-1999 ൽ ഡെപ്പോസിറ്റ് പ്രവർത്തിക്കായി നൽകിയ 165850 രൂപ പ്രവർത്തിനടത്താത്ത സാഹചര്യത്തിൽ തിരികെ ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ തുക വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. ഈ തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| 2020-21 | |
|---|---|
| മുന്നിരിപ്പ് | 16833002.89 |
| വരവ് | 104668076 |
| ആകെ | 121501078.89 |
| ചെലവ് | 102792327 |
| നീക്കിയിരിപ്പ് | 18708751.89 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ക്രമ നം | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP-7 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 26362667 | 2601333 | 24400135 | 27001468 | 1962532 |
| 2 | വികസനഫണ്ട്-എസ്.സി.പി | 3437000 | 0 | 2280200 | 2280200 | 1156800 |
| 3 | വികസനഫണ്ട്-ടി.എസ്.പി | 83000 | 0 | 0 | 0 | 83000 |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 11567000 | 0 | 11567000 | 11567000 | 0 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | 7219236 | 0 | 7217632 | 7217632 | 1604 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ്- Untied | 17408850 | 0 | 10358984 | 10358984 | 7049866 |
| 7 | ധനകാര്യകമ്മീഷൻ ഗ്രാന്റ് Tied | 9210000 | 0 | 3610565 | 3610565 | 5599435 |

ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ

| ക്രമ നം. | ഇനം | തുക | ഫണ്ടിനം |
|---|---|---|---|
| 1 | അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം | 1752000 | വികസനഫണ്ട് പൊതുവിഭാഗം |

| | | | |
|---|---|---|---|
| 2 | കെ.യു.ആർ.ഡി.എഫ്.സി ലോൺ റീ പേമെന്റ് | 849333 | വികസനഫണ്ട് പൊതുവിഭാഗം |
| | | | |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2020-21 | 213 | 63543000 | 136 | 62035849 | 17 | 60 | 71.83% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 800636 | 1760238 | 2560874 | 2560374 | 500 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | | | | |
| മെറ്റീരിയൽസ് | 0 | 30961000 | 30961000 | 30961000 | 0 |
| വേതനം | 0 | 103296000 | 103296000 | 103296000 | 0 |
| നൂറ് ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്തവർക്കുള്ള ഫെസ്റ്റിവൽ അലവൻസ് | 0 | 73000 | 73000 | 73000 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 95640 | 79 |
| കർഷകതൊഴിലാളി പെൻഷൻ | 7020000 | 2634 |
| വിധവാപെൻഷൻ | 11472600 | 4185 |
| വാർദ്ധക്യകാലപെൻഷൻ | 23625300 | 8529 |
| വികലാംഗപെൻഷൻ | 3624700 | 1302 |
| അവിവാഹിതപെൻഷൻ | 688200 | 255 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.11.2021, 3pm-ന് നടത്തുകയുണ്ടായി. പരിശോധനയിൽ 7159/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.
2.നിലവിലുള്ള ടെണ്ടർ നടപടിക്രമങ്ങളൊന്നും പഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല. ആയതിനാൽ പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ചോദ്യം ചെയ്യപ്പെടുന്നു.(ഖ. 3-1,3-2,3-3)
3.പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി പ്രഹസനം മാത്രമാവുന്നു. പ്രൊക്യൂർമെന്റ് കമ്മറ്റി മിനിറ്റ്സ് ബുക്ക് ക്ലോസ് ചെയ്യുന്നില്ല,
4. 12.11.2020 മുതൽ 20.12.2020 വരെയുള്ള കാലയളവിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയാണ് നിലവിലുള്ളത്. മിനിറ്റിസ് ബുക്കിൽ തീരുമാനങ്ങൾ രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.
5.ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സിൽ മുൻ മാസത്തെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നുണ്ട്. എന്നാൽ പ്രതിമാസ അവലോകനം, വാർഷിക അവലോകനം എന്നിവ നടത്തുന്നില്ല. 14.12.20 മുതൽ 21.12.20 വരെയുള്ള വരവ് ചെലവ് കണക്കുകൾ സ്റ്റാന്റിംഗ് കമ്മറ്റി/അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയിൽ അംഗീകരിച്ചിട്ടില്ല.

6.നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

7. പല സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് ബുക്കുകൾ പോലും അപൂർണ്ണവും സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതുമാണ്.

ഉദാ: വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 24.10.18 മുതൽ 11.04.19വരെ, 1/20 മുതൽ 8.5.20 വരെയുള്ള മിനിറ്റ്സ് ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 20.09.19, 23.12.19, 27.01.20, 05.02.20, 09.02.21, 20.4.21 തീയതികളിലെ മിനിറ്റ്സ് ബുക്കുകൾ ഇതേ വരെയും ക്ലോസ് ചെയ്തിട്ടില്ല.

8. തനത് വരുമാന ഇനങ്ങളുമായി ബന്ധപ്പെട്ട ലേല രജിസ്റ്റർ, ലൈസൻസ്, തൊഴിൽ നികുതി തുടങ്ങിയ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം ഡി.സി.ബി തയ്യാറാക്കുകയും സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

9. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

10. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്റ്റുകൾക്ക് രൂപം നൽകേണ്ടത്. ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗൗരവകരമായ സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

11. റോഡ് രജിസ്റ്ററും, റോഡ് കണക്റ്റിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

12. പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.
13. ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
14. 2000 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ പ്രകാരം പൊതുതിരഞ്ഞെടുപ്പ് കഴിഞ്ഞ് ഭരണസമിതി രൂപീകരിക്കപ്പെട്ടതിനു ശേഷം കഴിയുന്നതും നേരത്തെ എന്നാൽ ആറുമാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ യോഗം ചേർന്ന് പൗരാവകാശ രേഖ പുതുക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പദ്ധതി ആസൂത്രണത്തിലും മോണിറ്ററിങ്ങിലും ഏറ്റവും പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കേണ്ട ഒന്നാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 13-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം, പ്രവർത്തനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ 29.01.2018 ലെ സ.ഉ.(കൈ) 11/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ

പ്രതിപാദിച്ചിട്ടുണ്ട്. ദുരന്ത നിവാരണം ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ നിലവിൽ 14 വർക്കിങ്ങ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പുസ്തകങ്ങളുടെ പരിശോധനയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു. വാർഷികപദ്ധതി രൂപീകരണ ഗ്രാമസഭാ യോഗങ്ങളുടെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മിനിറ്റ്സുകൾ അപൂർണ്ണമാണ്. പലതിലും ഹാജർ മാത്രം. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ 24.03.18 ന ശേഷം 01.02.2021ലാണ് തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. 03.11.18, 12.12.2018, 28.01.2020, 27.02.2020 തീയതികളിൽ വർക്കിംഗ് ഗ്രൂപ്പ് കൂടിയിട്ടുണ്ടെങ്കിലും ഹാജർ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. തീരുമാനം രേഖപ്പെടുത്തി മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല.

വാർഷിക പദ്ധതി അംഗീകാരം ലഭിച്ചശേഷമുള്ള പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ, പ്രോജക്ടിന്റെ മോണിറ്ററിങ്ങ് സമിതിയായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതും ആയതിന്റെ റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്യുക എന്ന പ്രധാന ഉത്തരവാദിത്വവും വർക്കിംഗ് ഗ്രൂപ്പുകൾക്കാണുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളൊന്നും തന്നെ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ അവകാശങ്ങളും ചുമതലകളും ഉൾക്കൊണ്ട് പ്രവർത്തനം നടത്തേണ്ടതാണ്.

## 1-11 അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി മിനിറ്റ്സ് - ഇതേ വരെ ക്ലോസ് ചെയ്തിട്ടില്ല

സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി 11.11.2020 ൽ അവസാനിക്കുന്ന സാഹചര്യത്തിൽ ഇലക്ഷൻ കഴിഞ്ഞ് പുതിയ ഭരണസമിതി വരും വരെ ചുമതലകൾ നിർവഹിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയെ രൂപീകരിക്കുവാൻ (സ.ഉ (അച്ചടി)നം. 66,67/ത.സ്വ.ഭ.വ /09.11.2020) നിർദ്ദേശിച്ചിട്ടുള്ളതാണ്. 12.11.20 ലെ സ.ഉ (കൈ)നം.ത.സ്വ.ഭ.വ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 12.11.20, 30.11.20, 14.12.20 തീയതികളിൽ കമ്മറ്റി കൂടിയിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ പൂർത്തീകരിച്ച് മിനിറ്റ്സ് ക്ലോസ് ചെയ്തിട്ടില്ല.

2. എല്ലാ വരവ് ചെലവുകളും അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ വരവ്-ചെലവുകളുടെ വിശദാംശങ്ങൾ കമ്മറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

3. ഈ കാലയളവിൽ ദിവസ വേതനത്തിന് പി.റ്റി.എസ് നെ നിയമിച്ചിരുന്നു. നയപരമായ തീരുമാനമാണ് ഇതെന്നിരിക്കെ വകുപ്പിൽ നിന്നോ സർക്കാരിൽ നിന്നോ എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

4. പല തീരുമാനങ്ങളും അപൂർണ്ണമാണ്. “ജീപ്പ് കിലോമീറ്ററിന് രൂപ നിരക്കിൽ തുക നൽകുന്നതിന് തീരുമാനിച്ചു". രൂപ എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

5. 14.12.20 മുതൽ 21.12.20 വരെയുള്ള കാലയളവിലെ വരവ് ചെലവുകൾ ഒര് കമ്മറ്റിയിലും അംഗീകരിച്ചിട്ടില്ല എന്ന് കാണുന്നു.

അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി യോഗത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കേണ്ടതും ആയത് അപ്പോൾ തന്നെ മിനിറ്റ്സിൽ രേഖപ്പെടുത്തി ഒപ്പ് വെക്കേണ്ടതുമാണെന്ന നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/20-21) മറുപടി ഹാജരാക്കിയില്ല.

## 1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. പുതിയ നിർമ്മാണങ്ങൾ, നിലവിലുള്ള ആസ്തികളിൽ പിന്നീട് വരുത്തുന്ന മെയിന്റനൻസുകൾ എന്നിവയൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്ററിൽ, സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്നില്ല. 2017-18 ന ശേഷം സചിത്രയിൽ അപ്ഡേഷൻ നടന്നിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ സുനാമി സ്പെഷ്യൽ പാക്കേജുകളായി ലഭിച്ച പുനർജനി കെട്ടിടം, മത്സ്യലേല ഹാൾ, വൃദ്ധ സദനം, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ, എം.സി.എഫ് തുടങ്ങിയവയുണ്ട്. എന്നാൽ ഇവയൊന്നും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടാതെ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, തൊഴിലുറപ്പ് പദ്ധതി, എം.എൽ.എ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് ധാരാളം നിർമ്മാണപ്രവൃത്തികൾ ഈ മേഖലയിൽ നടത്തുന്നുണ്ടെങ്കിലും അതൊന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല. ഭൂരിഭാഗം തനത് ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നത് വളരെ ഗൗരവകരമായി വീക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമികൾ ഉൾപ്പെടെയുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 രസീതുകൾ അലക്ഷ്യമായി കൈകകാര്യം ചെയ്യുന്ന

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ 2019-2020, 2020-21 വർഷങ്ങളിലെ മാനവൽ രസീതുകളും അവയുടെ ഒടുക്കും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) രസീത് ബുക്ക് നം.56487 പരിശോധിച്ചതിൽ നിന്നും 31/03/2020 ൽ രസീത് നം 47,48,49,50,51,52 എന്നിവയിൽ തുക അടയ്ക്കാൻ പറ്റാത്തതിനാൽ ക്യാൻസൽ ചെയ്തതായി രസീതുകളിൽ രേഖപ്പെടുത്തിയതായി കാണുന്നു. മാത്രമല്ല ഈ രേഖപ്പെടുത്തലുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ മേൽ രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് രസീതുകൾ കീറി മാറ്റിയ ശേഷം ഒട്ടിച്ച് ചേർത്തതായി കാണുന്നു.

2) ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും പല ദിവസങ്ങളിലും രസീത് പ്രകാരമുള്ള കളക്ഷൻ വിശദാംശങ്ങൾ രജിസ്റ്ററിൽ പോസ്റ്റ് ചെയ്യുന്നതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം. | രസീത് ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|---|
| 1 | 26872 | 65 മുതൽ 78 വരെ |
| 2 | 26866 | 33 മുതൽ 50 വരെ |

3) ഔട്ട് ഡോർകളക്ഷൻ രജിസ്റ്ററിൽ പല ദിവസവും രസീതുകളുടെ കളക്ഷൻ പഞ്ചായത്തിൽ അടച്ചതിന്റെ സാംഖ്യ രസീതുകൾ രജിസ്റ്ററിൽ പോസ്റ്റ് ചെയ്തതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ,

| ക്രമ നം. | രസീത് ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|---|
| 1 | 52115 | 76 മുതൽ 83 വരെ |
| 2 | 52115 | 84 മുതൽ 99 വരെ |

4) രസീതുബുക്ക് നം.56492 പരിശോധിച്ചപ്പോൾ 10/08/20 ൽ രസീത് നം 1 മുതൽ 7 വരെയും, രസീത് നം 21,27 എന്നിവയുടെയും ഡ്യൂപ്ലിക്കേറ്റ് നൽകാതെ രസീതുബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/09-11-21 ന് നൽകിയ മറുപടിയിൽ വർഷാവസാന ദിവസത്തെ തിരക്ക് കാരണം അന്നേ ദിവസം സെക്രട്ടറിയെ കാണിച്ച് ഒപ്പ് വെയ്ക്കുന്നതിനോ ക്യാൻസൽ ചെയ്യുന്നതിനോ കഴിഞ്ഞിരുന്നില്ല എന്നും പിന്നീട് അത് ചെയ്യാൻ കഴിഞ്ഞിരുന്നില്ല എന്നും രസീതുകളുടെ അസൽ രസീതുബുക്കിൽ സൂക്ഷിച്ചിട്ടുള്ളതിനാലും സംഭവിച്ച് പോയ വീഴ്ച മാപ്പാക്കണമെന്നും അറിയിച്ചിട്ടുണ്ട്. കളക്ഷൻ രജിസ്റ്റർ എഴുതി പുന:സമർപ്പിയ്ക്കാമെന്നും, രസീതുകളുടെ കളക്ഷൻ തുകകൾ ഫ്രണ്ടാഫീസിൽ ഒടുക്ക് വരുത്തിയിട്ടുള്ളതാണെന്നും മേലിൽ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ വീഴ്ച വരുത്തുന്നതല്ലെന്നും ഇത്തരം പിഴവുകൾ ഉണ്ടാകാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രസീതു ബുക്കുകൾ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ-1 ലെ വ്യവസ്ഥകൾ പ്രകാരം കൈകാര്യം ചെയ്യാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-14 വസ്തുനികുതി - സഞ്ചയയിൽ ബേസ് ഡേറ്റായായി ഉൾപ്പെടുത്തിയ 678 കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചില്ല

വാർഷിക വാടകമൂല്യം അടിസ്ഥാനമാക്കി മുൻപ് നികുതി നിർണ്ണയം നടത്തിയ 678 കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കാനായിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള കെട്ടിടങ്ങളുടെ 6.6 ശതമാനം കെട്ടിടങ്ങൾ നികുതി പരിഷ്കരിക്കാതെയും നികുതി ഈടാക്കാനാവാതെയും തുടരുന്നുവെന്നത് പഞ്ചായത്ത് സമിതിയുടെ സവിശേഷ ശ്രദ്ധ അർഹിക്കുന്ന വിഷയമാണ്. സഞ്ചയ സോഫ്റ്റ് വേറിൽ 18 വാർഡുകളിലായി ഇത്രയധികം കെട്ടിടങ്ങൾ തുടരുന്നതിന് കാരണം ഇരട്ടിപ്പോ ഡിമോളിഷൻ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യപ്പെടാത്തതോ അല്ലായെന്ന് സെക്രട്ടറി, ജനപ്രതിനിധികൾ എന്നിവർ അറിയിച്ചു. ഡേറ്റാ എൻട്രി നടത്തിയ കെട്ടിടങ്ങളുടെ വിവരം പരിശോധിച്ച് അംഗീകരിക്കുന്നതിനുള്ള രജിസ്റ്ററുകളുടെ അഭാവമാണിതിന് കാരണം. പല ബേസ് ഡേറ്റയും ഇപ്പോൾ CRZ പരിധിയിലാകയാൽ അംഗീകരിക്കുന്നതിന് നിലവിലെ സെക്രട്ടറിമാർ ആരും തന്നെ തയ്യാറാകുന്നില്ല. പൊതു ജനങ്ങളും ജീവനക്കാരും തമ്മിൽ നിരന്തരമായ വാക്കേറ്റത്തിൽ കലാശിക്കാറുള്ള മേൽ വിഷയത്തിന് ഓഫീസ് തലത്തിൽ പരിഹാരമാർഗ്ഗങ്ങളില്ലാത്തതാണ്.

ഈ വിഷയത്തിൽ സർക്കാരിന്റെ നിർദ്ദേശാനുസരണം സ്ഥലപരിശോധന, കാലപ്പഴക്കം എന്നിവ നിർണ്ണയിച്ച് കെട്ടിടങ്ങളെ സഞ്ചയ ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തുക വഴി പൊതുജനം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിക്കുകയും ചെയ്യും. തുടർ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-15 വസ്തുനികുതി-287 കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തി നികുതി ചുമത്തിയിട്ടില്ല

01/04/2017 മുതൽ വസ്തുനികുതി പരിഷ്കരിക്കണമെന്ന മാർഗ്ഗരേഖയെ തുടർന്ന് 2008 ൽ നിരവധി കെട്ടിടങ്ങൾക്ക് പഞ്ചായത്ത് നമ്പർ നൽകി നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ നികുതി പരിഷ്കരണ നടപടികൾ നിർത്തി വച്ചത് കാരണം ഈ നികുതി നിർണ്ണയ രജിസ്റ്ററിന് യാതൊരു നിയമസാധുതയുമില്ലാത്തതാണ്. എന്നാൽ ഈ രജിസ്റ്ററിലെ പല കെട്ടിടങ്ങളുടെയും ഉടമസ്ഥാവകാശം വരെ മാറ്റി നൽകിയതായി രേഖയുണ്ട്. നിലവിലെ സാഹചര്യത്തിൽ ഉടമയുടെ അപേക്ഷ പ്രകാരം ചില കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി ചുമത്തുന്നുണ്ട്. എന്നാൽ 15 വാർഡുകളിലായി സ്ഥിതിചെയ്യുന്ന 287 കെട്ടിടങ്ങൾ സഞ്ചയ ഡേറ്റാ ബേസിലേക്ക് ഉൾപ്പെടുത്താനാവാത്തവിധം തീരദേശ നിയന്ത്രണ നിബന്ധനകളുടെ ലംഘനമുള്ളവയാണെന്ന് സെക്രട്ടറി അറിയിച്ചു. ഇപ്രകാരം നിലവിൽ സഞ്ചയയിൽ ഉൾപ്പെടുത്താനാവാത്ത കെട്ടിടങ്ങൾ നിലവിലുള്ള കെട്ടിടങ്ങളുടെ എണ്ണത്തിന്റെ 2.8 ശതമാനത്തോളം വരുന്നുവെന്നത് ആശങ്കയുളവാക്കുന്ന വിഷയമാണ്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

## 1-16 പെർമിറ്റ് നേടിയ മൊബൈൽ ടവറുകളെല്ലാം വസ്തുനികുതി ചുമത്തപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കാനാകുന്നില്ല

സഞ്ചയ ഡേറ്റാ ബേസ് പ്രകാരം 2 മൊബൈൽ ടവറുകൾ മാത്രമാണ് പഞ്ചായത്ത് പരിധിയിലുള്ളത്. സ്പെഷ്യൽ ഡ്രൈവ് നടത്തി എല്ലാ മൊബൈൽ ടവറുകളും നികുതി പരിധിയിലാണെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികളൊന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.
മൊബൈൽ ടവറുകൾക്ക് നൽകിയ നിർമ്മാണ പെർമിറ്റിന്റെയും സഞ്ചയയിൽ ഉൾപ്പെട്ടിട്ടുള്ള മൊബൈൽ ടവറിന്റെയും എണ്ണം ചുവടെ ചേർക്കുന്നു

| കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിനെ സമീപിച്ച മൊബൈൽ ടവർ നിർമ്മാതാക്കൾ | സഞ്ചയ ഡേറ്റാബേസ് പ്രകാരം നികുതി നിർണ്ണയിച്ച മൊബൈൽ ടവറുകൾ | നികുതി നിർണ്ണയത്തിന്റെ ശതമാനം |
|---|---|---|
| 6 | 2 | 33.33 |

നാലു ടവറുകളെ വസ്തുനികുതി ചുമത്തുന്നില്ലായെന്ന് കാണുന്നു.
കെട്ടിട നിർമ്മാണ പെർമിറ്റ് എടുത്ത ടവറുകളെയെല്ലാം തന്നെ വസ്തുനികുതി നികുതി ചുമത്തുന്നുണ്ടോയെന്ന് പരിശോധിച്ചുറപ്പാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി -അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി ഈടാക്കിയില്ല

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അവരുടെ അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ | അർദ്ധ | തസ്തിക | ആകെ | ചുമത്തേണ്ട | ചുമത്തിയ | കുറവ് |
|---|---|---|---|---|---|---|---|

| | /ജീവനക്കാരിയുടെ പേര് | വർഷം | | അർദ്ധവാർഷിക വരുമാനം | തൊഴിൽ നികുതി | തൊഴിൽ നികുതി | |
|---|---|---|---|---|---|---|---|
| പ്രഥമികാരോഗ്യ കേന്ദ്രം | ജെസ്സി.ജെ | I | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 126400 | 1250 | 750 | 500 |
| പ്രാഥമികാരോഗ്യ കേന്ദ്രം | മുഹമ്മദ് ഇക്ബാൽ | I | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 126400 | 1250 | 1000 | 250 |
| ഗവ.ആയുർവേദ ഡിസ്പെൻസറി | നാസർ.എ | I | ഫാർമസി അറ്റൻഡർ | 133200 | 1250 | 1000 | 250 |
| എം.യു.പി.എസ്-ആറാട്ടുപുഴ | സജീർ.എം | II | പി.റ്റി.അറബി ടീച്ചർ | 140400 | 1250 | 1000 | 250 |
| പ്രാഥമികാരോഗ്യ കേന്ദ്രം | സ്മിത.എസ് | II | ഓഫീസ് അറ്റൻഡന്റ് | 128400 | 1250 | 1000 | 250 |
| | | | | | | | 1500 |

കുറവ് വന്ന തൊഴിൽ നികുതി 1500/- രൂപ ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-18 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ചുമത്തിയില്ല

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖാമൂലം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/20-21 തീയതി, 09.11.21) മറുപടി ലഭ്യമാക്കിയില്ല.

| | |
|---|---|
| പാഞ്ചജന്യം ആയുർവേദാശുപത്രി മണിവേലിക്കടവ് | I & II |
| പോസ്റ്റ് ഓഫീസ്, പട്ടോളിമാർക്കറ്റ് | II |
| എം.ജി.എൻ.ആർ.ഇ.ജി.എസ് -ആറാട്ടുപുഴ | II |
| പെരുമ്പള്ളി. എസ്.സി.ബി | II |
| മഠത്തിൽ മെഡിക്കൽ സെന്റർ, കണ്ടല്ലൂർ | II |
| പോസ്റ്റ് ഓഫീസ് , വലിയഴീക്കൽ | II |
| ഗവ.എച്ച്.എസ്, വലിയഴീക്കൽ | II |
| കുടുംബശ്രീ -സി.ഡി.എസ് | II |
| എസ്.എസ്.വി.എം. റസിഡൻഷ്യൽ സ്കൂൾ | II |
| ബി.എസ്.എൻ.എൽ | I & II |
| മാവേലി സ്റ്റോർ, ആറാട്ടുപുഴ | II |

നികുതി ഈടാക്കി രസീത് നമ്പർ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ഡേറ്റാ ബേസിൽ ഉൾപ്പെടുന്നതും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യാത്തതുമായ സ്ഥാപനങ്ങളുടെ സ്ഥിതിവിവരക്കണക്ക് ചുവടെ ചേർക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട്, പദ്ധതി രേഖ എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണമാണ് ഇവിടെ ചേർത്തിരിക്കുന്നത്.

| സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|
| റേഷൻ കടകൾ | 23 |
| കയർ വ്യവസായ സഹകരണ സംഘങ്ങൾ | 32 |
| മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ | 6 |
| സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ | 3 |
| നീതി സ്റ്റോറുകൾ | 1 |
| സപ്ലൈകോ-സൂപ്പർ മാർക്കറ്റുകൾ | 1 |
| സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ | 18 |
| ഡ്രൈവിംഗ് സ്കൂളുകൾ | 2 |
| ട്രാവൽ ഏജൻസികൾ | 1 |
| സ്വകാര്യബസ് മിനി ബസ് ലോറി, എസ്കവേറ്റർ ഉടമകൾ | 8 |
| ലോഡ്ജുകൾ | 2 |
| ഓഡിറ്റോറിയങ്ങൾ | 3 |
| റിസോർട്ടുകൾ | 2 |
| സ്വകാര്യ അൺ-എയിഡഡ് സ്കൂളുകൾ | 3 |
| ക്ഷീര സംഘങ്ങൾ | 3 |

108 സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടുന്നില്ല. തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്യുന്നതിനും ആരും തന്നെ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ലായെന്നും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-20 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 20-21 വർഷം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല. ഈ സ്ഥാപനങ്ങളെല്ലാം തന്നെ 2018-19 ലെ ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിരുന്നു. സ്ഥാപനങ്ങളെയും സ്ഥാപനങ്ങളിലെ ജീവനക്കാരെയും തൊഴിൽ നികുതി ചുമത്താതിരുന്നതിന് കാരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ആർ.വി ഹോസ്പിറ്റൽ |
| 2 | SCB ആറാട്ടുപുഴ A195 |
| 3 | മത്സ്യതൊഴിലാളി സഹകരണ സംഘം, തറയിൽകടവ് |
| 4 | നല്ലാണിക്കൽ എസ്സ്.സി.ബി നം-2600 |
| 5 | കണ്ടപ്പുറം ക്ഷീരോത്പാദക സഹകരണ സംഘം |
| 6 | ആറാട്ടുപുഴ ക്ഷീരോത്പാദന സഹകരണ സംഘം |

തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-21 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അവയുടെ പേരിനൊപ്പം ചേർത്തിരിക്കുന്ന അർദ്ധ വർഷങ്ങളിൽ സ്ഥാപനങ്ങളുടെ/ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖാമൂലം മറുപടി ലഭ്യമാക്കണമെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 5/20-21 തീയതി, 09.11.21) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| | |
|---|---|
| മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് | I &II |
| മാവേലി സ്റ്റോർ, തറയിൽകടവ് | I &II |
| കെ.എസ്.ഇ.ബി ലിമിറ്റഡ് ,ആറാട്ടുപുഴ | I &II |
| ധാത്രി ആയുർവേദകേന്ദ്രം ആറാട്ടുപുഴ | I &II |
| എസ്.സി.ബി പെരുമ്പള്ളി -1746 | I &II |
| ബി.എസ്.എൻ.എൽ | I &II |
| മാവേലി സ്റ്റോർ, ആറാട്ടുപുഴ | I&II |

തൊഴിൽ നികുതി ഈടാക്കി രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 ലൈസൻസില്ലാതെ ധാതുമണൽ ഖനനം-ഗവ.തീരുമാനം ലഭ്യമായില്ല

ആറാട്ടുപുഴ വലിയഴീക്കൽ ഗ്രാമപഞ്ചായത്തിലെ അഴീക്കൽ പൊഴിയിൽ നിന്നും ഡ്രഡ്ജ് ചെയ്യുന്ന മണ്ണ് സ്പൈറൽ യൂണിറ്റ് സ്ഥാപിച്ച് ധാതുമണൽ വേർതിരിച്ച കൊണ്ടുപോകുന്നതിനുള്ള അനുമതി ലഭിയ്ക്കുന്നതിന് ചവറ ഐ.ആർ.ഇ ചീഫ് ജനറൽ മാനേജർ സമർപ്പിച്ച അപേക്ഷ 24/06/20 ന് കൂടിയ പഞ്ചായത്ത് ഭരണസമിതി (തീരുമാനം നം 1) ചർച്ച ചെയ്തിട്ടുള്ളതും. തുടർന്ന് ടി യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവെയ്ക്കുന്നതിന് നോട്ടീസ് നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ടി യൂണിറ്റിന്റെ പ്രവർത്തനവും ലൈസൻസും, ടി വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം.3/08-11-21 ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ സ്പൈറൽ യൂണിറ്റിനുള്ള അനുമതി നിഷേധിച്ച് കൊണ്ടും ആയത് അനധികൃതമായി പ്രവർത്തിയ്ക്കരുതെന്നും കാണിച്ച് കത്ത് നൽകിയിരുന്നതാണെന്നും എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29/12/2020 ലെ കത്ത് പ്രകാരം സർക്കാർ തീരുമാനമെടുക്കുന്നത് വരെ പഞ്ചായത്ത് കമ്മിറ്റി തുടർനടപടികൾ നിർത്തിവെയ്ക്കുന്നതിനും, വ്യക്തവും വിശദവുമായ റിപ്പോർട്ട് അടിയന്തിരമായി നൽകുന്നതെന്നും സർക്കാർ ആവശ്യപ്പെട്ടതായും അറിയിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധനയ്ക്കായി ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിൽ ഗവ.തീരുമാനപ്രകാരം സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ട്രേഡേഴ്സ് ലൈസൻസ് ഫീസ് - എല്ലാ കച്ചവടസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും 18 വാർഡുകളിലുമായി ആകെ 179 സ്ഥാപനങ്ങൾ മാത്രമേ ട്രേഡേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ളു, ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 ൽ 102 സ്ഥാപനങ്ങളും 2020-21 ൽ 85 സ്ഥാപനങ്ങളും മാത്രമേ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസെടുത്തതായി കാണുന്നുള്ളു, 2020-21 ൽ മാത്രം 90 ഓളം സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. സഞ്ചയ പ്രകാരം 678 ഓളം അൺ ഓതറൈസ്ഡ് ബിൽഡിംഗുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഇതിൽ തന്നെ ധാരാളം വ്യവസായ സ്ഥാപനങ്ങളുണ്ട്. പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന ചെമ്മീൻ ഹാച്ചറികളും, ഫിഷ് ഫാമുകളും, കെട്ടിട നിർമ്മാണ സാമഗ്രികൾ സംഭരിച്ച് വില്പന നടത്തുന്ന സ്ഥാപനങ്ങൾ, സോളിഡ് ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾ തുടങ്ങി പല സ്ഥാപനങ്ങളും ലൈസൻസ് എടുത്തതായി കാണുന്നില്ല, ട്രേഡേഴ്സിന്റെ ലൈസൻസിനത്തിലെ വരുമാനത്തിലും തൊഴിൽ നികുതി ഇനത്തിലും ഇത് മൂലം വലിയ നഷ്ടമാണ് സംഭവിയ്ക്കുന്നത്.

| സാമ്പത്തിക വർഷം | തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ എണ്ണം | പരമാവധി തൊഴിൽ നികുതി ഒടുക്കിയ ട്രേഡേഴ്സിന്റെ എണ്ണം | ഈടാക്കിയ തൊഴിൽ നികുതി (തുക) വാർഷികകണക്കുകൾ പ്രകാരം |
|---|---|---|---|
| 2019-20 | 102 | 7 | 116810 |

| | | | |
|---|---|---|---|
| 2020-21 | 108 | 6 | 96460 |

ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമാക്കേണ്ടതും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. വാർഡ് മെമ്പർമാരുടെ സേവനം കൂടി പ്രയോജനപ്പെടുത്താവുന്നതാണ്.

## 1-24 കോൾഡ് സ്റ്റോറേജ്, മത്സ്യമാർക്കറ്റ് -നിർമ്മാണം പൂർത്തീകരിച്ച് 8 വർഷം കഴിഞ്ഞിട്ടും ലേലം ചെയ്തിട്ടില്ല

ആറാട്ടുപുഴ വലിയഴീക്കൽ ഗ്രാമപഞ്ചായത്തിൽ സുനാമി സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽപ്പെടുത്തി 2,56,833/-രൂപ ചെലവഴിച്ച് നിർമ്മിച്ച കോൾഡ് സ്റ്റോറേജും, 9,81,415/- രൂപ ചെലവഴിച്ച് നിർമ്മിച്ച മത്സ്യമാർക്കറ്റ് കെട്ടിടം എന്നിവ ലേലം ചെയ്തതായി കാണുന്നില്ല. 2007 ൽ സർക്കാർ അനുവദിച്ച സുനാമി സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി 2010 ൽ ആവിഷ്കരിച്ച് 2013 ൽ നിർമ്മിച്ച ഇവ 8 വർഷം കഴിഞ്ഞിട്ടും പൊതുജനങ്ങൾക്കും പഞ്ചായത്തിനും പ്രയോജനപ്രദമാവുന്നില്ല. ഈ വകുപ്പിൽ നിന്നും തന്നെ പുറപ്പെടുവിച്ച സുനാമി പാക്കേജ് പ്രത്യേക ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിട്ടുള്ളതും 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ള ഈ വിഷയങ്ങൾക്ക് തുടർനടപടി നാളിതുവരെ കൈക്കൊണ്ടില്ല എന്നത് ഖേദകരമാണ്. ടി സ്ഥാപനങ്ങൾ ഏത് വർഷം വരെ ലേലം ചെയ്തിരുന്നത് എന്നും, ലേലം ചെയ്യാത്തത് സംബന്ധിച്ചും, ടി വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ചും ഓഡിറ്റിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/09-11-21 ന് നൽകിയ മറുപടിയിൽ കള്ളിക്കാട് തീരത്ത് മത്സ്യബന്ധയാനങ്ങളുടെ കയറ്റിയിറക്കമില്ലാത്തതിനാൽ അവ അഴീക്കൽ ഹാർബറിലാണ് മത്സ്യവുമായെത്തി വിപണനം നടത്തുന്നതെന്നും, തന്മൂലം ഇവ ഏറ്റെടുത്ത നടത്താൻ ആരും തയ്യാറാകുന്നുമില്ല എന്നാണ് അറിയിച്ചിരിയ്ക്കുന്നത്. എന്നാൽ 2013 ൽ പൂർത്തീകരിച്ച ടി കെട്ടിടങ്ങൾ ഏത് വർഷം വരെ ലേലം നൽകിയിരുന്നു എന്നതിന് മറുപടി നൽകിയിട്ടില്ല. ടി കെട്ടിടങ്ങൾ ലേല നടപടികൾക്ക് വിധേയമാക്കാതെ ആരും ലേലം ഏറ്റെമടുക്കാൻ സന്നദ്ധരാകുന്നില്ല എന്ന മറുപടി അംഗീകരിയ്ക്കാൻ കഴിയില്ല. പ്രത്യേക ഉദ്ദേശ്യ ലക്ഷ്യത്തോടെ സർക്കാർ ഫണ്ട് ചെലവഴിച്ച് നടപ്പാക്കിയ പദ്ധതികൾ ഒരു പ്രയോജനവും സിദ്ധിക്കാതെ നിഷ്ക്രിയമാക്കുകയാണ്. തടസ്സങ്ങൾ നീക്കി പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ അടിയന്തിരമായി ഭരണസമിതി കൈക്കൊള്ളേണ്ടതാണ്.

## 1-25 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2020-2021 വർഷങ്ങളിൽ ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 42916/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഒടുക്കു വരുത്തിയതായും പ്രസ്തുത അക്കൌണ്ടിൽ ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും തിരികെ ലഭിച്ചിട്ടില്ല എന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക |
|---|---|
| 2020-2021 | 42916 |

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന നിർദ്ദേശാനുസരണം കായംകുളം ബ്രാഞ്ചിൽ അക്കൗണ്ട് തുടങ്ങിയതായും മാപ്പിംഗിന് നൽകിയതായും അറിയിച്ചു.

2015-16 വർഷം മുതൽ നാളിതുവരെ ആകെ എത്ര തുകകളാണ് ഇപ്രകാരം ഒടുക്കിയതെന്ന് കണ്ടെത്തേണ്ടതും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 സാമൂഹ്യ ക്ഷേമപെൻഷൻ - മരണപ്പെട്ടതിനുശേഷവും അനുവദിക്കുന്നു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആറാട്ടുപുഴ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും

പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഗുണഭോക്താക്കളുടെ മരണ വിവരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടു പോലും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല. ചില ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം. | പെൻഷൻ ഐഡി നം. | പെൻഷൻ തരം | ഗുണഭോക്താവിന്റെ പേര് | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 104960200163 | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | രാമൻ | 01/01/2019 | 2/2019 മുതൽ 10/2021 വരെ | 45000 | സേവനയിൽ മെയ് 2019 മുതൽ തടഞ്ഞ് വെച്ചിരിയ്ക്കുന്നതായി കാണിച്ചിരിയ്ക്കുന്നു |
| 2 | 104960200319 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | മുകുന്ദൻ | 17/01/2019 | 2/2019 മുതൽ 10/2021 വരെ | 32200 | സേവനയിൽ ആഗസ്റ്റ് 2019 മുതൽ തടഞ്ഞ് വെച്ചിരിയ്ക്കുന്നതായി കാണിച്ചിരിയ്ക്കുന്നു |
| 3 | 104960600091 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | പൊടിച്ചി | 07/02/2019 | 3/2019 മുതൽ 10/2021 വരെ | 38800 | സേവനയിൽ ആഗസ്റ്റ് 2019 മുതൽ തടഞ്ഞ് വെച്ചിരിയ്ക്കുന്നതായി കാണിച്ചിരിയ്ക്കുന്നു |
| ആകെ | | | | | | 116000 | |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ നല്കുന്നുണ്ട്. ഓഡിറ്റ് വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ് . ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൌണ്ടിൽ പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനായി മരണപ്പെട്ടവരെയും അനർഹരെയും ഒഴിവാക്കുന്ന നടപടികൾ സംബന്ധിച്ച് ധനവകുപ്പ് സ.ഉ. (എം.എസ്) നം.-97/2020 തീയതി 23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവുകളൊന്നും പഞ്ചായത്തിൽ പാലിയ്ക്കപ്പെടുന്നില്ല. മേൽ പരാമർശിയ്ക്കപ്പെട്ടിരിയ്ക്കുന്ന 3 ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിരിയ്ക്കുന്നത് 116000 രൂപയാണ്. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ 2019-20 വർഷം മരണം ആറാട്ടുപുഴ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പഞ്ചായത്തിലെ മുഴവൻ സാമൂഹ്യപെൻഷനുകളും പരിശോധിച്ചാൽ മാത്രമേ യഥാർത്ഥ നഷ്ടം എത്രയാണെന്ന് നിജപ്പെടുത്തുവാൻ സാധിയ്ക്കുകയുള്ളൂ. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/19-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 1-27 എയർ കണ്ടീഷനറുകൾ സ്ഥാപിക്കൽ - ശരിയായ ആസൂത്രണം ഇല്ലാതെ ആവിഷ്കരിച്ച പ്രോജക്റ്റ് - കരാറുകാരൻ വ്യാജരേഖയുണ്ടാക്കി - പഞ്ചായത്ത് ഫണ്ടിന് 133426 രൂപ നഷ്ടം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0030/21<br>(സ്പിൽ ഓവർ) |
| അടങ്കൽ | 222350 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | *ബിൽ നം -8*<br>*(19-20 ലെ ബിൽ നമ്പർ)*<br>*220126/-*<br>*12/05/21 ലാണ് ബിൽ പാസ്സായത്* |

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത നൽകിയ അക്കൌണ്ട് (IFSC സഹിതം) | CNRB0001699 -1699101037744 |
| കരാറുകാരൻ | അഹമ്മദുൾ കബീർ |

പി.എച്ച്.സി.യിലെ ഫാർമസി - ശീതീകരിക്കൽ, എ.സി വാങ്ങലും സ്ഥാപിക്കലും എന്ന പ്രോജക്ടിലുൾപ്പെടുത്തി രണ്ട് എ.സി.കൾ സ്ഥാപിച്ചതിന് 220126/- രൂപ ചെലവഴിച്ചിരുന്നു. ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് ഹാജരാക്കിയ അഹമ്മദുൾ കബീർ, കണ്ടത്തിൽ പീടികയിൽ, കായംകുളം എന്നയാളുടെ ഓഫറാണ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളത്. പ്രോജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ ടെണ്ടർ ക്ഷണിച്ചതിലും എ.സി.സ്ഥാപിച്ചതിനെ സാധൂകരിക്കുന്നതിനായി ഹാജരാക്കിയ രേഖകളിലും അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് രൂപീകരിച്ച് അംഗീകാരം വാങ്ങിയതിലെ അപാകതകൾ

പ്രോജക്ട് രൂപീകരണ ഫോറം പരിശോധിച്ചതിൽ അടങ്കലായി വളരെ ഉയർന്ന തുക നിശ്ചയിച്ച് ഭരണാനുമതിയുടെ അംഗീകാരം വാങ്ങുകയാണുണ്ടായതെന്ന് കാണുന്നു. 14/06/2019 ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം പ്രോജക്ടിന് ഭരണാനുമതി നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ഒരു യൂണിറ്റിന്റെ വില | യൂണിറ്റ് | മതിപ്പ് ചെലവ് | ആകെ |
|---|---|---|---|---|
| എ.സി. | 50000 | 2 | | 100000 |
| പി.എച്ച്.സി. ഫാർമസി ശീതീകരിക്കൽ - എ.സി. സ്ഥാപിക്കലും അനുബന്ധ പ്രവർത്തനങ്ങളും | | | 122350 | |
| ആകെ | | | | 2,22,350 |

മേൽ ഭരണാനുമതി പരിശോധിച്ചതിൽ രണ്ട് എ.സി.കളുടെ വിലയായി ഒന്നിന് 50000/- രൂപ പ്രകാരം 100000/- രൂപയും എ.സി സ്ഥാപിക്കുന്നതിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കായി 122350രൂപയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ടിന്റെ ഭാഗമായുള്ള അനുബന്ധ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നോ ഇലക്ട്രിക്കൽ ജോലികളാണ് ഉദ്ദേശിക്കുന്നതെങ്കിൽ ക്ഷമതയുള്ള ഉദ്യോഗസ്ഥരെ കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതികാനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. അതിനാൽ തന്നെ അനുബന്ധ പ്രവർത്തനങ്ങൾക്കായി ഉൾപ്പെടുത്തിയിട്ടുള്ള 122350/-രൂപയുടെ യുക്തിഭദ്രത ഉറപ്പിക്കാനാവുന്നില്ല. എയർ കണ്ടീഷനറുകൾ പോലെയുള്ള ഉപകരണങ്ങൾ സപ്ലൈയർ സ്വന്തം നിലയിൽ തന്നെ സ്ഥാപിക്കുമെന്നിരിക്കെ വാങ്ങൽ മാത്രമായിരുന്നിട്ടും എ.സി. സ്ഥാപിക്കുന്നതിന് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 1,22,350 രൂപക്ക് എസ്റ്റിമേറ്റില്ലാതെയും ഭരണാനുമതി നൽകിയത് പ്രോജക്ട് രൂപീകരണത്തിലെ അപാകതയാണ്. ഒരു ടണ്ണിന്റെ രണ്ട് എ.സി.കൾ വാങ്ങി സ്ഥാപിക്കുന്നതിന് 100000/- രൂപയും അനുബന്ധ ചെലവുകൾക്ക് 122350/-രൂപയും ഉൾപ്പെടെ 222350/- രൂപ മതിപ്പ് ചെലവ് ഉൾപ്പെടുത്തിയതിൽ നിന്ന് തന്നെ മതിയായ സാമ്പത്തിക ആസൂത്രണവും വിശകലനങ്ങളുമില്ലാതെയാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാകുകയാണ്. വീടുകളിലും ഓഫീസുകളിലും എ.സി. സ്ഥാപിക്കുന്നത് ഒരു ആഡംബരത്തിനപ്പുറം ആവശ്യകതയായി മാറിയ ഇക്കാലത്ത് രണ്ട് എ.സി. കൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് സംബന്ധിച്ച് ഒരു ഏകദേശധാരണ എല്ലാവർക്കും ഉണ്ടാകുമെന്നിരിക്കെ പ്രോജക്ട് ആവിഷ്കരണത്തിലെ ഒരു ഘട്ടത്തിൽ പോലും ഇത്ര വലിയ ഒരു അടങ്കൽ ഉൾപ്പെടുത്തിയതിന്റെ യുക്തിഭദ്രതയിൽ പ്രോജക്ട് ആവിഷ്കരണവുമായി ബന്ധപ്പെട്ട ജീവനക്കാർക്കോ പഞ്ചായത്ത് അംഗങ്ങൾക്കോ നിർവ്വഹണ ഉദ്യോഗസ്ഥനോ ആർക്കും ഒരു സംശയവും തോന്നിയില്ല എന്നത് പ്രത്യേകം എടുത്തു പറയേണ്ട സംഗതിയാണ്.

2) ടെണ്ടർ നടപടികളിൽ അപാകത

പ്രോജക്ടിന്റെ ഭാഗമായി A2/5237/19 തീയതി. 23/12/19 നമ്പരായി നൽകിയ ടെണ്ടർ പരസ്യത്തിൽ 2,22,350/- രൂപ അടങ്കലുള്ള പ്രോജക്ടിലുൾപ്പെടുത്തി 1 ടൺ, 5 സ്റ്റാർ ഇൻവെർട്ടർ AC, 400 VA സ്റ്റെബിലൈസർ, സ്റ്റാൻഡ്, പവർപ്ലഗ് യൂണിറ്റ് എന്നീ സ്പെസിഫിക്കേഷനോടു കൂടിയ എ.സി.കളുടെ നിരക്ക് ഹാജരാക്കുന്നതിനാണ് ആവശ്യപ്പെട്ടിരുന്നത്. ഉപകരണം വാങ്ങൽ മാത്രമായിരുന്നിട്ടും ജി.എസ്.റ്റി രജിസ്ട്രേഷനുള്ള നിശ്ചിത യോഗ്യതയുള്ള കരാറുകാർക്കാണ് ടെണ്ടറിൽ പങ്കെടുക്കാനുള്ള അർഹതയെന്ന് ടെണ്ടർ നിബന്ധനകളിൽ വ്യവസ്ഥ ചെയ്തിരുന്നു. (ഇലക്ട്രിക്കൽ കരാർ ലൈസൻസികളെയാണ് ഉദ്ദേശിച്ചതെന്ന് പ്രോജക്റ്റ് ഫയലിൽ നിന്നും വ്യക്തമാകുന്നു) യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളും ടെണ്ടറിനൊപ്പം ഉൾപ്പെടുത്തണമെന്ന നിബന്ധനയും വച്ചിരുന്നു. എ.സി.വാങ്ങി സ്ഥാപിക്കുന്നതിന് അംഗീകൃത വിതരണക്കാരിൽ നിന്നും ഓഫറുകൾ ക്ഷണിക്കുന്നതിന് പകരം നിശ്ചിത യോഗ്യതയുള്ള കരാറുകാർക്കാണ്

ടെണ്ടറിൽ പങ്കെടുക്കാനുള്ള അർഹതയെന്ന നിബന്ധന വെച്ചതിലൂടെ അംഗീകൃത വിതരണക്കാർ യാതൊരു തുകയും ഈടാക്കാതെ ചെയ്യുന്ന ഇൻസ്റ്റലേഷൻ പ്രവർത്തികൾക്കായി അധിക തുക ചെലവഴിക്കുന്ന സാഹചര്യം ഉണ്ടായി.

ലഭ്യമാക്കിയ രേഖകൾ പ്രകാരം ടെണ്ടർ സമർപ്പണത്തിനുള്ള അവസാന തീയതിയായ 06-01-2020 ൽ രണ്ട് ടെണ്ടറുകളാണ് ലഭിച്ചത്. അടങ്കൽ ആയി കാണിച്ചിരിക്കുന്ന തുകയിൽ നിന്നും 0.1% ശതമാനം കുറവിൽ അഹമ്മദുൾ കബീർ, കണ്ടത്തിൽ പീടികയിൽ, കായംകുളം എന്നയാളും, അടങ്കൽ തുകയെക്കാൾ 0.1% കൂടുതൽ തുകക്ക് സനൽകുമാർ എന്നയാളും ഓഫറുകൾ സമർപ്പിച്ചിരുന്നു. സനൽ കുമാർ സമർപ്പിച്ച ടെണ്ടറിനൊപ്പം ടിയാൾ ഇലക്ട്രിക്കൽ കരാറുകാരനാണോയെന്ന് വ്യക്തമാക്കുന്ന രേഖകളില്ല. ടിയാൾ ഹാജരാക്കിയ ടെണ്ടർ ഫോറത്തിൽ പ്രകടമായ തിരുത്തലുകൾ/ കൂട്ടിചേർക്കലുകൾ വരുത്തിയിട്ടുള്ളതായി കാണുന്നു.

ജനറൽ കമ്മറ്റിയുടെ 13-01-2020 ലെ 1(4) നമ്പർ തീരുമാന പ്രകാരം അടങ്കൽ തുകയിൽ 0.1% കുറവിന് ടെണ്ടർ സമർപ്പിച്ച അഹമ്മദുൾ കബീർ, കണ്ടത്തിൽ പീടികയിൽ കായംകുളം എന്നയാൾക്ക് ടെണ്ടർ ഗ്രാമപഞ്ചായത്ത് അംഗീകരിക്കുകയുണ്ടായി. ലഭിച്ച ടെണ്ടറുകളെ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

3) <u>അഹമ്മദുൾ കബീർ ഹാജരാക്കിയ ബില്ലുകളിൽ പ്രകടമായ അപാകതകൾ</u>

അഹമ്മദുൾ കബീർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 23-01-20 ൽ നൽകിയ കത്തിൽ ജോലികൾ പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറും ബ്ലൂ സ്റ്റാർ 1 ടൺ 5 സ്റ്റാർ ഇൻവെർട്ടർ AC, V-guard 400 VA സ്റ്റെബിലൈസർ, AC സ്റ്റാൻഡ്, പവർപ്ലഗ് എന്നിവ രണ്ട് വീതം തൃപ്തികരമായി സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നതായി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ബില്ലിനൊപ്പം സമർപ്പിച്ച രേഖകൾ പ്രകാരം അഹമ്മദുൾ കബീർ സമർപ്പിച്ച സബ് വൌച്ചറുകളിലെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | ജനതാ ഇലക്ട്രിക്കൽസ് ആൻഡ് പ്ലബിംഗ്<br>(ബിൽ നം-1199/19 Dtd .27-01-20) | 2679 |
| 2 | ബിൽ നം-WH 704 Dtd 20-01-2020<br>പാറയിൽ ഏജൻസീസ്, മാവേലിക്കര | 176200 |
| 3 | ലേബർ ചാർജ്<br>(അഹമ്മദുൾ കബീറിന്റെ കൈപ്പറ്റ്) | 41247 |

എ) ജനതാ ഇലക്ട്രിക്കൽസ് ആൻഡ് പ്ലംബിംഗ് എന്ന സ്ഥാപനത്തിന്റെ പർച്ചേസ് ബിൽ പരിശോധിച്ചതിൽ ബിൽ തീയതി 27-01-2020 ആണ്. 23-01-20 ൽ പ്രവർത്തികൾ പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്തിന് കരാറുകാരൻ കത്ത് നൽകിയ ശേഷം പ്രവർത്തിയ്ക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ 27-01-20 ൽ വാങ്ങിയതായുള്ള ബിൽ ഹാജരാക്കുക വഴി ബില്ലിന്റെ സംശുദ്ധിയിൽ സംശയങ്ങൾ ഉണ്ടാകുന്നു. പ്രവർത്തി പൂർത്തീകരിച്ച തീയതിയ്ക്ക് ശേഷമുള്ള തീയതിയിലെ ബില്ലിന്റെ ആധികാരികത ബോധ്യപ്പെടാത്തതിനാൽ തന്നെ ഈ ബിൽ പ്രകാരമുള്ള ചെലവ് തുക 2679/- രൂപ അംഗീകരിക്കാൻ കഴിയില്ല.

ബി) പാറയിൽ ഏജൻസീസിന്റേതായി കരാറുകാരൻ ഹാജരാക്കിയ ടാക്സ് ഇൻവോയിസിൽ നിരവധി ഭാഗത്ത് തിരുത്തലുകളും കൂട്ടിചേർക്കലുകളും തെറ്റുകളും ഉള്ളതിനാൽ ബില്ലിൽ കൃത്രിമം നടന്നിട്ടുണ്ടോയെന്ന് സംശയമുണ്ടായതിനെ തുടർന്ന് WH-704/തീയതി. 20-1-2020 നമ്പർ ടാക്സ് ഇൻവോയിസിന്റെ ഒരു അധിക പകർപ്പ് നൽകണമെന്ന് ആവശ്യപ്പെട്ട് 15-11-21 തീയതിയിൽ ഓഡിറ്റ് ടീം ലീഡർ മാവേലിക്കര പാറയിൽ ഏജൻസീസിന് കത്ത് നൽകുകയുണ്ടായി. പാറയിൽ ഏജൻസീസ് ഓഡിറ്റിന് ലഭ്യമാക്കിയ ഇൻവോയിസ് പകർപ്പ് പ്രകാരം മേൽ നമ്പർ ഇൻവോയ്സിലെ ആകെ തുക 86700/- രൂപ മാത്രമാണ്. കരാറുകാരൻ സമർപ്പിച്ച ഇൻവോയ്സിലെ തുക 176200/- രൂപയും. അതായത് ഇൻവോയ്സിൽ കൃത്രിമങ്ങൾ നടത്തി യഥാർത്ഥ തുകയെക്കാൾ 89500/- രൂപ അധികമായി ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിച്ച് കരാറുകാരൻ കൈപ്പറ്റുകയുണ്ടായി. സ്ഥാപനം ലഭ്യമാക്കിയ രണ്ട് എയർ കണ്ടീഷനറുകളുടെയും രണ്ട് സ്റ്റെബിലൈസറുകളുടെയും വിലയെ ഒരു യൂണിറ്റിന്റെ വിലയായി എടുത്തുകൊണ്ടും എ.സി സ്റ്റാൻഡ് വില പുതിയതായി ചേർത്തുകൊണ്ടും വ്യാജമായി രേഖ സൃഷ്ടിച്ച് കരാറുകാരൻ

കൈപ്പറ്റിയ 89500/- രൂപയുടെ ചെലവ് അംഗീകരിക്കാനാവില്ല.

കരാറുകാരൻ ഹാജരാക്കിയ ഇൻവോയ്സ് ചിത്രം 1 ആയും പാറയിൽ ഏജൻസീസ്സിൽ നിന്ന് ഓഡിറ്റ് ടീമിന് ലഭിച്ച ടി ഇൻവോയ്സിന്റെ പകർപ്പ് ചിത്രം 2 ആയും ഉൾപ്പെടുത്തിയിരിക്കുന്നു.

4) അംഗീകൃത വിതരണക്കാർ സൌജന്യമായി ചെയ്യുന്ന എ.സി. ഇൻസ്റ്റലേഷനായി 41247/- രൂപ കരാറുകാരന് നൽകി

എ.സി. പോലുള്ള ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ വിതരണക്കാർ സൌജന്യമായാണ് സാധരണയായി ചെയ്ത് തരുന്നത്. എന്നാൽ പ്രോജക്ടിൽ സ്ഥാപിക്കലും അനുബന്ധ പ്രവർത്തനങ്ങളും എന്നയിനം ഉൾപ്പെടുത്തി 41247/-രൂപ കരാറുകാരന് നൽകുകയുണ്ടായി. ഇത് ഉറപ്പാക്കുന്നതിനായി കരാറുകാരൻ എ.സി. വാങ്ങിയ പാറയിൽ ഏജൻസീസിൽ നിന്ന് ഒരു ക്വട്ടേഷൻ ഓഡിറ്റ് ഓഫീസറുടെ നിർദ്ദേശപ്രകാരം വാങ്ങുകയുണ്ടായി. ക്വട്ടേഷനിൽ ടേംസ് & കണ്ടീഷൻസ് എന്ന ഭാഗത്ത് ലഭ്യമാക്കിയ ജി.എസ്.ടി, ഉപകരണത്തിന്റെ ഇൻസ്റ്റലേഷൻ ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള വിലയാണ് ലഭ്യമാക്കിയിട്ടുള്ളതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ജനതാ ഇലക്ട്രിക്കൽസ് ആൻഡ് പ്ലംബിംഗ്സിൽ നിന്ന് 2679/-രൂപയ്ക്ക് വാങ്ങിയതായി പറയുന്ന (പ്രവർത്തി പൂർത്തീകരിച്ചതായി പഞ്ചായത്തിൽ അറിയിച്ച തീയതിക്ക് ശേഷമുള്ള തീയതി രേഖപ്പെടുത്തിയ ബില്ല്) ഇലക്ട്രിക്കൽ സാധനങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടി 41247/-രൂപ ചെലവായെന്നത് തന്നെ അവിശ്വസനീയമാണ്. കരാറുകാരൻ ചെയ്തതായി പറയുന്ന വർക്കുകൾ ക്ഷമതയുള്ള ഉദ്യോഗസ്ഥർ വാല്യുവേഷൻ എടുത്തിട്ടില്ലാത്തതിനാലും അംഗീകൃത സപ്ലെയറിൽ നിന്ന് വാങ്ങുകയാണെങ്കിൽ സൌജന്യമായി ഇൻസ്റ്റാൾ ചെയ്ത് ലഭിയ്ക്കുമായിരുന്ന എ.സി.യുടെ വാങ്ങലും സ്ഥാപനവും കരാറുകാരനെ ഏൽപ്പിയ്ക്കുക വഴി 41247/-രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ചിത്രം 3 - 5 M/s പാറയിൽ ഏജൻസീസ് മാവേലിക്കര ലഭ്യമാക്കിയ സ്റ്റാർ, 1 ടൺ ബ്ലൂ സ്റ്റാർ എ.സി സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ

മേൽ അപാകതകൾ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം (നം-26/20-21/തീയതി. 7-11-21) ന് 698/2021 തീയതി. 18-11-2021 നമ്പരായി ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന രീതിയിൽ കാര്യങ്ങൾ പഞ്ചായത്തിൽ നിന്നും അറിയിക്കുകയോ മെഡിക്കൽ ഓഫീസറുടെ ഇടപെടലുകൾ ഉണ്ടാകുകയോ ചെയ്തിട്ടില്ലന്നും ബിൽ മാറി തുക സപ്ലെയർക്ക് നൽകുക മാത്രമായിരുന്നു തന്റെ പങ്കെന്ന് അവർ വിശദീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും കരാറുകാരൻ ലഭ്യമാക്കിയ ചെലവ് രേഖകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിന് മുൻപ് ഇൻവോയിസിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.

ക്രമ നമ്പർ 3ബി ഉൾപ്പെടുത്തിയിട്ടുള്ള പാറയിൽ ഏജൻസീസിന്റെ ബില്ലിൽ കൃത്രിമം കാണിച്ച് അധികമായി കരാറുകാരൻ കൈപ്പറ്റിയ 89500/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതും വ്യാജരേഖ ചമച്ച് നിർവ്വഹണ ഉദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിച്ച് അധിക പണം കൈപ്പറ്റിയ കരാറുകാരനെതിരെ ഗ്രാമപഞ്ചായത്ത് നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ക്രമനമ്പർ 4 പ്രകാരം ഇൻസ്റ്റലേഷനായി ചെലവായ 41247/-രൂപയും 3(എ) പ്രകാരമുള്ള ചെലവ് തുക 2629/- രൂപയും നിർവ്വഹണ ഉദ്യോഗസ്ഥ, പ്രോജക്ടിന് ഭരണാനുമതി നൽകിയ (14-06-2019 തീയതി) പഞ്ചായത്ത് സമിതിയംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

TAX INVOICE (B2B) (EXTRA COPY)

PARAYIL AGENCIES (2019-20)
Park Junction,MAVELIKARA. Ph: 0479-2302624,
Mob :9388407627,9847359315.
GSTIN/UIN: 32COZPG9609E1ZL
State Name : Kerala, Code : 32
E-Mail : parayilagencies@yahoo.co.in

Buyer (Bill to)
AHAMDUL KABEER
KANDATHIL PEEDIKAYIL
VERUVALLI BHAGOM
KKAYAMKULAM
9947137397
GSTIN/UIN : 32BRXPA1998L2Z4
State Name : Kerala, Code : 32

| | |
|---|---|
| Invoice No. e-Way Bill No. WH-704 | Dated 20-Jan-20 |
| Delivery Note | Mode/Terms of Payment |
| Reference No. & Date. | Other References |
| Buyer's Order No. | Dated |
| Dispatch Doc No. | Delivery Note Date |
| Dispatched through | Destination |
| Vessel/Flight No. | Place of receipt by shipper: |
| City/Port of Loading | City/Port of Discharge |
| Terms of Delivery | |

| Sl No. | Description of Goods | HSN/SAC | Quantity | Rate (Incl. of Tax) | Rate | per | Amount |
|---|---|---|---|---|---|---|---|
| 1 | BLUE STAR 1.0 TON 5 STAR INVERTER AC (5CNHW12QATU)<br>OD SL NO: 5CNHW12QATUBRA02671<br>5CNHW12QATUBRA02644 | 8415 | 2 NOS | 41,500.01 | 32,421.88 | NOS | 64,843.76 |
| 2 | V-GUARD STABILIZER VG 400 | 90328910 | 2 NOS | 1,850.00 | 1,567.80 | NOS | 3,135.60 |
| | | | | | | | 67,979.36 |
| | CENTRAL TAX (CGST) | | | | | | 9,360.33 |
| | STATE TAX (SGST) | | | | | | 9,360.33 |
| | Less : Round Off | | | | | | (-)0.02 |
| | Total | | 4 NOS | | | | ₹ 86,700.00 |

E. & O.E

Amount Chargeable (in words)
INR Eighty Six Thousand Seven Hundred Only

| HSN/SAC | Taxable Value | Central Tax Rate | Central Tax Amount | State Tax Rate | State Tax Amount | Total Tax Amount |
|---|---|---|---|---|---|---|
| 8415 | 64,843.76 | 14% | 9,078.13 | 14% | 9,078.13 | 18,156.26 |
| 90328910 | 3,135.60 | 9% | 282.20 | 9% | 282.20 | 564.40 |
| Total | 67,979.36 | | 9,360.33 | | 9,360.33 | 18,720.66 |

Tax Amount (in words) : INR Eighteen Thousand Seven Hundred Twenty and Sixty Six paise Only

Company's Bank Details
Bank Name : UNION,MVKA-00101
A/c No. : 504105110000101
Branch & IFS Code : MAVELIKARA & UBIN0550418

for PARAYIL AGENCIES (2019-20)

Authorised Signatory

Declaration
We declare that this invoice shows the actual price of the goods described and that all particulars are true and correct.

This is a Computer Generated Invoice

ചിത്രം -2: അഹമ്മദുൾ കബീർ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ വ്യാജമായ ബിൽ

TAX INVOICE (B2B)
(Section 31 of Goods and Service Tax Act 2017) (ORIGINAL FOR RECIPIENT)

PARAYIL AGENCIES
Park Junction,MAVELIKKARA. Ph: 0479-2302624
Mob : 9388407627,9847359315
GSTIN/UIN : 32COZPG9609E1ZI
State Name : Kerala, Code :32
E-Mail : praylagencies@yahoo.co.in

Buyer
AHAMDUL KABEER
KANDATHIL PEEDIKAYIL
VERUVALLY BHAGOM
KAYAMKULAM
9947137397
GSTIN/UIN : 32BRXPA1998L2Z4
State Name : Kerala, Code : 32

| | |
|---|---|
| Invoice No WH 704 | Dated 20 Jan 2020 |
| Delivery Note | Mode/Terms of payment |
| Supplier's Ref | Other Reference(s) |
| Buyers Order No | Dated |
| Despatch Document No. | Delivery Note Date |
| Despatched through | Destination |
| Terms of Delivery | |

| Sl No. | Description of Goods | HSN/SAC | Qty. | Rate | Per | Disc % | Amount |
|---|---|---|---|---|---|---|---|
| 1 | BLUE STAR 1.0 TON 5 STAR INVERTER (5CNHW12QATU)<br>CD SL NO 5NHW12QTUBRA02671<br>5CNHW12QATUBRA02644<br>INSL NOBI-<br>5CNHW12QATU17AO11835CNH12QATU18A04173 | 8415 | 2NOS | 64,843.76 | NOS | | 12,9687.52 |
| 2 | V-GUARD STABILIZER VG 400 | 90328910 | 2NOS | 3,135.60 | NOS | | 6,271.20 |
| 3 | STAND FOR CONDENSING UNIT | 7301 | 2NOS | 1,186.44 | NOS | | 2,372.88 |
| | | | | | | | 1,38,331.60 |
| | CENTRAL TAX (CGST) | | | | | | 18,934.22 |
| | STATE TAX(SGST) | | | | | | 18,934.22 |
| | Round Off | | | | | | (-)0.04 |
| | Total | | 6NOS | | | | 1,76,200.04 |

Amount Chargeable (in words)
INR One lakh Seventy thousand two hundred only.

| HSN/SAC | Taxable Value | Central Tax Rate | Central Tax Amount | State Tax Rate | State Tax Amount | Total Tax Amount |
|---|---|---|---|---|---|---|
| 8415 | 12,9687.52 | 14% | 18,156.26 | 14% | 18156.26 | 36,312.52 |
| 90328910 | 6,271.20 | 9% | 564.40 | 9% | 564.40 | 1,128.80 |
| 7301 | 2,372.88 | 9% | 213.56 | 9% | 213.56 | 427.12 |
| Total | 1,38331.60 | | 18,934.22 | | 18,934.22 | 37868.44 |

Tax Amount(in Words) : Thirty seven thousand eight hundred and sixty eight and forty four paisa Only

Company's Bank Details
Bank Name : UNION,MVKA-00101
A/c No. : 504105110000101
Branch & IFS Code : MAVELIKARA & UBIN0550418

For PARAYIL AGENCIES

Authorised Signatory

Declaration
We declare that this invoice shows the actual price of the Goods described and that all particulars are true and correct

This is a computer generated invoice

**PARAYIL AGENCIES**

PARK JUNCTION , MAVELIKARA

TEL.NO. 0479 2302624 / MOBILE 9847359315

To

**SUB: QUOTATION FOR AIRCONDITIONER**

Sir,

We thank you for giving us the opportunity to submit the quotation for Airconditioner

| No. | Product Description | Qty | Unit Price |
|---|---|---|---|
| 1 | Blue star 1.0 Ton 5 Star Inverter A/c | 1 | 39000.00 |
| | V-gurad stabiliser (VG 4170) | 1 | 1900.00 |
| | V-Guard Stabiliser (VIG 400) (Working range 170 Vac-270 Vac) | 1 | 2750.00 |
| | V-Guard Stabiliser (Arizor 4150) (Working range 150 Vac-280 Vac) | 1 | 3950.00 |
| | Stand for outdoor unit | | 850.00 |

**Terms & Conditions**

1) Prices are inclusive of GST and standard installation
2) Payment on delivery
3) The prices are valid only for 7 days.

Please feel free to contact us on the phone for further clarifications.

Thanking you and assuring you of our best services always.
Yours faithfully,

**MANAGER**

For PARAYIL AGENCIES
MAVELIKKARA , 9847359315 , 9847351320
**GST NUMBER: 32COZPG9609E1ZL**
**Bank Details: - Union bank , A/c Number: 504105110000101, IFS Code: UBIN0550418**

## 1-28 വാട്ടർ പ്യൂരിഫയറുകൾ വാങ്ങി സ്ഥാപിക്കൽ -കേന്ദ്രീയ ഭണ്ഡാറിൽ നിന്നും നേരിട്ട് വാങ്ങി -നിരവധി അപാകതകൾ

വിവിധ ഘടക സ്ഥാപനങ്ങളിൽ വാട്ടർ പ്യൂരിഫയറുകൾ വാങ്ങി സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രോജക്റ്റുകൾ ആവിഷ്കരിച്ചിരുന്നു. എന്നാൽ ആവിഷ്കരിച്ച പ്രോജക്റ്റിൽ നിന്നും തികച്ചും വിഭിന്നമായിട്ടാണ് പ്രോജക്റ്റുകൾ നടപ്പാക്കിയത്. ഒന്നിച്ച് നടത്തി പരമാവധി ലാഭകരമായി നടത്താമായിരുന്ന പ്രവർത്തികൾ മൂന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖാന്തിരമാണ് ചെയ്തത്. ടെണ്ടർ ക്ഷണിച്ച് ഗ്രാമപഞ്ചായത്ത് കമ്മിറ്റി വാട്ടർപ്യൂരിഫയറുകൾ ലഭ്യമാക്കുന്നതിന് ഏജൻസിയെ തിരെഞ്ഞെടുത്തെങ്കിലും പിന്നീട് കേന്ദ്രീയ ഭണ്ഡാർ എന്ന് പേരുള്ള ഒരു സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തത്. ഈ സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിന് നിലവിലുള്ള നിയമങ്ങൾ അനുവദിക്കുന്നില്ല. എന്നാൽ ടെണ്ടർ ഉറപ്പിച്ച ശേഷം അതിൽ നിന്നും മാറി ഗ്രാമപഞ്ചായത്ത് കേന്ദ്രീയ ഭണ്ഡാർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാട്ടർ പ്യൂരിഫയറുകൾ വാങ്ങിയത്. സപ്ലൈ ഓഡർ നൽകിയതിന്റെ വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നാലു ഘടക സ്ഥാപനങ്ങളിലേക്കുമുള്ള പ്യൂരിഫയറുകൾ മേൽ സ്ഥാപനം എത്തിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലേക്ക് വാങ്ങിയതുമാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. കുടുംബ ആരോഗ്യകേന്ദ്രം, ഫിഷറീസ് ഹോസ്പിറ്റൽ, ഹോമിയോ ഡിസ്പെൻസറി എന്നിവടങ്ങളിലേക്ക് വാങ്ങിയ പ്യൂരിഫയറുകൾ ഓഡിറ്റ് സമയത്തും(11/2021) സ്ഥാപിക്കപ്പെട്ടിട്ടില്ല. ഫിഷറീസ് ഹോസ്പിറ്റൽ, ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിൽ പൈപ്പ് കണക്ഷൻ പോലുമില്ല എന്നത് പോലും പരിഗണിക്കാതെ പർച്ചേസ് മാത്രം നടത്തിയതും പഞ്ചായത്തിന്റെ ഉത്തമതാൽപര്യങ്ങൾക്ക് വിരുദ്ധമാണ്. വിവിധ സ്ഥാപനങ്ങളിലേക്കായി Eureka Forbes നിർമ്മിച്ച വാട്ടർ പ്യൂരിഫയറുകളാണ് ലഭ്യമാക്കിയത്. എന്നാൽ ഈ ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ മാത്രമാണ് വാട്ടർപ്യൂരിഫയർ സ്ഥാപിച്ചിട്ടുള്ളത്. എന്നാലിവിടെ സൂക്ഷിച്ചിരിക്കുന്ന രേഖകളിൽ പ്യൂരിഫയറുകൾ സ്ഥാപിക്കുവാൻ കമ്പനി പ്രതിനിധികൾ എത്തി ഇൻസ്റ്റാൾ ചെയ്തതായുള്ള റിപ്പോർട്ട് ലഭ്യമായിരുന്നില്ല.

80 ലിറ്റർ ശേഷിയുള്ള രണ്ട് വാട്ടർ പ്യൂരിഫയറുകളും 120 ലിറ്റർ ശേഷിയുള്ള 2 വാട്ടർ പ്യൂരിഫയറുകളുമാണ് ഗ്രാമപഞ്ചായത്തിലേക്കായി മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങിയത്. വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിച്ചിട്ടില്ലാത്ത ഫിഷറീസ് ഹോസ്പിറ്റൽ, കുടുംബാരോഗ്യകേന്ദ്രം എന്നിവടങ്ങളിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ വളരെയധികം പാഴ്ചിലവുണ്ടായതായി ബോധ്യമായിട്ടുള്ളതാണ്. ഫിഷറീസ് ആശുപത്രിയിൽ ഉപകരണം എത്തിച്ച കൊറിയർ ഏജൻസി നൽകിയ ഇൻവോയിസ് പ്രകാരം 80 ലിറ്റർ

പ്യൂരിഫയറിന്റെ വില 39000 രൂപയാണ്. കുടുംബ ആരോഗ്യ കേന്ദ്രത്തിൽ എത്തിച്ചിട്ടുള്ള 120 ലിറ്റർ വാട്ടർ പ്യൂരിഫയറിൽ 110400 രൂപ പരമാവധി ചില്ലറ വിലയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ വാങ്ങൽ നടത്തിയിരിക്കുന്നത് കൂടിയ തുകയ്ക്കാണ്.

ഒരേ ദിവസം ഒരേ തീയതിയിലാണ് ഒരേ സ്പെസിഫിക്കേഷനിലുള്ള രണ്ട് വാട്ടർ പ്യൂരിഫയറുകൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖാന്തിരം ഗ്രാമപഞ്ചായത്ത് വാങ്ങുന്നത്. (120 ലിറ്റർ യുറേക്കാ ഫോർബ്സ് സ്റ്റെയിൻലസ് സ്റ്റീൽ). എന്നാൽ സെക്രട്ടറിക്ക് നൽകിയ ഇൻവോയിസിൽ 146080 രൂപയും മെഡിക്കൽ ഓഫീസർക്ക് നൽകിയ ഇൻവോയിസിൽ 148950 രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2870 രൂപയുടെ വ്യത്യാസം. ഇപ്രകാരമുള്ള ഇൻവോയിസും സപ്ലൈചെയ്ത ഏജൻസിയുടെ വിശ്വാസ്യതയുമായി യോജിക്കുന്നില്ല.

സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പൊതുപണത്തിന് നഷ്ടമുണ്ടാകും വിധം വിശ്വാസ്യതയില്ലാത്ത രീതിയിലാണ് വാട്ടർപ്യൂരിഫയറുമായി ബന്ധപ്പെട്ട പ്രോജക്ടുകളെല്ലാം നിർവ്വഹിച്ചിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

## 1-28-1 മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള വാട്ടർ പ്യൂരിഫയർ വാങ്ങൽ പ്രോജക്ട്- നേരിട്ട് കേന്ദ്രീയ ഭണ്ഡാറിൽ നിന്നും വാങ്ങി- ഗ്രാമപഞ്ചായത്തിന് 37550 രൂപയുടെ നഷ്ടം

വാട്ടർ പ്യൂരിഫയറുകളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വാങ്ങിയ ഉപകരണം | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|---|---|---|
| 229/21 | കുടുംബാരോഗ്യകേന്ദ്രത്തിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കലും നവീകരണവും | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | Aqua Guard Pure Chill 120 RO Cooler With Pre Filter | 150000 | 148950 | 19/27.03.21 |

28/08/2020ലെ A2-10/2020(18) നമ്പർ ടെണ്ടർ പരസ്യം മുഖാന്തിരം ISI സർട്ടിഫിക്കേഷനോട് കൂടിയ വാട്ടർ പ്യൂരിഫയർ അനിവാര്യമായ പ്ലംബിംഗ് ജോലികൾ സഹിതം സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ പരസ്യത്തിലെ സ്പെസിഫിക്കേഷനുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Dosing Pump(2 Nose)Alum -Chlorine Cleaning | 2 Nos |
| 2 | Water Tank 1000 L | 1 |
| 3 | Iron Removal Filter 14” Dia 65” Ht | 1 |
| 4 | Sand Filter 14” Dia 65” Ht | 1 |
| 5 | RO Purifier With Cold Hot Normal Water Fecility | 1 |
| 6 | RO Purifier 10ltr | 1 |
| 7 | Water Tank 2000 L | 1 |

ടെണ്ടർ തുറക്കുന്നതിനുള്ള അവസാനതീയതിയായ 09-09-2020 ന് ലഭിച്ച 6 ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തത് ജീവനകല അക്വാ എൻജിനീയേഴ്സ് എന്ന സ്ഥാപനമാണ്. 123195 രൂപയാണ് ഈ സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത്. ഈ സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് സമിതി അംഗീകരിച്ചിരുന്നു. (18-09-2020 ലെ 13/2 (2) തീരുമാനം . തുടർന്ന് പർച്ചേസ് ഉത്തരവ് നൽകുകയോ തീരുമാനം റദ്ദ് ചെയ്യുകയോ ഉണ്ടായില്ല. എന്നാൽ 25-01-21 ലെ

12(3) നമ്പർ തീരുമാന പ്രകാരം കേന്ദ്രീയ ബണ്ഡാറിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചു. 25-03-21 ൽ പർച്ചേസ് ഉത്തരവ് നൽകുകയും 25-03-21 ലെ ഇൻവോയിസ് നം- 2319 പ്രകാരം 148950 രൂപക്ക് കേന്ദ്രീയ ഭണ്ഡാർ എന്ന സ്ഥാപനത്തിൽ നിന്ന് Aqua Guard Pure Chill 120 RO Cooler With Pre Filter വാങ്ങുകയും പണം 26/03/21 ലെ ബിൽ നം-19 പ്രകാരം സ്ഥാപനത്തിന് നൽകുകയും ചെയ്തു. (A/c No- 0805201001943 IFSC -CNRB0000805).

പ്രാദേശികമായി നടത്തിയ പരിശോധനയിൽ ഉപകരണം ഇനിയും സ്ഥാപിച്ചിട്ടില്ലായെന്ന് കാണുന്നു . വലിയ ശേഷിയുള്ള വാട്ടർ പ്യൂരിഫയർ കുടുംബാരോഗ്യകേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട് . ആയതിനാൽ വാങ്ങൽ നടപടി തികച്ചും ആവശ്യാധിഷ്ഠിതമല്ലായിരുന്നു .

പ്രോഡക്റ്റിന്റെ ബാക്ക് കവറിൽ നികുതി ഉൾപ്പെടെയു ള്ള ആകെ തുക 1,11,400 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.




നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-17/20-21 /16-11-2021) മറുപടിയിൽ പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഒരുഘട്ടത്തിലും മെഡിക്കൽ ഓഫീസർ ഉൾപ്പെട്ടിരുന്നില്ലായെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥന് ഒഴിയാനാകില്ല . പൊതുവിപണിയിൽ പോലും 1,11,400 രൂപ പരമാവധി ചില്ലറ വിലയുള്ള ഉപകരണം 1,48,950 രൂപ മുടക്കി വാങ്ങിയത് ഗ്രാമപഞ്ചായത്ത് ഫണ്ടിന് 37550 രൂപയുടെ നഷ്ടമുണ്ടാക്കിയതായി ഓഡിറ്റ് വിലയിരുത്തുന്നു . 37550 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു . ലഭ്യമായ ഉപകരണത്തിന്റെ ഗുണമേൻമ ഉറപ്പിക്കാനാകാത്തതിനാലും നടപടിക്രമങ്ങൾ ലംഘിച്ച് വാങ്ങൽ നടത്തിയതിനാലും ആകെ ചെലവിൽ അവശേഷിക്കുന്ന തുക യായ 111,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28-2 വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചില്ല- ഉപകരണത്തിന്റെ ഗുണമേൻമ ഉറപ്പാക്കാനായില്ല- 99050 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഫിഷറീസ് ആശുപത്രിക്ക് വാട്ടർ പ്യൂരിഫയർ വാങ്ങലുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്റ്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | നിർവ്വഹണം | വാങ്ങിയ ഉപകരണം | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|---|---|---|
| 230/21 | ഫിഷറീസ് ആശുപത്രിക്ക് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കലും നവീകരണവും പ്രോജക്റ്റ് നമ്പർ 230/20-21 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | Aqua Guard Pure Chill 80 RO Cooler With Pre Filter | 100000 | 99050 | 20/27.03.21 |

28/08/2020ലെ A2-10/2020(18) നമ്പർ ടെണ്ടർ പരസ്യം മുഖാന്തിരം ISI സർട്ടിഫിക്കേഷനോട് കൂടിയ വാട്ടർ പ്യൂരിഫയർ അനിവാര്യമായ പ്ലംബിംഗ് ജോലികൾ സഹിതം സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ

പരസ്യത്തിലെ സ്പെസിഫിക്കേഷനുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Water Tank 2000 L | 1 |
| 2 | Water Tank 1000 L | 1 |
| 3 | Motor .5 HP | 1 |
| 4 | Iron Removal Filter 14" Dia 65" Ht | 1 |
| 5 | Sand Filter 14" Dia 65" Ht | 1 |
| 6 | RO Filter | 1 |

നാല് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ഇതിൽ 91350 രൂപക്ക് ക്വോട്ട് ചെയ്ത ജീവന അക്വാഎൻജിനീയേഴ്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് തീരുമാനിച്ചു.(18-09-2020 ലെ 13/2 (3) തീരുമാനം). തുടർന്ന് പർച്ചേസ് ഉത്തരവ് നൽകുകയോ തീരുമാനം റദ്ദ് ചെയ്യുകയോ ഉണ്ടായില്ല. എന്നാൽ 25-01-21 ലെ 12(3) നമ്പർ തീരുമാന പ്രകാരം കേന്ദ്രീയ ബണ്ഡാറിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചു. 25-03-21 ൽ പർച്ചേസ് ഉത്തരവ് നൽകുകയും 25-03-21 ലെ ഇൻവോയിസ് നം- 2320പ്രകാരം 99,050 രൂപക്ക് കേന്ദ്രീയ ഭണ്ഡാർ എന്ന സ്ഥാപനത്തിൽ നിന്ന് Aqua Guard Pure Chill 80SS RO Cooler വാങ്ങുകയും പണം 26/03/21 ലെ ബിൽ നം-20 പ്രകാരം സ്ഥാപനത്തിന് നൽകുകയും ചെയ്തു. (A/c No- 0805201001943 IFSC -CNRB0000805).

ജല ലഭ്യതക്ക് പൈപ്പ് ലൈൻ കണക്ഷൻ പോലും ഉറപ്പാക്കാത്ത സ്ഥാപനത്തിലേക്ക് ലഭ്യമാക്കിയ ഉപകരണം ഇനിയും സ്ഥാപിക്കപ്പെട്ടിട്ടില്ല. ഉപകരണം ലഭ്യമാക്കിയ കൊറിയർ ഏജൻസി കൈമാറിയ ഇൻവോയിസ് പ്രകാരം 39000 രൂപ മാത്രമാണ് ഉപകരണത്തിന്റെ വില. ഇൻവോയിസിന്റെ ആധികാരികത ഉറപ്പാക്കാനായില്ല. ലഭ്യമായ ഉപകരണത്തിന്റെ ഗുണമേൻമ ഉറപ്പിക്കാനാകാത്തതിനാലും നടപടിക്രമങ്ങൾ ലംഘിച്ച് വാങ്ങൽ നടത്തിയതിനാലും ഉപകരണം ഇനിയും സ്ഥാപിച്ചിട്ടില്ലാത്തതിനാലും 99050 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണ വകുപ്പ് പ്രത്യേകം അന്വേഷണം നടത്തണമെന്ന് ശുപാർശ ചെയ്യുന്നു.

## 1-28-3 നിർമ്മാണത്തിലിരിക്കുന്ന പൈപ്പ് ലൈൻ കണക്ഷിനില്ലാത്ത ഹോമിയോ ആശുപത്രിക്ക് കേന്ദ്രീയ ഭണ്ഡാറിൽ നിന്നും നേരിട്ട് വാട്ടർ പ്യൂരിഫയർ വാങ്ങി-99050 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, ഹോമിയോ

ഹോമിയോ ആശുപത്രിയുടെ പുതിയ കെട്ടിടത്തിൽ കുടിവെള്ള കണക്ഷൻ, വാട്ടർപ്യൂരിഫയർ സ്ഥാപിക്കൽ എന്ന പ്രോജക്റ്റ് (നം-231/21) വിഭാവനം ചെയ്തിരുന്നു. ടെണ്ടർ പരസ്യപ്രകാരമുള്ള സ്പെസിഫിക്കേഷനുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Water Tank 2000 L | 1 |
| 2 | Motor .5 HP | 1 |
| 3 | Iron Removal Filter 14" Dia 65" Ht | 1 |
| 4 | Sand Filter 14" Dia 65" Ht | 1 |
| 5 | RO Filter | 1 |

ടെണ്ടർ മുഖാന്തിരം നടപ്പാക്കുന്നതിന് വിഭാവനം ചെയ്ത പ്രോജക്റ്റിൽ ടെണ്ടർ ക്ഷണിക്കുകയും 9-9-2020 വരെ 5

ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു. രണ്ടാമത്തെ കുറവ് തുക ക്വോട്ട് ചെയ്ത ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി 5 വർഷം വാറന്റി ലഭ്യമാക്കിയ ജീവന അക്വാ എൻജിനീയേഴ്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് തീരുമാനിച്ചു. (തുക-86425) (18-09-2020 ലെ 13/2 (4) തീരുമാനം). തുടർന്ന് പർച്ചേസ് ഉത്തരവ് നൽകുകയോ തീരുമാനം റദ്ദ് ചെയ്യുകയോ ഉണ്ടായില്ല. എന്നാൽ 25-01-21 ലെ 12(3) നമ്പർ തീരുമാന പ്രകാരം കേന്ദ്രീയ ബണ്ഡാറിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചു. 18-03-21 ൽ പർച്ചേസ് ഉത്തരവ് നൽകുകയും 25-03-21 ലെ ഇൻവോയിസ് നം- 2321 പ്രകാരം 99,050 രൂപക്ക് കേന്ദ്രീയ ഭണ്ഡാർ എന്ന സ്ഥാപനത്തിൽ നിന്ന് Aqua Guard Pure Chill 80SS RO Cooler വാങ്ങുകയും പണം 27/03/21 ലെ ബിൽ നം- 2 പ്രകാരം സ്ഥാപനത്തിന് നൽകുകയും ചെയ്തു. (A/c No- 0805201001943 IFSC -CNRB0000805).

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് മേൽ വാങ്ങൽ നടപടികൾ പൂർത്തിയാക്കിയത്. ഇപ്പോഴും താൽകാലികമായി പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിയിൽ ഉപകരണം ഇതുവരെയും സ്ഥാപിച്ചിട്ടില്ല. നിർമ്മാണത്തിലിരിക്കുന്ന പുതിയ കെട്ടിടത്തിലേക്ക് കുടിവെള്ള കണക്ഷൻ ഏർപ്പെടുത്തുന്നവെന്ന് എന്ന് പ്രോജക്റ്റിൽ പറയുന്നുണ്ടെങ്കിലും 99050 രൂപ ചെലവഴിച്ച് വാട്ടർപ്യൂരിഫയർ വാങ്ങുക മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. പൈപ്പ് ലൈൻ കണക്ഷനുവേണ്ടി അപേക്ഷപോലും നൽകിയിട്ടില്ല. ഇതേ സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണം ഫിഷറീസ് ആശുപത്രിയിലേക്കും രാഷ്ട്രീയഭണ്ഡാർ സപ്ലൈ ചെയ്തിട്ടുണ്ട്. സപ്ലൈ ചെയ്ത ഉപകരണത്തോടൊപ്പം കൊറിയർ ഏജൻസി നൽകിയ ഇൻവോയിസ്സിലെ വില 39000രൂപ മാത്രമാണ്.

ഇൻവോയിസിന്റെ ആധികാരികത ഉറപ്പാക്കാനായില്ല. ലഭ്യമായ ഉപകരണത്തിന്റെ ഗുണമേൻമ ഉറപ്പിക്കാനാകാത്തതിനാലും നടപടിക്രമങ്ങൾ ലംഘിച്ച് വാങ്ങൽ നടത്തിയതിനാലും ഉപകരണം ഇനിയും സ്ഥാപിച്ചിട്ടില്ലാത്തതിനാലും 99050 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണ വകുപ്പ് പ്രത്യേകം അന്വേഷണം നടത്തണമെന്ന് ശുപാർശ ചെയ്യുന്നു.

## 1-29 ഗ്രാമപഞ്ചായത്ത് ഓഫീസിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ-34680 രൂപയുടെ നഷ്ടം

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വാങ്ങിയ ഉപകരണം | അടങ്കൽ | ചെലവ് | ചെലവ് വിവരങ്ങൾ |
|---|---|---|---|---|---|---|
| 222/21 | പഞ്ചായത്ത് ഓഫീസിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കലും നവീകരണവും | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | Aqua Guard Pure Chill 120 RO Cooler With Pre Filter | 147940 | 146080 | ബിൽ നം- 48/31-03-21 |

28/08/2020 ലെ A2-10/2020 നമ്പർ ടെണ്ടർ പരസ്യം മുഖാന്തിരം ISI സർട്ടിഫിക്കേഷനോട് കൂടിയ വാട്ടർ പ്യൂരിഫയർ അനിവാര്യമായ പ്ലംബിംഗ് ജോലികൾ സഹിതം സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു . ടെണ്ടർ പരസ്യത്തിലെ സ്പെസിഫിക്കേഷനുകൾ ചുവടെ ചേർക്കുന്നു .

| | | |
|---|---|---|
| 1 | Dosing Pump(2 Nose )Alum -Chlorine Cleaning | 2 Nos |
| 2 | Water Tank 1000 L | 1 |
| 3 | Iron Removal Filter 14” Dia 65” Ht | 1 |
| 4 | Sand Filter 14” Dia 65” Ht | 1 |
| 5 | RO Purifier With Cold Hot Normal Water Fecility | 1 |
| 6 | RO Purifier 10ltr | 1 |
| 7 | Water Tank 2000 L | 1 |

ടെണ്ടർ തുറക്കുന്നതിനുള്ള അവസാന തീയതിയായ 09-09-2020 ന് ലഭിച്ച 4 ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ രണ്ടാമത്തെ തുക ക്വോട്ട് ചെയ്ത ജീവനകല അക്വാ എൻജിനീയേഴ്സ് എന്ന സ്ഥാപനത്തെയാണ് തിരഞ്ഞെടുത്തത്. 1,32,470 രൂപയാണ് ഈ സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത്. ഈ സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് സമിതി അംഗീകരിച്ചിരുന്നു.(18-09-2020 ലെ 13/2 (7) തീരുമാനം. തുടർന്ന് പർച്ചേസ് ഉത്തരവ് നൽകുകയോ തീരുമാനം റദ്ദ്

ചെയ്യുകയോ ഉണ്ടായില്ല. എന്നാൽ 25-01-21 ലെ 12(3) നമ്പർ തീരുമാന പ്രകാരം കേന്ദ്രീയ ബണ്ഡാറിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചു. 25-03-21 ൽ പർച്ചേസ് ഉത്തരവ് നൽകുകയും 25-03-21 ലെ ഇൻവോയിസ് നം- 2322 പ്രകാരം 146080 രൂപ ക്ക് കേന്ദ്രീയ ഭണ്ഡാർ എന്ന സ്ഥാപനത്തിൽ നിന്ന് Aqua Guard Pure Chill 120 RO Cooler With Pre Filter വാങ്ങുകയും പണം 31/03/21 ലെ ബിൽ നം-48 പ്രകാരം സ്ഥാപനത്തിന് നൽകുകയും ചെയ്തു. (A/c No-0805201001943 IFSC -CNRB0000805).

ഇതേ സ്പെസിഫിക്കേഷനോട് കൂടിയ 120 ലിറ്റർ SS Eureka Forbes നിർമ്മിച്ച വാട്ടർ പ്യൂരിഫയർ കുടുംബക്ഷേമ കേന്ദ്രത്തിൽ കേന്ദ്രീയ ഭണ്ഡാർ എത്തിച്ചിട്ടുണ്ട്. ഇനിയും സ്ഥാപിച്ചിട്ടില്ലാത്ത ഈ ഉപകരണത്തിന്റെ പരമാവധി ചില്ലറ വില 110400 രൂപയാണെന്ന് ഉപകരണത്തിന്റെ പുറം കവറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ലഭ്യമാക്കിയ ഉപകരണത്തിന്റെ ഗുണനിലവാരം ഉറപ്പിക്കാനായില്ല. കമ്പനി പ്രതിനിധികളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് സ്ഥാപനം സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല (നം. 13/20-21/15-11-21). സർക്കാർ നിർദ്ദേശങ്ങളെയും ഉത്തരവുകളെയും മറികടന്ന് പഞ്ചായത്തിന്റെ ഉത്തമ താൽപര്യങ്ങൾക്ക് വിരുദ്ധമായി വിപണിയിലെ പരമാവധി 111400 രൂപയിൽ നിന്നും 34680 രൂപ അധികമായി ചെലവഴിച്ച് കേന്ദ്രീയഭണ്ഡാറിൽ നിന്നും വാട്ടർപ്യൂരിഫയർ വാങ്ങിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ 34680 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു. ലഭ്യമായ ഉപകരണത്തിന്റെ ഗുണമേൻമ ഉറപ്പിക്കാനാകാത്തതിനാലും നടപടിക്രമങ്ങൾ ലംഘിച്ച് വാങ്ങൽ നടത്തിയതിനാലും ആകെ ചെലവിൽ അവശേഷിക്കുന്ന തുക യായ 111,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ഇൻവെർട്ടർ വാങ്ങൽ-സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചില്ല 44362/-രൂപയുടെ അധികച്ചെലവ്

പ്രോജക്ട് നം -247/20

പ്രോജക്ടിന്റെ പേര്- കുടുംബാരോഗ്യകേന്ദ്രത്തിന് ഇൻവെർട്ടർ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

കുടുംബാരോഗ്യകേന്ദ്രത്തിന് ഇൻവെർട്ടർ എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ധനകാര്യകമ്മീഷൻ ഗ്രാൻറ് | | മെയിൻറനൻസ് ഫണ്ട് | | ആകെ | |
|---|---|---|---|---|---|
| അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| 2,50,000 | 2,39,073 | 1,00,000 | 85,426 | 3,50.000 | 3.24,499 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.ടി പദ്ധതിയുടെ ടെണ്ടർ നടപടികളിൽ പങ്കെടുത്തത് 3 സ്ഥാപനങ്ങളാണ്. ഇതിൽ ബൈസൺ ഇ-കോം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിലാണ് ടെണ്ടർ നടപടി ഉറപ്പിച്ചിരിയ്ക്കുന്നത്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ ഒഴിവാക്കി കൂടിയ നിരക്ക് ആണ് അംഗീകരിച്ചത്. വിശദവിവരങ്ങൾ ചുവടെ

| സ്ഥാപനത്തിന്റെ പേര് | ഐറ്റം | ക്വാട്ട് ചെയ്ത തുക | സ്ഥാപനത്തിന്റെ പേര് | ഐറ്റം | ക്വാട്ട് ചെയ്ത തുക |
|---|---|---|---|---|---|
| ബൈസൺ ഇ-കോം പ്രൈവറ്റ് ലിമിറ്റഡ് | 1)ലൂമിനസ് /വി-ഗാർഡ് 3.5 കെ,വി ഇൻവെർട്ടർ സൈൻ വേവ് 48 V 2 എണ്ണം<br>2)200 AH C-10 12 V ബാറ്ററി 8 എണ്ണം | 3,24,500(ഓരോ ഇനത്തിന്റെയും തുക വിഭജിച്ച് കാണിച്ചിട്ടില്ല. ) | കൈരളി ഏജൻസി ആലപ്പുഴ | 1)a)ലൂമിനസ് /വി-ഗാർഡ് 3.5 കെ,വി ഇൻവെർട്ടർ സൈൻ വേവ് 48 V 2 എണ്ണം<br>B) ലൈവ് ഗാർഡ് 3.5 കെ,വി ഇൻവെർട്ടർ സൈൻ വേവ് 48 V 2 എണ്ണം | 20345 X2 =40690<br>18655x2 =37310<br>14547x2=29094<br>12025x2=24050<br>17000x2=34000<br>17530x12=210360<br>17680x12=212160<br>16830x12=201960<br>എല്ലാ |

| | | | | | |
|---|---|---|---|---|---|
| | 3)ലൂമിനസ് /വി-ഗാർഡ് 2 കെ,വി ഇൻവെർട്ടർ<br>3) 200 AH C-10 12 V ബാറ്ററി 8 NOS | | | 2)i)ലൂമിനസ് 2 കെ,വി ഇൻവെർട്ടർ<br>Ii)2 കെ,വി ഇൻവെർട്ടർലിവ് ഗാർഡ്<br>Iii) 2 കെ,വി ഇൻവെർട്ടർ അമേസ്<br>3) 200 AH C-10 12 V ബാറ്ററി 12NOS<br>I)ലൂമിനസ് 200ah R ബാറ്ററി<br>Ii) ലിവ് ഗാർഡ് 200ah R ബാറ്ററി<br>Iii)അമേസ് 200ah R ബാറ്ററി | ഐറ്റങ്ങൾക്കും 3 വർഷ വാറണ്ടി |

മേൽ പട്ടിക പ്രകാരം ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത് കൈരളി ഏജൻസീസാണ്. വിശദവിവരങ്ങൾ ചുവടെ,

| ബിൽ പ്രകാരം വാങ്ങിയ ഇനങ്ങൾ | കൈരളി ഏജൻസീസ് ക്വോട്ട് ചെയ്തത് | | | | | |
|---|---|---|---|---|---|---|
| | ലോവെസ്റ്റ് | എണ്ണം | ആകെ | ലൂമിനസ് | എണ്ണം | ആകെ |
| 200 AH ബാറ്ററി | 16830 | 12 | 201960 | 17530 | 12 | 210360 |
| 2KV ഇൻവെർട്ടർ | 12025 | 2 | 24050 | 14547 | 2 | 29094 |
| 3KVഇൻവെർട്ടർ | 18655 | 2 | 37310 | 20345 | 2 | 40690 |
| ആകെ | | | 263320 | ആകെ | | 280144 |

മേൽ പറഞ്ഞ ഇനങ്ങൾ(ലൂമിനസ്) വാങ്ങിയതിന് ബൈസൺ ഇ-കോം പ്രൈവറ്റ് ലിമിറ്റഡിന്റെ ബില്ല് പ്രകാരം നൽകിയിരിക്കുന്ന ആകെ തുക 324506 രൂപയാണ്. കൈരളി ഏജൻസീസിൽ നിന്നും ലൂമിനസ് ആയിരുന്നു വാങ്ങിയിരുന്നതെങ്കിൽ 280144/-രൂപയേ ചെലവ് ഉണ്ടാകുമായിരുന്നുള്ളു. അധികമായി ഉണ്ടായ ചെലവ് 44362/-രൂപ.
2) ഇനം തിരിച്ച് നിരക്ക് ക്വോട്ട് ചെയ്യാത്ത സ്ഥാപനത്തെ എപ്രകാരമാണ് തിരഞ്ഞെടുത്തത് എന്നത് വ്യക്തമല്ല
3) വാങ്ങിയ സാധനങ്ങളുടെ ആവശ്യകത/കപ്പാസിറ്റി എപ്രകാരം നിർണ്ണയിച്ചു.

ഇപ്രകാരം കുറഞ്ഞ നിരക്ക് ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ, ഇനം തിരിച്ചുള്ള നിരക്ക് ക്വോട്ട് ചെയ്യാതിരുന്നിട്ടു കൂടി തിരഞ്ഞെടുത്തിന്റെ കാരണം വ്യക്തമല്ല. സ്റ്റോർ പർച്ചേസ് മാന്വൽ (ഖ.9.4) പ്രകാരം ടെണ്ടറുകൾ/ക്വട്ടേഷനുകൾ ഉറന്നതിന് ശേഷം നിരക്കുകളുടെ കൃത്യവും പൂർണ്ണവുമായ താരതമ്യ പട്ടിക തയ്യാറാക്കേണ്ടതും ഖണ്ഡിക 9.16 മുതൽ ഖ.9.18 വരെ പ്രകാരം നിരക്കുകൾ താരതമ്യം ചെയ്യേണ്ടതും കുറഞ്ഞനിരക്കിലുള്ള ടെണ്ടർ അംഗീകരിക്കേണ്ടതുമാണ്. മാത്രമല്ല കുറഞ്ഞ നിരക്ക് സ്വീകാര്യമല്ലാത്ത സംഗതികളിൽ ആയതിനുള്ള കാരണം രേഖപ്പെടുത്തണമെന്ന് പ്രത്യേകം നിഷ്കർഷിയ്ക്കുന്നുമുണ്ട്. എന്നാൽ ഇവിടെ ടി മാനദണ്ഡങ്ങളൊന്നും പാലിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ എൻക്വയറി നം 11/14-11-21 ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ നിരക്ക് ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ തിരഞ്ഞെടുത്തത് വഴി അധികമായി ചെലവഴിച്ച 44362/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു, പൊതു സമാഹരണങ്ങൾ നടത്തുമ്പോൾ സർക്കാർ നിഷ്കർഷിയ്ക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് സമാഹരണം നടത്താൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-31 പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ നിലവാരത്തിലെത്തിക്കൽ, S0105/20 - അപാകതകൾ

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ നിലവാരത്തിലെത്തിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി റെക്കോർഡ് റൂമിലേക്കായി ഫർണീച്ചറുകൾ നിർമ്മിച്ചിരുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| എസ്റ്റിമേറ്റ് | 1052000 | |
| കരാർ നം | 31/AE/LSGD/19-20/28.02.20 | |
| എഗ്രീഡ്. പി.എ.സി | 928455.54 | |
| കരാറുകാരന്റെ പേര് | അനിൽകുമാർ.എസ് | |
| ആകെ മൂല്യം | 1036095(ജി.എസ്.റ്റി ഉൾപ്പെടെ) | |
| തുക | 100000(plan-G) | ബിൽ നം.31/19.01.2021 |
| | 702000(FCG) | ബിൽ നം.30/19.01.2021 |
| | 234095(own) | ചെക്ക് നം.408446/01.03.21 |
| എം ബുക്ക് നം | 16/20-21 | |

1.കരാർ യഥാസമയം ചമച്ചില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നുള്ള 04.02.20 ലെ സെലക്ഷൻ നോട്ടീസ് പ്രകാരം 14.02.2020 നുള്ളിൽ കരാർ ചമയ്ക്കേണ്ടിയിരുന്നു. കരാർ ചമച്ചത് 28.02.2020 ൽ മാത്രമാണ്. പി.എ.സി യുടെ 1% പിഴ(9285 രൂപ) ഈടാക്കേണ്ടിയിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

2)പുതുക്കിയ മാനുവൽ പ്രകാരമുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയല്ല കരാർ ചമച്ചിട്ടുള്ളത്.

3)28.02.2020 ൽ കരാർ ചമച്ച പ്രവൃത്തി പൂർത്തീകരിച്ചത് 01.12.2020 ൽ മാത്രമാണ്. 07.11.20 ലെ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. 22.09.20 ലാണ് പ്രവൃത്തി ആരംഭിച്ചത് തന്നെ. പൂർത്തീകരിച്ചതാവട്ടെ 01.12.2020 ലും. എന്നാൽ കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ കാലയളവ് ദീർഘിപ്പിച്ച് സപ്ലിമെന്ററി കരാർ ചമക്കുകയോ ചെയ്തിട്ടില്ല.

4)ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 6 ഷട്ടറുകളുള്ള 14 തടി അലമാരകളും 12 ഷട്ടറുകളുള്ള3 തടി അലമാരകളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഫർണീച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

5)ഇനം.15 - സ്പെസിഫിക്കേഷൻ 13.67.1 Varnishing With Warnish Of Approved Brand And Manufacture, 3x12x2x0.52x2x0.47 = 35.19 എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. 12 കബോർഡുകളിലും 3x12x0.52x2x0.47 = 17.597 $M^2$ അളവ് മാത്രമേ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ. അധികമായി ചെലവഴിച്ച (17.597 $M^2$ @162/$m^2$ = ) 2850 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

6)ഇനം 14- സ്പെസിഫിക്കേഷൻ 9.114.1 പ്രകാരം Providing And Fixing Magnetic Catches Of Approved Quality In Cupboard Shutters Including Fixing With Necessary Screws Etc, എന്ന പ്രവൃത്തിയ്ക്ക് 120 No@40/No = 4800 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രാദേശിക പരിശോധനയിൽ കൂടുതൽ കബോർഡുകളിലും Magnetic Catches ഇളകിപ്പോയതായും പലതിലും പ്രവർത്തിക്കാത്തതായും ബോധ്യപ്പെട്ടു.

7) പ്രാദേശിക പരിശോധനയിൽ രണ്ടു പീസുകൾ കൂട്ടിചേർത്താണ് തട്ടുകൾ നിർമ്മിച്ചിട്ടുള്ളത് എന്ന് കണ്ടു. തട്ടുകളിൽ ഈ ഭാഗങ്ങൾക്കിടയിൽ വിടവുകളുള്ളതായി കണ്ടു. കൂടുതൽ ഭാരം താങ്ങാൻ തട്ടുകൾക്ക് ശേഷിയില്ല എന്നും ബോധ്യപ്പെട്ടു. പ്രവൃത്തി പൂർത്തീകരിച്ച് മാസങ്ങൾക്കുള്ളിൽ തന്നെ ഇപ്രകാരമാണ് അവസ്ഥ.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/20-21) ലഭ്യമാക്കിയ മറുപടിയുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

"കരാറുകാരൻ പിഴ കൂടാതെ കരാർ ചമയ്ക്കേണ്ടിയിരുന്നത് 14.02.20 ൽ ആയിരുന്നുവെങ്കിലും ടിയാൻ അസുഖബാധിതനായത് കാരണമാണ് കരാർ യഥാസമയം ചമയ്ക്കാൻ കഴിയാതിരുന്നതെന്നും ക്രമ നം. 5 ൽ പറയുന്ന പ്രകാരം അധികമായി അനുവദിച്ച തുക കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്നും ക്രമ നം 6,7പ്രകാരം രേഖപ്പെടുത്തിയ പോരായ്മകൾ പരിഹരിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയതായും മറുപടി നൽകി."

കരാറുകാരൻ അസുഖബാധിതനായത് കാരണമാണ് കരാർ യഥാസമയം ചമയ്ക്കാൻ കഴിയാതിരുന്നതെന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. ആയുർവേദ മെഡിക്കൽ ഓഫീസറുടെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത മെഡിക്കൽ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. അതിൽ 13.02.20 മുതൽ 13 ദിവസത്തെ ട്രീറ്റ്മെന്റാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തന്നെയുമല്ല ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തിട്ടുമില്ല. ഈ കാരണങ്ങൾ രേഖപ്പെടുത്തി യഥാസമയം അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ കമ്മറ്റിയിൽ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

മൂല്യനിർണ്ണയത്തിലെ പിഴവ് കാരണം അധികമായി അനുവദിച്ച തുക (2850 രൂപ), യഥാസമയം കരാർ ചമക്കാതിരുന്നത് കാരണം ഈടാക്കേണ്ടിയിരുന്ന പിഴ എന്നിവ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഫർണീച്ചറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-32 പിള്ളക്കടവ് ബണ്ടേൽ പാലം നിർമ്മാണം (S0191/20)- സോയിൽ ടെസ്റ്റിംഗ് ആന്റ് സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കൽ - പ്രാഥമിക നടപടിക്രമങ്ങൾ സ്വീകരിക്കാതെ മണ്ണ് പരിശോധനയ്ക്ക് തുക ചെലവഴിച്ചു

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ
കരാർ നം- 26/AE/LSGD/APZA/19-20/21.12.2019

അടങ്കൽ - 830000

പിള്ളക്കടവ് ബണ്ടേൽ പാലം നിർമ്മാണത്തിന് വേണ്ടി സോയിൽ ടെസ്റ്റിംഗ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനായി 28.11.19 ലെ 15/1 നമ്പർ തീരുമാന പ്രകാരം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനത്തെ അംഗീകരിച്ചിരുന്നു. താഴെ പറയും പ്രകാരം തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| വർഷം | തുക | | ഫണ്ട് |
|---|---|---|---|
| 2019-20 | 100000,ബിൽ നം.21/23.12.19 | | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 2020-21 | 605375 | 279568/-ബിൽ നം.25/16.11.20 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| | | 325807/-ബിൽ നം.46/31.03.21 | |
| ആകെ | 705375 | | |

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ 29.03.21 ലെ ഫൈനൽ ബിൽ പ്രകാരം മണ്ണ് പരിശോധനയുടെ ആകെ മൂല്യം 597776 രൂപയാണ്. ജി.എസ്.റ്റി ഉൾപ്പെടെ 705375 രൂപ സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ സംബന്ധമായുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.2008ലെ നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമ പ്രകാരം(സെക്ഷൻ:3(1)), പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ നെൽവയൽ പരിവർത്തനപ്പെടുത്തുകയോ, രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നത് വിലക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 11 പ്രകാരം സംസ്ഥാനത്തെ തണ്ണീർതടങ്ങൾ അതേപോലെ കാത്തുസൂക്ഷിക്കേണ്ടതും, അവ രൂപാന്തരപ്പെടുത്തുന്നതിന് പൂർണ്ണ വിലക്കുള്ളതുമാണ്. തണ്ണീർതട സംരക്ഷണ നിയമപരിധിയിൽ വരുന്ന സ്ഥലമാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.

2. ഗ്രാമസഭയിലെ മുൻഗണനാക്രമം, പ്രാദേശിക വാസികളുടെയും വാർഡ് മെമ്പറുടേയും നിരന്തര ആവശ്യം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി ആവിഷ്കരിച്ചതെന്നും 30 കുടുംബങ്ങൾ ഈ പാലത്തിന്റെ ഗുണഭോക്താക്കളാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. എന്നാൽ ഇതുമായി ബന്ധപ്പെട്ട സ്റ്റഡി റിപ്പോർട്ടുകളൊന്നും ഫയലിലില്ല.

3.പദ്ധതി സ്ഥലം പഞ്ചായത്തിന്റെ ആസ്തിയാണോയെന്ന് വ്യക്തമല്ല. സ്ഥലം ഏറ്റെടുക്കുവാൻ നടപടിക്രമങ്ങൾ ഒന്നും സ്വീകരിച്ചിട്ടുമില്ല.

4.ഈ പ്രവൃത്തിക്കായി 2019-20 സാമ്പത്തിക വർഷം 68 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചതായി മറുപടിയിൽ പറയുന്നുണ്ടെങ്കിലും അപ്രകാരമുള്ള രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. 20-21 ൽ സോയിൽടെസ്റ്റിന് മാത്രമാണ് തുക വകയിരുത്തിയത്.

5.2021-2022 സാമ്പത്തിക വർഷം ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല.

6.ഈ പദ്ധതിക്കായി സൈറ്റ് പ്ലാൻ, സ്കെച്ച് എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഫയലിൽ രേഖകളില്ല.

തണ്ണീർതട സംരക്ഷണ നിയമപരിധിയിൽ വരുന്ന സ്ഥലത്തുള്ള നിർമ്മാണ പ്രവർത്തനത്തിന് ബന്ധപ്പെട്ട അധികാരസ്ഥാനത്തു നിന്നുമുള്ള അനുമതി തേടിയതായോ, ലഭിച്ചതായോ രേഖയില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/20-21) ടി സ്ഥലം തണ്ണീർതടസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലമല്ലെന്ന് സ്ഥലം സന്ദർശിച്ചതിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞുവെന്നും കായംകുളം കായലിന്റെ കൈവഴിയായ പിള്ളക്കടവ് കായലിലൂടെ ബോട്ട് സർവ്വീസ് ഇല്ലാത്തതിനാൽ ജലഗതാഗത വകുപ്പിന്റെ അനുമതി ആവശ്യമില്ലെന്നും ജലസേചന വകുപ്പിന്റെ അനുമതിക്കായി പഞ്ചായത്ത് കമ്മറ്റിക്ക് കത്ത് നൽകിയതായും അറിയിച്ചു. പഞ്ചായത്ത് കമ്മറ്റിക്ക് കത്ത് നൽകിയെങ്കിലും ജലസേചന വകുപ്പിന് കത്ത് പോയിട്ടില്ല. ബന്ധപ്പെട്ട വകുപ്പുകളുടെ രേഖാമൂലമുള്ള അനുമതി ലഭ്യമാക്കാതെയാണ് സോയിൽ ടെസ്റ്റിംഗ് നടത്തിയതെന്ന് മറുപടിയിൽ തന്നെ വ്യക്തം. ഇപ്രകാരം പ്രാഥമികമായി സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങളൊന്നും സ്വീകരിക്കാതെയാണ് മണ്ണ് പരിശോധനക്കായി തുക ചെലവഴിച്ചിട്ടുള്ളത് എന്ന് കാണുന്നു. ആയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 ഉമ്പൂർമുഴി ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ- പ്രവർത്തനക്ഷമമാക്കിയിട്ടില്ല

ജൈവമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 2018-19, 20-21 വർഷങ്ങളിലായി ശുചിത്വമിഷൻ ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുകകൾ ഐ.ആർ.റ്റി.സി-ക്ക് നൽകിയിട്ടുണ്ട്.

| | 2018-19 | 2020-21 | ആകെ |
|---|---|---|---|
| പി.എച്ച്.സി, ആറാട്ടുപുഴ (1 യൂണിറ്റ്) | 125000 | 87269 | 212269 |
| നല്ലാണിക്കൽ എൽ.പി.എസ് (1 യൂണിറ്റ്) | 125000 | - | 125000 |
| വലിയഴീക്കൽ എച്ച്.എസ്.എസ് (2 യൂണിറ്റുകൾ) | 250000 | 166867 | 416867 |
| മംഗലം എൽ.പി.എസ്/എച്ച്.എസ്.എസ് (2 യൂണിറ്റുകൾ) | 350000 | 85141 | 435141 |
| | 850000 (ചെക്ക് നം.266255/ 18.03.2019) | 339277 (ചെക്ക് നം.266256/ 28.12.2020) | 1189277 |

6 യൂണിറ്റുകളിലായി ആകെ 12 ബിന്നുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്.

1)പി.എച്ച്.സി, ആറാട്ടുപുഴ, S0227/19, S0195/21

ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി എയ്റോബിക് കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്.

| | |
|---|---|
| എസ്റ്റിമേറ്റ് | 250000 |
| കരാർ നം | 01.03.19 |
| എഗ്രീഡ്. പി.എ.സി | 250000 |
| ആകെ മൂല്യം | 212269 |
| തുക | 125000/14.03.19 |
| | 87269/05.11.20 |
| എം ബുക്ക് നം. | 63/18-19 |

പ്രാദേശിക പരിശോധന നടത്തിയതിൽ എയ്റോബിക് കമ്പോസ്റ്റ് പ്ലാന്റിന്റെ പ്രവർത്തനം ഇതേ വരെയും ആരംഭിച്ചിട്ടില്ല എന്നും എം ബുക്കിൽ (പേജ് നം.41, 42) മൂല്യ നിർണ്ണയം നടത്തിയ താഴെ പറയുന്നവ അവിടെ സ്ഥാപിച്ചിട്ടില്ല എന്നും കണ്ടു.

ഇനം. 17, Supplying Coir Pith Inoculum -1500 Kg@15/kg = 22500

ഇനം. 18, Locking Arrangements - 1@1500 =1500

18.06.20 ലെ 18-ാം നമ്പർ തീരുമാന പ്രകാരം റൂഫിംഗിന് വ്യത്യാസം വരുത്തി എസ്റ്റിമേറ്റ് ഭേദഗതി ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് ഭേദഗതിയിൽ Coir Pith Inokulam 1311 Kg എന്നത് 1500 Kg @15/kg എന്ന് മാറ്റം വരുത്തിയിരിക്കുന്നു.

2)വലിയഴീക്കൽ എൽ .പി.എസ്/എച്ച്.എസ്.എസ്,s0229/19, S0197/20

| | |
|---|---|
| എസ്റ്റിമേറ്റ് | 500000 |
| കരാർ നം | 23.02.19 |
| എഗ്രീഡ്. പി.എ.സി | 500000 |
| ആകെ മൂല്യം | 416866.803 (406699.32+2.5%management Charge) |
| തുക | 250000 |
| | 166867 |
| എം ബുക്ക് നം. | 64/18-19 |

പ്രാദേശിക പരിശോധന നടത്തിയതിൽ എയ്റോബിക് കമ്പോസ്റ്റ് പ്ലാന്റിന്റെ പ്രവർത്തനം ഇതേ വരെയും ആരംഭിച്ചിട്ടില്ല എന്നും എം ബുക്കിൽ (പേജ് നം.41) മൂല്യ നിർണ്ണയം നടത്തിയ താഴെ പറയുന്നവ അവിടെ സ്ഥാപിച്ചിട്ടില്ല എന്നും കണ്ടു.

ഇനം. 17, Supplying Coir Pith Inoculum -1500 Kg@18.31/kg = 27459

ഇനം. 18, Locking Arrangements - 1@1500 =1500

ഇനോക്കുലത്തിന്റെ വില പി.എച്ച്.സി യിൽ നിന്നും വലിയഴീക്കൽ എച്ച്.എസ്.എസ് ൽ എത്തിയപ്പോൾ 3.31/kg കൂടി. എം ബുക്കിൽ ആദ്യ അളവ് 06.11.19 ലും അവസാന അളവ് 01.02.20 ലുമാണ്.

3)മംഗലം എൽ.പി.എസ്/എച്ച്.എസ്.എസ്, S0194/20

മംഗലം എൽ.പി.എസ് ലും എച്ച്.എസ്.എസ് ലുമായി ഓരോ യൂണിറ്റ്, 2 ബിന്നുകൾ വീതം സ്ഥാപിക്കുന്നതിനായി 435141 രൂപ ചെലവഴിച്ചെങ്കിലും ഫയൽ ഹാജരാക്കിയില്ല. മംഗലം എൽ.പി.എസിൽ ഒരു യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. മംഗലം എച്ച്.എസ്.എസ് ൽ കുറച്ച് ഉണകൾ മാത്രമാണ് കാണാൻ കഴിഞ്ഞത്.

4)നല്ലാണിക്കൽ എൽ .പി.എസ്,s0196/20

മുൻകൂറായി 125000 രൂപ 2018-19 ൽ അനുവദിച്ചിട്ടുണ്ട്. ഫയൽ ഹാജരാക്കിയില്ല. യൂണിറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. Supplying Coir Pith Inoculum, Locking Arrangements എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

അപാകതകൾ

1.പ്രാദേശിക പരിശോധന നടത്തിയതിൽ മംഗലം എച്ച്.എസ്.എസ് ഒഴികെയുള്ള സ്കൂളുകളിൽ ബിൻ സ്ഥാപിച്ചിട്ടുണ്ട്. മംഗലം എച്ച്.എസ്.എസ് ൽ കുറച്ച് ഉണകൾ മാത്രമാണ് കാണാൻ കഴിഞ്ഞത്. എയ്റോബിക് കമ്പോസ്റ്റ് പ്ലാന്റിന്റെ പ്രവർത്തനം ഇതേ വരെയും ആരംഭിച്ചിട്ടില്ല.



2.മംഗലം എച്ച്.എസ്.എസ്, വലിയഴീക്കൽ എച്ച്.എസ്.എസ് എന്നീ സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തിന്റെ

അധികാരപരിധിയിൽ വരുന്ന സ്ഥാപനങ്ങളാണ്. കൂടാതെ മംഗലം എച്ച്.എസ്.എസിൽ മുതുകുളം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച ഒരു കമ്പോസ്റ്റ് യൂണിറ്റ് നിലവിലുള്ള സാഹചര്യത്തിൽ വീണ്ടും ഒരു യൂണിറ്റ് കൂടി സ്ഥാപിക്കാനുണ്ടായ കാരണം വ്യക്തമല്ല. തന്നെയുമല്ല മുതുകുളം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച യൂണിറ്റിന്റെ പ്രവർത്തനവും ഇതേ വരെ ആരംഭിച്ചിട്ടില്ല.

3.തുക 3 ഗഡുക്കളായാണ് നൽകേണ്ടതാണെന്നും ആദ്യ ഗഡു അടങ്കൽ തുകയുടെ 50% അഡ്വാൻസ് ആയും 90% പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ 25%, പൂർത്തീകരിക്കുമ്പോൾ 25% എന്ന രീതിയിലുമാണ് തുക അനുവദിക്കേണ്ടത്. പരമാവധി 4 മാസമാണ് പൂർത്തീകരണ കാലയളവ് എന്നും കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതേ വരെയും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. തന്നെയുമല്ല Coir Pith Inoculum, Locking Arrangements എന്നീ പ്രവൃത്തികൾ നടത്താതെ തന്നെ തുക അനുവദിക്കുകയും ചെയ്തു.



മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(22/20-21) മറുപടിയായി മംഗലം എച്ച്.എസ്.എസിലെ ബിന്നുകൾ സാമൂഹ്യവിരുദ്ധർ നശിപ്പിച്ചതായും, ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഐ.ആർ.റ്റി.സി ക്ക് നിർദ്ദേശം നൽകിയതായും അറിയിച്ചു. ഇനോക്കലം സപ്ലൈ, ലോക്കിംഗ് അറേഞ്ച്മെന്റ് എന്നിവ എത്രയും വേഗം സ്ഥാപിച്ച് കംപോസ്റ്റ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. യൂണിറ്റ് ഇതേ വരെയും പ്രവർത്തനക്ഷമമാക്കാത്ത സാഹചര്യത്തിൽ തൻവർഷ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 എൽ.എസ്.ജി.ഡി എ.ഇ യുടെ കാര്യാലയത്തിലേക്ക് പുതിയ യു.പി.എസ് വാങ്ങലും സ്ഥാപിക്കലും (S0143/20) - ടെണ്ടർ നടപടികളിൽ അവ്യക്തത

| | |
|---|---|
| എസ്റ്റിമേറ്റ് | 80000 |
| കരാർ നം | 32/AE/03.03.20 |
| എഗ്രീഡ്. പി.എ.സി | 79135 |
| കരാറുകാരന്റെ പേര് | ആനടി എനർജി സൊല്യൂഷൻസ് |

| | |
|---|---|
| ആകെ മൂല്യം | 79135 |
| തുക | 19135-/16.03.20, (ചെക്ക് നം. 402445/20.03.20) |
| | 60000-FCA,ബിൽ നം.56/12.05.20 |

ബിൽ പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| 2KVA Sinewave UPS | 19706 |
| Electrification And Installation,cess | 56286+2500+643 |
| | 79135 |

ടെണ്ടർ നടപടികളിലെ അപാകതകൾ

1.05.11.19 ലെ ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ 12.11 19 ൽ ലഭിച്ച ഇഗാടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്, കൊച്ചി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഫയലിലുണ്ട്. എന്നാൽ ഇത് അംഗീകരിച്ചതായി കാണുന്നില്ല.

2.05.02.20 ൽ ഇന്റിഗോൺ ഇൻഫോമാറ്റിക്സ്, കരുനാഗപ്പള്ളി എന്ന സ്ഥാപനവും ആനടി എനർജി സൊല്യൂഷൻസ്, ഓച്ചിറ എന്ന സ്ഥാപനത്തിന്റേയും ക്വട്ടേഷൻ ഫയലിലുണ്ട്. ക്വട്ടേഷൻ പരസ്യം ഉൾപ്പെടെയുള്ള രേഖകൾ ഫയലിലില്ല. 25.02.20 ൽ സെലക്ഷൻ നോട്ടിസ് നൽകുകയും 03.03.20 ൽ കരാർ ചമച്ചിട്ടുമുണ്ട്.

3.കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആനടി എനർജി സൊല്യൂഷൻസിന്റെ 05.02.20 ലെ ബിൽ/ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 79135 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഒരേ തീയതിയിൽ തന്നെ ക്വട്ടേഷനും ബില്ലും. സെലക്ഷൻ നോട്ടീസ് നൽകുകയോ കരാർ ചമക്കുകയോ ചെയ്യാതെ തന്നെ ബിൽ നൽകിയിരിക്കുന്നു.

4.ഇന്റിഗോൺ ഇൻഫോമാറ്റിക്സ്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ GSTIN നമ്പറും ആനടി എനർജി സൊല്യൂഷൻസ്, ഓച്ചിറ എന്ന സ്ഥാപനത്തിന്റെ കാഷ് ബില്ലിലെ GSTIN നമ്പറും ഒന്നു തന്നെ(GSTIN 32 BXYPA 10395 H7 ZD). ഫോൺ നമ്പറും ഒന്നു തന്നെ. ഒരേ സ്ഥാപനം തന്നെയാണ് രണ്ട് ക്വട്ടേഷനും നൽകിയിട്ടുള്ളത്. ഈ GSTIN നമ്പർ സൈറ്റിൽ പരിശോധിച്ചതിൽ ഇൻവാലിഡ് എന്ന് രേഖപ്പെടുത്തുന്നു.

5.ഏത് കമ്പനിയുടെ സാധനമാണെന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. വാറന്റി കാർഡ് ഹാജരാക്കിയില്ല. സാധനങ്ങൾ സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല.

6. 26.04.19 ലെ ജി.ഒ(പി)നം.7/19/എസ്.പി.ഡി പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ജെം നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും GEM, Cprcs എന്നീ മാർഗ്ഗങ്ങളിലൂടെ വാങ്ങൽ നടത്തിയില്ല.

ടെണ്ടർ നടപടികളിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/20-21) മറുപടിയായി ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ തുടങ്ങി വിവിധ ഘട്ടങ്ങളിലൂടെ പോയതിനുശേഷമാണ് പദ്ധതിനിർവ്വഹണം നടത്തിയതെന്നും 05.02.20 ലെ ഇൻവോയിസിന്റെ അടിസ്ഥാനത്തിലല്ല തുക അനുവദിച്ചതെന്നും ഒറിജിനൽ ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെന്നും ബിൽ പകർപ്പ് പിന്നീട് സമർപ്പിക്കുന്നതാണെന്നും അറിയിച്ചു. ജി.എസ്.റ്റി നമ്പർ ശരിയാണെന്ന ധാരണയിലാണ് തുടർനടപടികൾ സ്വീകരിച്ചതെന്നും തുടർന്ന് ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകി. നിലവിൽ ഈ ഉപകരണങ്ങൾ പ്രവർത്തനസജ്ജമാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. എന്നാൽ വാറന്റി കാർഡ് ഹാജരാക്കുകയോ സ്റ്റോക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 തുടർ സാക്ഷരത - പരീക്ഷാ ഫീസ് അടച്ച ഗുണഭോക്താക്കൾ പരീക്ഷയെഴുതിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല

പ്രോജക്ട് നം - 57/21

പ്രോജക്റ്റിന്റെ പേര് - 10-ാം തരം 11-ാം തരം തുല്യതാ പഠനം

ട്രഷറി ബിൽ നം 04/20-21/26-03-21 പ്രകാരം 39950 രൂപ 10-ാം തരം തുല്യതാ കോഴ്സിന്റെ രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ, പരീക്ഷാ ഫീസ് (100+1750+500) എന്നീയിനത്തിൽ അടച്ചിട്ടുണ്ട്. 17 പഠിതാക്കളുടെ ഫീയാണ് അടച്ചിട്ടുള്ളത്. 11-ാം തരം തുല്യതാ പഠനത്തിനായി 18 പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ എന്നീയിനത്തിൽ 45000 രൂപ (300 + 2200) ട്രഷറി ബിൽ നം 05/20-21/26-03-21 പ്രകാരം പിൻവലിച്ച് സാക്ഷരതാ മിഷന് നല്കിയിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്ന രണ്ട് തുകകളുടെയും കൈപ്പറ്റ് രസീത് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പത്താം തരം തുല്യത പരീക്ഷയ്ക്കായി 17 പഠിതാക്കളുടെ പരീക്ഷ ഫീ ഒരു ഗുണഭോക്താവിന് 500 രൂപ നിരക്കിൽ അടച്ചിട്ടുണ്ടെങ്കിലും ഈ ഗുണഭോക്താക്കൾ പരീക്ഷയെഴുതിയതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. ഗുണഭോക്താക്കൾ പരീക്ഷയെഴുതിയതിന്റെ ഹാൾ ടിക്കറ്റ്, കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് . ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

1) സംഗീത, കൊച്ചൻ പറമ്പിൽ

2) സുമ.എസ്, സുചിത്ര ഭവനം

3) ഷാനിമോൾ, വടക്കേതുറയിൽ

4) നിർമ്മല, ചാലുങ്കൽ

5) അമ്പിളി, അഖിൽ ഭവനം

6) പ്രിയങ്ക, ഗംഗാ ഭവനം

7) ഷൈജ.എസ്, ചന്ദ്രാലയം

8) പ്രീതാമോൾ.പി, ചാലുംപാട്

9) അജന്ത.ആർ, കുന്നും പുറത്ത്

10) സിന്ധു.കെ, പുത്തൻ പറമ്പിൽ

11) ശാലിനി.എസ്, മുണ്ട് ചിറയിൽ

12) സുഷ.ബി, നെടുംതറയിൽ

13) ശോഭ.വി, കുഞ്ഞാടം പറമ്പിൽ

14) ബീന.ആർ, പുല്ലുകാട്ടിൽ പടീറ്റതിൽ

15) ശാന്തമ്മ.കെ, സാധുപുരം

16) ദീപാ ചന്ദ്രൻ, ശിശുപാലപുരം

17) ഷഹന, അകത്തുകായലിൽ

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 12/15-11-21 ന് നല്കിയ വിശദീകരണത്തിൽ തുകയുടെ കൈപ്പറ്റ് രസീത് സാക്ഷരതാമിഷനിൽ നിന്ന് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പരീക്ഷയെഴുതിയ ഗുണഭോക്താക്കളുടെ കോഴ്സ് സർട്ടിഫിക്കറ്റ്, പരീക്ഷയുടെ അഡ്മിഷൻ സർട്ടിഫിക്കറ്റ്, തുകയുടെ കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-36 ടെലിവിഷൻ വാങ്ങുന്നതിനായി തുക ചെലവഴിച്ചെങ്കിലും പദ്ധതിലക്ഷ്യം പൂർത്തീകരിച്ചില്ല

വൗച്ചർ നം. 22000578/28-10-2020 പ്രകാരം 200000 രൂപ പിൻവലിച്ച് 20 ടി.വി.സെറ്റ് വാങ്ങി 20 അംഗൻവാടികളിലായി വിതരണം ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. നിർദ്ധനരായ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനാവശ്യത്തിനായാണ് ടി.വി സെറ്റ് വാങ്ങുന്നതിനായി തീരുമാനിച്ചിട്ടുള്ളത്. കെ .എസ്.എഫ്.ഇ യിൽ നിന്നുള്ള ധനസഹായമാണ് ഇതിനായി വിനിയോഗിച്ചിട്ടുള്ളത്. ഇതിന്റെ വിതരണ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ഏതൊക്കെ അംഗൻവാടികളിലാണ് വിതരണം ചെയ്തിട്ടുള്ളത്, ഈ ടി.വി.കൾ നിലവിൽ കണക്ഷൻ എടുത്ത് പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.09/12-11-21 ന് നല്കിയ മറുപടിയിൽ ഈ ടെലിവിഷൻ സെറ്റുകൾ വിതരണം ചെയ്തിട്ടില്ലെന്ന് മറുപടി നല്കിയിട്ടുണ്ട്. ഈ ടെലിവിഷനുകൾ നിലവിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതും ഈ സാധനങ്ങൾ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്നതും മറുപടിയിൽ വിശദീകരിച്ചിട്ടില്ല. തുക ചെലവഴിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ടി വി സെറ്റ് വാങ്ങി ഉപയോഗ യോഗ്യമാക്കാതിരുന്നത് പഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. ചെലവ് തുക 200000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-37 വെള്ളക്കരക്കുടിശ്ശിക - 14.56 കോടിയുടെ ബാദ്ധ്യത

വെള്ളക്കരമിനത്തിൽ പ്രതിമാസമുണ്ടാകുന്ന ഭീമമായ പിഴ പഞ്ചായത്തിന് വലിയ ബാദ്ധ്യതയായി മാറുന്നു. 2021 ഫെബ്രുവരിയിലെ ഡിമാന്റ് നോട്ടീസ് പ്രകാരം 145605706 രൂപയാണ് ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യത.

മുൻ ബാക്കി -142389909 രൂപ

തൻമാസ ഡിമാന്റ് - 422625 രൂപ

ഫൈൻ - 2793172 രൂപ

ആകെ അടക്കാനുള്ള തുക - 145605706 രൂപ

നിലവിൽ പ്രതിമാസം വെള്ളക്കരം അടക്കുന്നില്ല. 2020-21 സാമ്പത്തിക വർഷം പ്രോജക്ട് വച്ച് അടച്ച വെള്ളക്കരത്തിന്റെ വിവരം ചുവടെ ചേർക്കുന്നു .

| പ്രോജക്ട് നം | അടച്ച തുക | ഫണ്ടിനം |
|---|---|---|
| 14/20-21 | 2537400 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| 170/21 | 2404200<br>1381424 | ധനകാര്യ കമ്മീഷൻ അവാർഡ് ഗ്രാന്റ്<br>മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ആകെ | 6323024 | |

കോടികൾ ബാദ്ധ്യത നിൽക്കേ കേവലം 6323024 രൂപ മാത്രമാണ് പഞ്ചായത്തിന് അടക്കാൻ സാധിച്ചിട്ടുള്ളത്. പ്രതിമാസം ഫൈനിനത്തിൽ ഭീമമായ തുക വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നതിനാൽ പഞ്ചായത്തിന് ഈ ബാദ്ധ്യതയിൽ നിന്നും ഒരിക്കലും മോചനം നേടാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതിനാൽ ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരാൻ നടപടി സ്വീകരിക്കേണ്ടതാണ് .

വെള്ളക്കരം സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല

വെള്ളക്കരം സംബന്ധിച്ച പ്രതിമാസ ഡിമാന്റ്, അടക്കുന്ന തുകകളുടെ വിശദാംശം, ബാലൻസ് എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വെള്ളക്കര ഫയലിനൊപ്പം വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന പ്രതിമാസ ഡിമാന്റ് നോട്ടീസ് ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല. സ്രോതസ്സിൽ നിന്ന് കുറവുചെയ്യുന്ന തുകകളുൾപ്പെടെയുള്ള അടവ്, പ്രതിമാസ ഡിമാന്റ് എന്നിവ വിശദമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ 966 ടാപ്പുകൾക്കാണ് കരം അടക്കുന്നത്. എന്നാൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. കേരള വാട്ടർ അതോറിറ്റിയുടെ 14-08-19 ലെ നമ്പർ എ2/4547/18 കത്ത് പ്രകാരം പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ 30-09-2019 നകം സംയുക്ത പരിശോധന നടത്താൻ അനുയോജ്യമായ തീയതി കണ്ടെത്തി വാട്ടർ അതോറിറ്റിയെ അറിയിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വെള്ളക്കരം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഇതിനെ തുടർന്ന് നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. വിവിധ വർഷങ്ങളിൽ പ്രോജക്ട് വച്ച് വിവിധ നിർവഹണ ഉദ്യോഗസ്ഥർ വഴി ധാരാളം ഗാർഹിക കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയതിനനുസൃതമായി പൊതു ടാപ്പിന്റെ എണ്ണം കുറക്കാൻ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 33/18-11-21 പ്രകാരം വിശദീകരണം

ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

വെള്ളക്കരം ഇനത്തിലുള്ള അധിക ബാധ്യത ഒഴിവാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 പട്ടികജാതി കുടുംബങ്ങൾക്ക് ജീവനോപാധി - തയ്യൽ മെഷീൻ -ദുരന്തനിവാരണം - പ്രത്യേകപദ്ധതി - സർക്കാർ ഉത്തരവുകൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണം - ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാതെ ആനുകൂല്യം നൽകി

പ്രോജക്ട് നമ്പർ - S0235/21 സ്പിൽ ഓവർ

അടങ്കൽ - 626000/- (വികസനഫണ്ട് - പട്ടികജാതി വിഹിതം)

ചെലവ് - ബിൽ നം. 14/31.3.21 – 480216/-

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

2018 ലെ പ്രളയത്തിൽ സാരമായ നഷ്ടം സംഭവിച്ച തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ച പ്രത്യേക വിഹിതം ഉപയോഗിച്ച് ആവിഷ്കരിച്ച പ്രോജക്ടിൽ ഉൾപ്പെടുത്തി 107 തയ്യൽ മെഷീനുകൾ വാങ്ങിയതിൽ 102 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. പ്രളയ ബാധിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിന് സർക്കാർ ഉത്തരവ് (കൈ) നം. 170/2019/ത.സ്വ.ഭ.വ. തീയതി 23.12.2019 നമ്പർ ഉത്തരവിലെ മാർഗ്ഗരേഖയും പ്രളയബാധിത തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ച തുക ഉപയോഗിച്ച് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടില്ലാത്ത ജീവനോപാധികൾക്കായി പ്രോജക്ട് തയ്യാറാക്കുന്നത് നിർദ്ദേശങ്ങൾ നൽകി കൊണ്ടുള്ള സ.ഉ.(സാധാ) നം. 400/2020 /ത.സ്വ.ഭ.വ. തീയതി, 17.2.20 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുമായിരുന്നു പ്രോജക്ടുകൾ നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ മേൽ ഉത്തരവിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ. പ്രളയബാധിത തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ച തുക ഉപയോഗിച്ച് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടില്ലാത്തവയും സബ്സിഡി മാർഗ്ഗരേഖപ്രകാരം സബ്ഡിഡി നൽകരുതെന്ന് പ്രത്യേകമായി പറഞ്ഞിട്ടുള്ള തയ്യൽമെഷീൻ പോലുള്ള ജീവനോപാധികൾക്കായി പ്രോജക്ട് തയ്യാറാക്കുന്നത് നിർദ്ദേശങ്ങൾ നൽകി കൊണ്ടുള്ള സ.ഉ.(സാധാ) നം. 400/2020 /ത.സ്വ.ഭ.വ. തീയതി.17.2.20 നമ്പർ ഉത്തരവിൽ ക്രമനമ്പർ 3-ലെ നിർദ്ദേശ പ്രകാരം ചില ജീവനോപാധികൾ നൽകാവുന്നതല്ല എന്ന് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ടെങ്കിലും (ഉദാ - തയ്യൽ മെഷീൻ) ഇത്തരം ഉപകരണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുന:സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണെന്നും പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധികളോ അതിന് പകരമായി മറ്റ് തൊഴിൽ ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ/മെഷിനറികൾ തുടങ്ങിയവ വാങ്ങുന്നതിനോ ധനസഹായം നൽകാൻ തദ്ദേശഭരണസ്ഥാപനങ്ങൾ ഉദ്ദേശിക്കുന്നുങ്കിൽ അവ നൽകാവുന്നതും താത്ക്കാലിക ക്രമീകരണം എന്ന നിലയിൽ ആസൂത്രണ മാർഗ്ഗരേഖ പ്രകാരമുള്ള നൂതന പ്രോജക്ടുകൾ തയ്യാറാക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണെന്നും ഇതിനായി നൂതന പ്രോജക്ടിന് അംഗീകാരം നൽകുന്നതിനുള്ള ജില്ലാതല നൂതന പ്രോജക്ടുകൾക്കുള്ള കമ്മറ്റി പ്രോജക്ടുകൾ പരിശോധിച്ച് യൂണിറ്റ് നിരക്കും പരമാവധി നൽകാവുന്ന സബ്സിഡി നിരക്കും തീരുമാനിക്കാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തയ്യൽമെഷീൻ നൽകിയപ്പോൾ ഇവ നഷ്ടപ്പെട്ടതിനെ സാധൂകരിക്കുന്ന യാതൊരുരേഖകളും (ജില്ലാ ദുരന്തനിവാരണ അതോറിറ്റി പ്രളയബാധിതരായി അംഗീകരിച്ചവരാണ് ഗുണഭോക്താക്കൾ എന്ന് ഉറപ്പാക്കിയതിന്റെ രേഖകൾ, റവന്യൂ അധികാരികളുടെ റിപ്പോർട്ട്, ഗ്രാമപഞ്ചായത്തിൽ പ്രളയം മൂലം ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളെ അറിയിച്ചതിന്റെ രേഖകൾ) പരിശോധിക്കപ്പെടാതെയാണ് മെഷീനുകൾ വാങ്ങി വിതരണം ചെയ്തത്.

ടി ഉത്തരവിലെ 5-ാം നമ്പർ നിർദ്ദേശ പ്രകാരം ജില്ലാ ദുരന്തനിവാരണ അതോറിറ്റി പ്രളയബാധിതരായി അംഗീകരിച്ചവർക്ക് മാത്രമായി സഹായങ്ങൾ പരിമിതപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ആനുകൂല്യം നൽകിയവരുടെ കാര്യത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി പ്രളയബാധിതരായി അംഗീകരിച്ചവരാണെന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് റവന്യൂ വകുപ്പ് പ്രളയബാധിതരുടെ ലിസ്റ്റ് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഭരണസമിതി പ്രത്യേക ഗ്രാമസഭ കൂടി ഗുണഭോക്താക്കളെ കണ്ടെത്തുകയാണുണ്ടായതെന്നാണ്. പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി പ്രളയബാധിതരായി അംഗീകരിച്ചവരുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് നിർവ്വഹണോദ്യഗസ്ഥയുടെ ചുമതലായാണെന്നിരിക്കെ റവന്യൂ വകുപ്പിൽ നിന്ന് അവ ലഭ്യമായില്ലന്ന കാരണം ചൂണ്ടിക്കാട്ടി, സർക്കാർ പ്രളയ ബാധിതർക്കായുള്ള പ്രോജക്ട് നിർവ്വഹണത്തിന് ഗുണഭോക്താക്കളെ കണ്ടത്തേണ്ടത് എപ്രകാരമെന്ന് വ്യക്തമായി നിർദ്ദേശിച്ച ശേഷം ഇവ പരിഗണിക്കാതെ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് ഗൌരവമായി കാണുന്നു.

ബി. സർക്കാർ ഉത്തരവ് (കൈ) നം 170/2019/ത.സ്വ.ഭ.വ. തീയതി 23.12.2019 പ്രകാരം സൂക്ഷിക്കേണ്ട

ഗുണഭോക്താക്കൾക്ക് പ്രളയത്തിലൂടെ നഷ്ടമായ ജീവനോപാധിയുടെ വിശദാംശങ്ങൾ, നഷ്ടപ്പെട്ട അതേ ജീവനോപാധി മാർഗ്ഗം തന്നെയാണോ തുടർന്നും ആഗ്രഹിക്കുന്നത്, മറ്റേതെങ്കിലും ജീവനോപാധി മാർഗ്ഗം ആഗ്രഹിക്കുന്നുങ്കിൽ അതിന്റെ വിശദാംശങ്ങളും ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്കായി പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണസമിതി യോഗം ചേർന്നതിന്റേയും വിശദാംശങ്ങൾ, അപേക്ഷ പരിശോധിച്ച് പ്രോജക്റ്റ് ആശയങ്ങൾക്ക് രൂപം നൽകിയതിന്റെ രേഖകൾ എന്നിവയൊന്നും തന്നെ പ്രോജക്റ്റിനൊപ്പം സൂക്ഷിച്ചിരുന്നില്ല. ഇവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 19/15.11.21 നൽകിയതിന് വാർഡ് തലത്തിൽ അപേക്ഷകൾ സ്വീകരിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഗ്രാമസഭാ രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഭരണസമിതി ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുകയും ഗുണഭോക്താക്കളുടെ താത്പര്യവും എസ്സ്.സി. വനിതകൾക്ക് അനുയോജ്യവും ലളിതവും ആയ ഉപജീവനം എന്ന രീതിയിൽ ജീവനോപാധിയായാണ് തയ്യൽമെഷീൻ ഭരണസമിതി തെരെഞ്ഞെടുത്തതെന്നും മേൽ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പ് 24.2.20 ലും ആസൂത്രണസമിതി യോഗം 27.2.20 ലും കൂടിയെന്നാണ്. എന്നാൽ ഈ മറുപടിയെ സാധൂകരിയ്ക്കുന്നതിനാവശ്യമായ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല.

സി. 107 തയ്യൽ മെഷീനുകൾ വാങ്ങിയതിൽ 102 എണ്ണം മാത്രമാണ് വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന 5 തയ്യൽ മെഷീനുകൾ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പകൽവീട്ടിൽ സൂക്ഷിച്ചിരിയ്ക്കുന്നതായി കണ്ടു. 5 തയ്യൽ മെഷീനുകൾ വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് രേഖകൾ ഹാജരാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അവ ലഭ്യമാക്കുന്ന മുറയ്ക്ക് ഇവ വിതരണം ചെയ്യുന്നതാണെന്നുമാണ്. തയ്യൽ മെഷീൻ വാങ്ങിയ ശേഷമാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നതെന്നാണ് ഈ മറുപടിൽ നിന്ന് വ്യക്തമാകുന്നത്. 3/21 ൽ തയ്യൽ മെഷീൻ വാങ്ങി മാസങ്ങൾക്ക് ശേഷവും വിതരണം ചെയ്യാതെ സൂക്ഷിച്ച ശേഷം ഓഡിറ്റിൽ ചൂണ്ടികാണിച്ചപ്പോൾ അവ വിതരണം ചെയ്യുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തുന്നതാണെന്ന് മറുപടി നൽകുന്നത് ഗൌരവമായി കാണേണ്ടതാണ്. ഗുണഭോക്താക്കളെ കണ്ടെത്താതെ 5 മെഷീൻ വാങ്ങിയതു വഴിയുണ്ടായ അധിക ചെലവ് 22440/- രൂപ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുന്നതുവരെ തടസ്സപ്പെടുത്തുന്നു. അർഹരായവർക്ക് മെഷീൻ വിതരണം ചെയ്യാൻ കഴിയാത്തപക്ഷം തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കും.

ഡി. പ്രോജക്റ്റിലുൾപ്പെടുത്തി മെഷീൻ നൽകിയ രജിത, സത്യാലയം, കണ്ടല്ലൂർ എന്ന ഗുണഭോക്താവിന്റെ 1420122836 നമ്പർ റേഷൻകാർഡ് പ്രകാരം ടിയാൾ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ താമസക്കാരിയാണ്. ഈ ഗ്രാമപഞ്ചായത്തിലെ താമസക്കാരിയല്ലാത്തയാൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ടിയാൾ 2019-20 കാലഘട്ടത്തിൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് നിവാസിയായിരുന്നുവെന്നും പിന്നീട് കണ്ടല്ലൂരിലേയ്ക്ക് താമസം മാറിയപ്പോൾ കുടുംബറേഷൻ കാർഡിൽ ഉൾപ്പെട്ട് പോയതാണെന്നും ടിയാളിൽ നിന്ന് മെഷീൻ തിരികെ വാങ്ങിയിട്ടുണ്ടെന്നും ഇത് അർഹതയുള്ള ഗുണഭോക്താവിന് നൽകുമെന്നാണ്. വാങ്ങിയ മെഷീനുകളിൽ 5 എണ്ണം അർഹരില്ലാതെ വിതരണം ചെയ്യാതെ അവശേഷിയ്ക്കുമ്പോൾ ഉപയോഗിച്ച മെഷീൻ മറ്റൊരാൾ കൈപ്പറ്റുകയെന്നത് എത്രമാത്രം പ്രായോഗികമാണെന്നത് അറിയില്ല. കൂടാതെ രജിത, സത്യാലയത്തിന്റെ പേരിലുള്ള 1420122836 നമ്പർ റേഷൻകാർഡ് ഇഷ്യൂ ചെയ്ത തീയതി 12.3.2019 ആണ്. അതായത് മെഷീൻ വാങ്ങിയ 3/21 ന് രണ്ട് വർഷം മുൻപ് തന്നെ ടിയാൾ കണ്ടല്ലൂരിലേയ്ക്ക് താമസം മാറിയിരുന്നെന്നാണ്. അനർഹനായ ഗുണഭോക്താവിന് മെഷീൻ നൽകുന്നതിനായി ചെലവഴിച്ച 4488/- രൂപയുടെ ചെലവ് നിർവ്വഹണദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു.


റേഷൻ കാർഡ്
റേഷൻ കാർഡ് നമ്പർ 1420122836
മുൻഗണന
താലൂക്ക് : താലൂക്ക് സപ്ലൈ ഓഫീസ്, കാർത്തികപ്പള്ളി
ഉടമയുടെ പേര് : രജിത
മേൽവിലാസം : സത്യാലയത്ത് കണ്ടല്ലൂർ
പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ : കണ്ടല്ലൂർ
വാർഡ് നമ്പർ : 13
വീട്ട് നമ്പർ : 114
റേഷന് അർഹതയുള്ള അംഗങ്ങളുടെ എണ്ണം : 3
കുടുംബത്തിൻറെ മാസവരുമാനം : 3000
തീയതി : 12-03-2019
താലൂക്ക് സപ്ലൈ ഓഫീസറുടെയോ സിറ്റി റേഷനിംഗ് ഓഫീസറുടെയോ ഒപ്പ്
25.3.19

നിരാകരിച്ച 4488/- രൂപ കഴിച്ച് 475728/- (480216- 4488) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 വിവിധ നിർവ്വഹണ ഏജൻസികളുടെ കൈവശം 19 ലക്ഷം രൂപ മുടങ്ങിക്കിടക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം താഴെ പറയുന്ന തുകകൾ വിവിധ നിർവ്വഹണ ഏജൻസികളുടെ പക്കൽ മുടങ്ങിക്കിടക്കുന്നുണ്ട്. തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | തുക |
|---|---|---|
| 1 | പൊതുമരാമത്ത് വകുപ്പ് | 1213422 |
| 2 | കെ.എസ്.ഇ.ബി | 75007 |
| 3 | ഗ്രൌണ്ട് വാട്ടർ അതോറിറ്റി | 660000 |
| | ആകെ | 1948429 |

നിർവ്വഹണത്തിലെ കാലതാമസത്തിന്റെ കാരണം അന്വേഷിച്ച് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-40 സുഭിക്ഷ കേരളം പദ്ധതി -കരിമീൻ കൃഷി -അപാകതകൾ

പ്രോജക്ട് നം.-173/21

പ്രോജക്ടിന്റെ പേര്-സുഭിക്ഷ കേരളം

അടങ്കൽ- - 4,00,000 (വികസനഫണ്ട്), 9,0,00,00 (ഗുണഭോക്തൃവിഹിതം)

2,0,00,00 (എക്സ്റ്റേർണലി എയ്ഡഡ്)

ആകെ-1500000/-

ചെലവഴിച്ച തുക-400000/(ട്രഷറി ബിൽ നം 1/30-03-21)

നിർവഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്,

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി സ്വന്തമായോ പാട്ടത്തിനോ കരിമീൻ കൃഷി ചെയ്യാൻ തയ്യാറായ വ്യക്തികൾക്ക് സബ്സിഡി നൽകുക എന്നതാണ് പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. അടങ്കൽ തുകയുടെ 60% ഗുണഭോക്താവ് വഹിയ്ക്കേണ്ടതും, 40% തുക തദ്ദേശസ്വയംഭരണസ്ഥാപനവും (40000), ഫിഷറീസ് ഡിപ്പാർട്ടുമെന്റും (20000/- രൂപ) ചേർന്ന് നൽകുന്നു. ടി പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) തദ്ദേശസ്വയംഭരണവകുപ്പ് സുഭിക്ഷ കേരളം മാർഗ്ഗരേഖ പ്രകാരം കുളത്തിലെ കരിമീൻ കൃഷിയ്ക്ക് കുറഞ്ഞത് 50 സെന്റ് വിസ്തൃതിയുള്ള സ്ഥലത്തിനുള്ളിൽ 1 മീറ്റർ ആഴമുള്ള കുളത്തിൽ ബണ്ട് നിർമ്മിച്ച് അതിനുള്ളിൽ കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിനാണ് പ്രോജക്ട്. മാർഗ്ഗരേഖയിലെ ഖണ്ഡിക 4.5.2 പ്രകാരം ഗുണഭോക്താക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പിന് നിലവിലുള്ള നിബന്ധനകൾ പാലിച്ച് സ്ഥലപരിശോധന നടത്തി വേണം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ. എന്നാൽ പ്രോജക്ട് പരിശോധനയിൽ ഹാജരാക്കിയ രേഖകൾക്കൊപ്പം ഗുണഭോക്താക്കളുടെ സ്ഥലവിസ്തൃതി സംബന്ധിച്ച രേഖകളും, ഗുണഭോക്താക്കളുടെ അപേക്ഷകളും ലഭ്യമാക്കിയിട്ടില്ല, ഗുണഭോക്താക്കളുടെ മത്സ്യക്കുളം നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

2)മാർഗ്ഗരേഖയിലെ ഖണ്ഡിക 4.5.8 പ്രകാരം മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസിന്റെ ഭാഗമാക്കേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ടിൽ ഈ നിബന്ധന പാലിച്ചതായി കാണുന്നില്ല. ഇൻഷ്വറൻസ് ഏർപ്പെടുത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 32/17-11-21) നൽകിയ മറുപടിയിൽ മത്സ്യക്കുളം ഫിഷറീസ് ഓഫീസർ സന്ദർശിച്ച് ഉറപ്പ് വരുത്തിയതാണെന്നാണ് അറിയിച്ചിരിയ്ക്കുന്നത്. എന്നാൽ ഇത് സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസിന്റെ ഭാഗമാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനികൾക്ക് പ്രൊപ്പോസൽ കൊടുത്തിരുന്നുവെങ്കിലും മത്സ്യം വളരെ സെൻസിറ്റീവും രോഗപ്രതിരോധ ശേഷി കുറവായതിനാലും ഇൻഷ്വറൻസ് കമ്പനികൾ ആരും തന്നെ പ്രൊപ്പോസൽ അംഗീകരിയ്ക്കുവാൻ

തയ്യാറായിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. സർക്കാർ നിർദ്ദേശമനുസരിച്ചുള്ള സബ്സിഡി സഹിതമുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖ പ്രകാരം തന്നെ പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 യുവജന സംഘടനകൾക്ക് സ്പോർട്സ് കിറ്റ് വിതരണം അപാകത സംബന്ധിച്ച്

പ്രോജക്ട് നം - 19/21

പ്രോജക്ടിന്റെ പേര് -രജിസ്റ്റേഡ് യുവജന സംഘടനകൾക്ക് സ്പോർട്സ് കിറ്റ് വിതരണം

ചെലവ് തുക -54198, ട്രഷറി ബിൽ നം. 08/20 - 21/27-03-21

ഈ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് 11 യുവജന സംഘടനകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കളേഴ്സ് ക്രാഫ്റ്റ് ആന്റ് സ്പോർട്സ്, പഴകുളം, ഡ്രീം ഇൻഡ്യ സ്കൂൾ എയിഡ്, കാഞ്ഞിരപ്പള്ളി, കിക്കോ ബിസിനസ് കോർപറേഷൻ, വെള്ളക്കുളങ്ങര, അടൂർ എന്നീ 03 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കളേഴ്സ് ക്രാഫ്റ്റ് ആന്റ് സ്പോർട്സ്, പഴകുളം എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷൻ പരിശോധിച്ചതിൽ കളേഴ്സ് ക്രാഫ്റ്റ് ആന്റ് സ്പോർട്സ് ക്വാട്ട് ചെയ്ത പല ഇനങ്ങളുടെയും വില മറ്റ് രണ്ട് സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തതിനേക്കാൾ കൂടുതലാണെന്ന് കണ്ടു . ക്വാട്ട് ചെയ്ത നിരക്കിൽ കണ്ട വ്യതിയാനങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനങ്ങളുടെ പേര് | ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനത്തിന്റെ പേര്, ക്വാട്ട് ചെയ്ത നിരക്ക് | | |
|---|---|---|---|
| | കളേഴ്സ് ക്രാഫ്റ്റ് ആന്റ് സ്പോർട്സ് | ഡ്രീം ഇൻഡ്യ സ്കൂൾ എയിഡ് | കിക്കോ ബിസിനസ് കോർപറേഷൻ |
| ക്രിക്കറ്റ് ബാറ്റ് | 1188 | 665, 1152 | - |
| ക്രിക്കറ്റ് ബാൾ | 162.8 | 50, 70 | 59, 160 |
| ക്രിക്കറ്റ് സ്റ്റംമ്പ് | 347.6 | 228 | 290 |
| വോളി ബാൾ | 462 | 362, 562 | - |
| ഫുട്ബാൾ | 869.44 | 319, 598 | - |
| ഷട്ടിൽ ബാറ്റ് | 382 | 345, 840 | 340, 290, 140 |

ഇതിൽ നിന്നും മറ്റ് രണ്ട് സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള കുറഞ്ഞ നിരക്ക് പരിഗണിക്കാതെയാണ് കളർ ക്രാഫ്റ്റിൽ നിന്നും സാധനങ്ങൾ വാങ്ങിയിരിക്കുന്നത് എന്ന് കാണുന്നു. കളർ ക്രാഫ്റ്റ് ഓരോ ഇനത്തിന്റെയും ഒരു സ്പെസിഫിക്കേഷന് മാത്രം നിരക്ക് ക്വാട്ട് ചെയ്തപ്പോൾ മറ്റ് രണ്ട് സ്ഥാപനങ്ങൾ ഓരോ ഐറ്റത്തിനും ഒന്നിലേറെ വ്യത്യസ്ത സ്പെസിഫിക്കേഷന്റെ നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. ക്വട്ടേഷൻ നോട്ടീസ് ലഭ്യമല്ലാത്തതിനാൽ ഏത് സ്പെസിഫിക്കേഷനിലുള്ള സാധനമാണ് വാങ്ങാൻ ഉദ്ദേശിച്ചതെന്ന് വ്യക്തമല്ല. വാങ്ങേണ്ട സാധനങ്ങളുടെ ആവശ്യകത, സ്പെസിഫിക്കേഷൻ എന്നിവ നിർണയിച്ചിരുന്നോ, കുറഞ്ഞ നിരക്കുകൾ പരിഗണിക്കാതെ കൂടിയ നിരക്കിൽ സാധനങ്ങൾ വാങ്ങിയതിനുള്ള കാരണം എന്നീ കാര്യങ്ങൾക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 25/17-11-21 ന് നല്കിയ മറുപടിയിൽ ക്വട്ടേഷൻ സമർപ്പിച്ചവർ ലഭ്യമാക്കിയ സാമ്പിളുകൾ ക്ലബ് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ഗുണമേന്മ ഉറപ്പ് വരുത്തിയതായും കളേഴ്സ് ക്രാഫ്റ്റ് ആന്റ് സ്പോർട്സിന്റെ ഐറ്റംസ് ഗുണമേന്മ ഉള്ളതാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയതെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഗുണമേന്മ ഉറപ്പ് വരുത്തിയത് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ക്ലബ് അംഗങ്ങളുടെ അപേക്ഷയിലും ഐറ്റങ്ങളുടെ പേരോ, സ്പെസിഫിക്കേഷനോ രേഖപ്പെടുത്തിയിട്ടില്ല. ഈ പ്രോജക്ടിന്റെ അടിസ്ഥാനത്തിലുള്ള സഹായം ലഭ്യമാക്കണമെന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസ്, ഗുണമേന്മ ഉറപ്പ് വരുത്തിയത് സംബന്ധിച്ച രേഖകളുടെ അഭാവം എന്നീ കാരണങ്ങളാൽ ചെലവ് തുക 54198/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-42 സ്ഥിരനിക്ഷേപത്തിന്റെ പലിശയിൽ നിന്നും ബാങ്ക് ഇൻകം ടാക്സ് TDS കുറവ് ചെയ്തു

1961-ലെ ഇൻകംടാക്സ് ആക്ട് സെക്ഷൻ 10(20) പ്രകാരം ലോക്കൽ അതോറിറ്റിയുടെ വരുമാനത്തിന് റ്റി.ഡി.എസ്. ബാധകമല്ല. സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ്-ന്റെ 18/17th നമ്പർ സർക്കുലർ പ്രകാരം ലോക്കൽ അതോറിറ്റിയിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കേണ്ടതില്ലായെന്ന് സ്പഷ്ടീകരണവും നൽകിയിട്ടുണ്ട്. എന്നാൽ ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിന്റെ ആറാട്ടുപുഴ കോർപ്പറേഷൻ ബാങ്കിലുള്ള സ്ഥിര നിക്ഷേപത്തിൽ നിന്നും മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി താഴെ പറയും പ്രകാരം ഉറവിടത്തിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടുണ്ട്.

| ക്രമ നം | FD No | നിക്ഷേപം ആരംഭിച്ച തീയതി | നിക്ഷേപം പുതുക്കിയ തീയതി | മെച്യൂരിറ്റി വാല്യൂ | TDS | പുതുക്കിയ നിക്ഷേപം |
|---|---|---|---|---|---|---|
| 1 | 530401042428067 | 11/06/2020 | 11/12/2020 | 2055378 | 4179 | 2051199 |
| 2 | 530401042428135 | 11/06/2020 | 11/12/2020 | 2055378 | 4178 | 2051200 |
| 3 | 530401042428234 | 11/06/2020 | 11/12/2020 | 2055378 | 4178 | 2051200 |
| 4 | 530401042428326 | 11/06/2020 | 11/12/2020 | 2055378 | 4178 | 2051200 |
| 5 | 530401042428449 | 11/06/2020 | 11/12/2020 | 2055378 | 4179 | 2051199 |

സ്ഥിരനിക്ഷേപ സാക്ഷ്യപത്രത്തിന്റെ മെച്യൂരിറ്റി തുകയിൽ നിന്നും തുക ബാങ്ക് കുറവ് ചെയ്തതിന്റെ കാരണം ഗ്രാമപഞ്ചായത്ത് ബാങ്കിനോട് അന്വേഷിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. TDS ആയി കുറവ് ചെയ്ത തുക തിരികെ ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-43 കേന്ദ്രീകൃത പൂൾ അക്കൌണ്ടിൽ നിന്നും പലിശ ലഭ്യമാകുന്ന തനത് ബാങ്ക് അക്കൌണ്ടിലേക്ക് നിശ്ചിത തുക വാർഷികമായി മാറ്റി നിക്ഷേപിക്കുന്നത് പരിഗണിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ SBT ഇ-പേയ്മെന്റ് അക്കൌണ്ട് നം-37066250780 ൽ 31-10-21 ലെ കണക്കുകൾ പ്രകാരം 1219898.65 രൂപ നീക്കിബാക്കിയുണ്ട്. വസ്തുനികുതിയുടെ സെൻട്രൽ പൂൾ അക്കൌണ്ടിൽ നിന്നും വസ്തുനികുതി, മറ്റ് ഓൺലൈൻ ഫീസുകൾ എന്നിവ ട്രാൻസ്ഫർ ചെയ്യുന്നതിനായി ആരംഭിച്ചിട്ടുള്ള ഈ അക്കൌണ്ട് കറന്റ് അക്കൌണ്ടാണ്. ആയതിനാൽ പലിശ വരുമാനം ലഭ്യമാകുകയില്ല. പഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താൽപര്യങ്ങളെ മുൻനിർത്തി, പഞ്ചായത്ത് സമിതിയുടെ അനുമതിയോട് കൂടി ഈ കറന്റ്അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെടുന്ന തുക വാർഷികമായി പലിശ ലഭ്യമാകുന്ന തനത് ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നത് പരിഗണിക്കാവുന്നതാണ്.

## 1-44 ഇ.എം.എസ് ഭവനപദ്ധതിക്കായി ആരംഭിച്ച SB അക്കൌണ്ടിൽ 164282 രൂപയുടെ നീക്കിബാക്കി

ഇ.എം.എസ് ഭവനപദ്ധതിയുടെ പേരിൽ കണ്ടല്ലൂർ ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ (നം.1410) നിലനിൽക്കുന്നതും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വി.ഇ.ഒ എന്നിവരുടെ പേരിലുള്ളതുമായ SB 1/178/2009-10 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ 31-02-2019 തീയതിയിൽ 14,78,797 രൂപ നീക്കി ബാക്കിയുണ്ട്. ഇതിൽ നിന്നും 1314515 രൂപ ടി ബാങ്ക് പഞ്ചായത്തിന്റെ പേരിൽ നൽകിയിരുന്ന ഇ.എം.എസ് ഇഎംഎസ് ലോൺ വായ്പ തിരിച്ചടവിനായി ഉപയോഗിച്ചു. (24/12/2019 ലെ 35th തീരുമാനം). എന്നാൽ തുടർന്ന് ഭവനനിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യാനായി ആരംഭിച്ച ടി അക്കൌണ്ട് റദ്ദ് ചെയ്തിരുന്നില്ല. മേൽപരാമർശിത SCB യിൽ നിന്നും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് എടുത്തിട്ടുള്ള മുഴുവൻ ലോൺ മുതൽ തുകയും തിരിച്ചടച്ചിട്ടുള്ളതാണ്. ലോണിന്റെ പലിശ ബാധ്യത സർക്കാരിനാണുള്ളത്. ഈ അക്കൌണ്ടിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനായി വിവിധ സ്ഥാപനങ്ങളുടെ വിഹിതമിനത്തിൽ ലഭിച്ച വികസന ഫണ്ടും ഇതിന് ലഭ്യമായ പലിശയുമാണ് അവശേഷിക്കുന്നത്. 31-03-2019 ലെ കണക്ക് പ്രകാരം ഈ അക്കൌണ്ടിൽ 164282 രൂപ നീക്കിബാക്കിയുണ്ട്. നിലവിലെ പലിശ ഉൾപ്പെടെയുള്ള തുക സർക്കാരിലേക്ക് തിരികെ അടക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 സ്ഥിരനിക്ഷേപം - ഓഡിറ്റ് ശുപാർശകൾ

നിലവിൽ ഗ്രാമപഞ്ചായത്തിന് ആറാട്ടുപുഴ കോർപ്പറേഷൻ ബാങ്കിൽ 10255998/- രൂപ സ്ഥിരനിക്ഷേപമുണ്ട്. എന്നാൽ ഈ നിക്ഷേപങ്ങൾ 6 മാസ കായളവുകളിലേക്കാണ് നിക്ഷേപിച്ചിരിക്കുന്നത്. കൂടാതെ കുറഞ്ഞ പലിശ്ശ വരവ് മാത്രമാണ് ഈ നിക്ഷേപത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നത്. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് താഴെ പറയുന്ന ശുപാർശകൾ പരിഗണിക്കാവുന്നതാണ്.

I) 7.5 % ശതമാനം പലിശ വാർഷികമായി ലഭിക്കുന്ന ട്രഷറി നിക്ഷേപങ്ങൾ പരിഗണിക്കാവുന്നതാണ്.

Ii) ആറ് മാസകാലയളവ് ഒഴിവാക്കി സ്ഥിരനിക്ഷേപം വാർഷികമായി നടത്തുന്നത് കൂടുതൽ പലിശ വരുമാനം ലഭിക്കുന്നതിനിടയാക്കുന്നതാണ്.

## 1-46 റോഡ് കണക്റ്റിവിറ്റി ഭൂപടം, റോഡ് കണക്റ്റിവിറ്റി പദ്ധതി എന്നിവ തയ്യാറാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ.(എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ.)നം11/2018/ത.സ്വ.ഭ.വ, 29.01.18 -ലെ ഖണ്ഡിക 7.13(1) പ്രകാരം, ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട് എന്ന നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ആയതിനാൽ പശ്ചാത്തലമേഖലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ മൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും റോഡ് കണക്റ്റിവിറ്റി ഭൂപടം, റോഡ് കണക്റ്റിവിറ്റി പദ്ധതി എന്നിവ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-47 ബഡ്സ് സ്കൂൾ കെട്ടിടം - പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പുനർജനി കെട്ടിടത്തിൽ ബഡ്സ് സ്കൂൾ കെട്ടിടം സജ്ജീകരിക്കുന്നതിനായി 2019-20, 20-21 വർഷങ്ങളിലായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചു.

| പദ്ധതി | ചെലവ് തുക, ഫണ്ട് | ബിൽ നം/തീയതി |
|---|---|---|
| ബഡ്സ് സ്കൂൾ കെട്ടിടം സജ്ജീകരിക്കൽ വാർഡ് 11 (പുനർജനി കെട്ടിട പുനരുദ്ധാരണം), S0122/1920<br>കരാറുകാരൻ- ശിവപ്രസാദ് | 367032(FCG) | 4/12.06.19 |
| ബഡ്സ് സ്കൂൾ സാനിറ്ററി വൈദ്യുതീകരണം, 206/20-21<br>കരാറുകാരൻ- ശിവപ്രസാദ് | 54100(plan G),<br>96439(തനത് ഫണ്ട്), | 8/20.08.20<br>404411/21.08.20 |
| ബഡ്സ് സ്കൂൾ പ്രവർത്തന സജ്ജമാക്കൽ, 180/20-21 | 50000(plan G) | 13/06.02.20 |
| | 226200 (തനത്ഫണ്ട്) | ചെക്ക് നം.2704098/11.02.20 = 126200<br>ചെക്ക് നം.2704099/12.02.20 =100000 |
| | 517571 | |

എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടത്തിൽ പ്രാവുകൾ കൂട് കൂട്ടിയതായും സീലിംഗുകൾ ഇളകി കിടക്കുന്നതായും കണ്ടു. കൂടാതെ രണ്ട് നിലകളിലായി 5 മുറികൾ, ബാത്ത് റൂം സൗകര്യങ്ങൾ എന്നിവയൊക്കെയുണ്ടെങ്കിലും ഇവയെല്ലാം തുറന്ന് കിടക്കുകയാണ്.







കെട്ടിടത്തിന് ലോക്കില്ലാത്തതിനാൽ ആകെ വൃത്തിഹീനമായ അവസ്ഥയിലാണ്. കൂടാതെ, Item No.6.01, Specification 50.12.4.1, Providing And Fixing False Ceiling With 7.5mm Thick Pvc Plain Panel Board Ceiling Of Approved Quality In Aluminium Frame Work, 64.74$m^2$@588.323 = 38088.03 എന്ന പ്രവൃത്തി ചെയ്തിരുന്നു. എന്നാൽ സീലിംഗ് ഇളകികിടക്കുന്ന അവസ്ഥയാണ് കാണാൻ കഴിഞ്ഞത്. 22.03.19 ലാണ് അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് ബഡ്സ് സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 കന്നുകുട്ടി പരിപാലനം - വിനിയോഗവിവരം ലഭ്യമല്ല

പ്രോജക്ട് നമ്പർ -S0020/20

അടങ്കൽ - 1250000/- (312500 വികസനഫണ്ട് സാധാരണവിഹിതം, 312500 സംസ്ഥാനവിഹിതം, 625000 മറ്റുള്ളവ)

ചെലവ് - ബിൽ നമ്പർ - LSGD – 4/20-21 തീയതി. 22.3.21 – 625000/-

നിർവ്വഹണം - വെറ്ററിനറി സർജൻ

തെരെഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 50% സബ്സിഡിയിൽ കാലിത്തീറ്റ നൽകുന്നതിന് ആവിഷ്കരിച്ച പ്രോജക്ടിൽ ഉൾപ്പെടുത്തി 50 പേർക്കാണ് ആനുകൂല്യം നൽകാൻ തീരുമാനിച്ചിരുന്നത്. സംസ്ഥാനവിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ 1.2.2020 ലെ 17-ാം നമ്പർ തീരുമാന പ്രകാരം അടങ്കൽ തുകയിൽ മാറ്റം വരാതെ 25 പേർക്ക് ആനുകൂല്യം നൽകുന്നതിന് തീരുമാനിക്കുകയും സംസ്ഥാനവിഹിതം ഉൾപ്പെടെ 625000/- രൂപ ഗ്രാമപഞ്ചായത്ത് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുമുണ്ട്. വിനിയോഗവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ 14 നൽകിയതിന് തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ 625000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-49 ബൈബാക്ക് വ്യവസ്ഥ പാലിച്ചില്ല- പഴയ ഫോട്ടോസ്റ്റാറ്റ് മെഷീൻ ഇ-വേസ്റ്റായി

സൂക്ഷിച്ചിരിക്കുന്നു

നിലവിലുള്ള പഴയ ഉപകരണങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിന് തീരുമാനിക്കുമ്പോൾ, വാങ്ങൽ നടപടിയിൽ പഴയ സാധനങ്ങളുടെ വിൽപ്പന കൂടി ഉൾപ്പെടുത്തുന്ന ബൈബാക്ക് സമ്പ്രദായം പഞ്ചായത്ത് ഫണ്ടിന് ലാഭമുണ്ടാക്കുമെന്നതിലുപരി ഇ-വേസ്റ്റായി സ്ഥലലഭ്യതയില്ലാതാക്കുന്ന അവസ്ഥക്ക് ഒരു പരിഹാരമാണ്. (കേരള സ്റ്റോർ പർച്ചേസ് മാനുവൽ 2013 ഖണ്ഡിക 18.1 കാണുക). എന്നാൽ 147680.18 രൂപ മുടക്കി Canon എന്ന കമ്പനിയുടെ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയപ്പോൾ ഗ്രാമപഞ്ചായത്ത് ഈ രീതി അവലംബിച്ചില്ല. ഭാവിയിലെ വാങ്ങൽ രീതികളിൽ ബൈബാക്ക് സമ്പ്രദായം നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-50 എയർ കണ്ടീഷനറുകൾ സ്ഥാപിക്കൽ -മരാമത്ത് പ്രവർത്തിയെന്ന നിലയിൽ നിർവ്വഹിച്ചു

എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവർത്തി നിർവ്വഹിച്ചു- മെഡിക്കൽ ഓഫീസർ പി.എച്ച്.സി 2 പ്രോജക്ടുകളിലായി ആറാട്ടുപുഴ കുടുംബക്ഷേമ കേന്ദ്രം, ഫിഷറീസ് ഫാർമസി എന്നിവിടങ്ങളിൽ എയർ കണ്ടീഷനറുകൾ സ്ഥാപിക്കുന്ന പ്രവർത്തി നടത്തിയിട്ടുണ്ട്. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നം. | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബിൽ നം. |
|---|---|---|---|
| 126/21 | ഫിഷറീസ് ഫാർമസി ശീതീകരണം | 62095<br>സംരക്ഷണഗ്രാന്റ്-റോഡിതരം | 7/22-1-21 |
| 130/21 | കുടുംബാരോഗ്യകേന്ദ്രം ലാബ് ശീതീകരണം | 70000<br>സംരക്ഷണഗ്രാന്റ്-റോഡിതരം | 6/22-1-21 |

പ്രവർത്തിയുടെ ഭാഗമായി 1 ടൺ എ.സി ഫിഷറീസ് ഹോസ്പിറ്റലിലും 1.5 ടൺ എ.സി കുടുംബാരോഗ്യകേന്ദ്രം ലാബിലും സ്ഥാപിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കാതെ നിർവ്വഹിച്ചിട്ടുള്ള പ്രവർത്തിയുടെ മൂല്യനിർണ്ണയം പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗം നടത്തിയതായാണ് രേഖ. ആയതിന്റെ അടിസ്ഥാനത്തിലാണ് പണം ടെണ്ടർ പ്രകാരം കരാർ നേടിയ ശ്രീ ഹരിലാലിന് നൽകിയത്. പർച്ചേസ് എന്ന നിലക്ക് ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കേണ്ടിയിരുന്ന പ്രോജക്റ്റ് ഇലക്ട്രിക്കൽ മരാമത്ത് വേല എന്ന നിലക്കാണ് നടത്തിയത്. പൊതുവിപണിയിൽ ഏകദേശം 40000 രൂപ മുതൽ 48000 രൂപ വരെ സ്റ്റെബിലൈസർ ഉൾപ്പെടെ സ്ഥാപിക്കുന്നതിന് ചെലവ് വരുകയുള്ളൂ എന്നിരിക്കെ ഈ പ്രവർത്തി പർച്ചേസ് എന്ന നിലക്ക് നടത്താതെ ഇലക്ട്രിക്കൽ ജോലി എന്നരീതിയിൽ ചെയ്തത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-51 പഞ്ചായത്ത് ഓഫീസ് റീ വയറിംഗ്- നിലവിൽ സർവ്വീസബിൾ ആയുള്ള ഉപകരണങ്ങളുടെ കണക്ക് എടുത്തിട്ടില്ല

പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗത്തിന്റെ 10-03-21 ലെ എസ്റ്റിമേറ്റ് പ്രകാരം (EST95/2018/2462 തുക- 512000 രൂപ) നിലവിലെ ഗ്രാമപഞ്ചായത്ത് കെട്ടിടം റീ വയറിംഗ് നടത്തുന്നതിനായി പ്രോ.നം-227/21 പ്രകാരം പ്രോജക്റ്റ് ആവിഷ്കരിച്ചിരുന്നു. ഇതിനായി 575750 രൂപ അടങ്കൽ ഉൾപ്പെടുത്തിയതിൽ ധനകാര്യകമ്മീഷൻ ഫണ്ടായി ഉൾപ്പെടുത്തിയ 210259 രൂപ 29-03-21 (ബിൽ നം- 46/21)ൽ PWD ഇലക്ട്രിക്കൽ വിഭാഗത്തിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തു. എന്നാൽ ടി എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിലവിലുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളിൽ ഉപയോഗയോഗ്യമായത് പുനരുപയോഗിക്കുന്നരീതിയലല്ല തയ്യാറാക്കിയതെന്ന് കാണുന്നു. നിരവധി വൈദ്യുതി വിളക്കുകൾ, സീലിംഗ് ഫാനുകൾ എന്നിവയെല്ലാം എസ്റ്റിമേറ്റിൽ ഉൾപ്പെടുന്നുണ്ട്. ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കി വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ പരമാവധി ഉപയോഗയോഗ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-52 സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല

സ്റ്റോക്ക് രജിസ്റ്ററിൽ പല ഭാഗത്തും തീയതി രേഖപ്പെടുത്തിയിട്ടില്ല, വിതരണത്തിന്റെ വിശദാംശം രേഖപ്പെടുത്തുന്നില്ല. വാങ്ങുന്ന പല സാധനങ്ങളും പലപ്പോഴും സ്റ്റോക്കിൽ രേഖപ്പെടുത്തുന്നില്ല. ഓരോയിനത്തിനും പ്രത്യേക പേജുകൾ നൽകി തുടർച്ചയായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഇനങ്ങളുടെ പേര്, പേജ് നമ്പർ എന്നിവയുൾപ്പെടുത്തിയ സംഗ്രഹം രജിസ്റ്ററിന്റെ ആദ്യഭാഗത്ത് എഴുതിച്ചേർത്തിട്ടില്ല. വാങ്ങുന്ന സാധനങ്ങൾ പലപ്പോഴും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| വൗച്ചർ നമ്പർ | ചെലവഴിച്ച തുക | വാങ്ങിയ സാധനം |
|---|---|---|

| | | |
|---|---|---|
| 22000302/06-07-2020 | 5000 | 10 പി.പി.ഇ കിറ്റ് |
| 22000427/05-09-2020 | 5500 | 10 പി.പി.ഇ കിറ്റ് |
| 22000428/05-09-2020 | 5000 | 100 എൻ.95 മാസ്ക് |
| 22000675/24-11-2020 | 3580 | ഓഫീസ് ആവശ്യത്തിന് വാട്ടർ ടാങ്ക് വാങ്ങിയത് |
| 22001031/31-03-21 | 20321 | ഹരിത കർമ്മസേനയുടെ യൂസർ ഫീ ശേഖരിക്കുന്നതിനുള്ള രസീതിന്റെ പ്രിന്റിംഗ് ചാർജ്ജ് |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 09/12-11-21 ന് നല്കിയ മറുപടിയിൽ മേലിൽ അപാകത ഒഴിവാക്കുന്നതാണെന്ന് വിശദീകരണം നല്കിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കുറ്റമറ്റരീതിയിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കമ്പ്യൂട്ടറിനും അനുബന്ധസാമഗ്രികൾക്കും ഇലക്ട്രിക്കൽ സാധനങ്ങൾക്കും പ്രത്യേകം, പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-53 ഹരിത കർമ്മസേന - മാതൃകാപരമായ പ്രവർത്തനം

സംസ്ഥാനത്തെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനും മാലിന്യത്തെ വരുമാനം ആയി മാറ്റുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സംവിധാനമാണ് ഹരിതകർമ്മസേന. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ 2018-19 ൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിയ്ക്കുയും പാലക്കാട് ഐ.ആർ.ടി.സി. യെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹരിതസഹായ സ്ഥാപനമായി നിശ്ചയിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തിലെ 34 ഹരിതകർമ്മസേനാംഗങ്ങളെ 4.3.20 ലെ 2(1) തീരുമാനപ്രകാരെ തെരെഞ്ഞെടുക്കുകയും ഹരിതസഹായസ്ഥാപനമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് മികച്ച പ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്. കുടുംബങ്ങളിൽ നിന്ന് യൂസർ ഫീ ഇനത്തിൽ 50/- രൂപയും കച്ചവട സ്ഥാപനങ്ങൾക്ക് 100/- രൂപയും യൂസർഫീയയായി നിശ്ചയിച്ചിട്ടുള്ളത്.

34 അംഗങ്ങൾ ഉള്ള ഹരിതകർമ്മ സേനാംഗങ്ങൾക്ക് ജൈവവും, അജൈവവുമായ മാലിന്യങ്ങൾ വീടുകളിൽ നിന്നും കച്ചവടസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ആവ തരം തിരിക്കുന്നതിനുള്ള പരിശീലനവും ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾക്കനുസരിച്ചും ഹരിതകേരളം മിഷന്റെ മാർഗ്ഗനിർഗദ്ദേശങ്ങൾക്കനുസരിച്ചും വിവിധ പ്രചരണപരിപാടികളും ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. എല്ലാ മാസവും ഹരിത കർമ്മ സേനാംഗങ്ങളും ഗ്രാമപഞ്ചായത്ത് അംഗങ്ങളും ഉദ്യോഗസ്ഥരും ഐ.ആർ.ടി.സി. കോ-ഓർഡിനേറ്റർമാരും പങ്കെടുത്തു കൊണ്ട് റിവ്യൂ മീറ്റിംഗുകൾ നടത്തുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുകയും പ്രതിമാസ റിപ്പോർട്ടുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്.

പഞ്ചായത്തിലെ പകുതിയിലധികം വീടുകളും ഈ പദ്ധതിയുടെ ഭാഗമാണെങ്കിലും കച്ചവട സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്ന് തികച്ചും നിസ്സഹകരണ മനോഭാവമാണെന്നാണ് ഹരിതകർമ്മ സേനാംഗങ്ങളും വി.ഇ.ഒ.യും വിശദീകരിയ്ക്കുകയുണ്ടായി. ഹരിതകർമ്മ സേനയുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിയ്ക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നിഷേധിയ്ക്കുകയും പിഴ ചുമത്തുകയും ചെയ്യുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണെങ്കിലും അത്തരം നടപടികൾ സ്വീകരിച്ച് കാണുന്നില്ല. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഏറ്റെടുക്കുന്നതിനായി വീടുകൾക്ക് 50 രൂപയും കച്ചവടസ്ഥാപനങ്ങൾക്ക് 100രൂപയും യൂസർ ഫീയായി നിശ്ചയിച്ചിട്ടുണ്ട്. 4.3.20ൽ ഹരിതകർമ്മ സേനാംഗങ്ങളെ തെരെഞ്ഞെടുത്തിട്ടുണ്ടെങ്കിലും 2/21 മുതലാണ് അജൈവമാലിന്യങ്ങൾ ശേഖരിയ്ക്കാൻ തുടങ്ങിയത്. 11.2.21 മുതൽ 24.10.21 വരെ യൂസർഫീ ഇനത്തിൽ 1984670/- രൂപ വരവുണ്ട്. ശമ്പളം, വണ്ടി വാടക, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കു തുക ചെലവഴിച്ച ശേഷം 493019/- രൂപ അക്കൌണ്ടിൽ നീക്കിയിരുപ്പ് ഉണ്ട്. ക്ലീൻ കേരള കമ്പനിയ്ക്ക് തരംതിരിച്ച പ്ലാസ്റ്റിക്ക് വിറ്റവകയിൽ 3789/- രൂപ ലഭിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി കൊണ്ടുപോയ തരംതിരിച്ച പ്ലാസ്റ്റിക്കുകളുടെ വില ലഭിയ്ക്കുവാനുണ്ടെന്നും വി.ഇ.ഒ. അറിയിച്ചു. വയബിലിറ്റി ഗ്യാപ് ഫണ്ട് ഇനത്തിൽ ഹരിത കർമ്മസേനയ്ക്ക് 2019-20 ൽ 55000/- രൂപയും 2020-21 ൽ 125000/-രൂപയും ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്.

കായംകുളം കായലിന്റെ ഇരുവശവുമായി സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ 18 വാർഡുകളിൽ 5 എണ്ണം കായലിന് കിഴക്ക് വശവും 13 വാർഡുകൾ കായലിന് പടിഞ്ഞാറ് വശവുമായാണ് സ്ഥിതി ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിലെ എം.സി.എഫ്. കായലിന് കിഴക്കേകരയിൽ സ്ഥിതി ചെയ്യുന്നതിനാൽ തന്നെ 13 വാർഡുകളിൽ നിന്നും ശേഖരിയ്ക്കുന്ന

മാലിന്യങ്ങൾ എം.സി.എഫിൽ എത്തിയ്ക്കുന്നതിനായി ഹരിതകർമ്മസേനയ്ക്ക് നല്ലൊരു തുക ചെലവഴിയ്ക്കേണ്ടി വരുന്നു. ആയതിനാൽ പകുതിയിലധികം വാർഡുകൾ സ്ഥിതി ചെയ്യുന്ന പടിഞ്ഞാറെ കരയിലും ഒരു എം.സി.എഫ്. സ്ഥാപിയ്ക്കുന്നത് ഉപകാരപ്രദമായിരിയ്ക്കും.

## 1-54 മരുന്നുകൾ ലഭ്യമായില്ല

1. പ്രോജക്റ്റ് നം-5/21

| പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | ഫണ്ട് | ബിൽ നം. | തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തീയതി |
|---|---|---|---|---|---|
| തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ കീഴിലുള്ള ആശുപത്രികൾക്ക് മരുന്നുവാങ്ങി നൽകൽ | 900000 | 600000 | മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 17/ 26-03-21 | 27-03-2021 അക്കൌണ്ട് നം- PUNB0362400-3624001800000019 |

കെ.എം.എസ്.സി.എൽ-ന് 23/03/21 ലെ പ്രഫോർമ ഇൻവോയിസ് PRF 6503 പ്രകാരം 600000 രൂപ ട്രാൻസഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

II) പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി KMSCL ന് മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിന് താഴെ പറയുന്ന ഇൻവോയിസ്സുകൾ പ്രകാരം തുക ട്രാൻസഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | ബിൽ/ചെക്ക് നം-/തീയതി | KMSCL ന് നൽകിയ തുക | ലഭ്യമായ മരുന്നുകളുടെ ആകെ വില | KMSCL ന്റെ പക്കൽ മുടങ്ങിക്കിടക്കുന്ന പണം |
|---|---|---|---|---|
| 22/20 | 21/29-03-21 | 123643 | 17610 | 106033 |
| 22/20 | ചെക്ക് നം-408454 (54081) Union Bank | 30180 | 4116 | 26064 |
| 6/20 | ചെക്ക് നം-4084548 (163289) Union Bank | 116720 | 100314 | 16406 |
| ആകെ | | | | 148503 |

മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-55 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. റ്റി.ഡി.എസ് കുറവ് ചെയ്തില്ല – ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ

കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്നിരിക്കെ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി ഈടാക്കിയതായി കാണുന്നില്ല. 30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടച്ചെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അപ്രകാരം അടവാക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശപ്രകാരം ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 36/19.11.21 നൽകിയതിനെ തുടർന്ന് തുകകൾ 20.11.21 തീയതിയിലെ രസീതുകളായ 121050100361, 121050100361 എന്നിവ മുഖേന ഒടുക്കുകയുണ്ടായി. കരാറുകാർ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ ജി.എസ്.റ്റി തുകകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തിയുടെ പേര് | കരാറുകാരൻ | എം.ബുക്ക് നമ്പർ | എഫ്.റ്റി.ഒ. നമ്പർ | പ്രവർത്തി മൂല്യം | സാധനങ്ങളുടെ വിലയിനത്തിൽ കരാറുകാരന് നൽകിയ തുക | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്. റ്റി (2%) |
|---|---|---|---|---|---|---|---|
| 1. | ഉറ്റുക്കാട്ടിൽ റോഡ് കോൺക്രീറ്റിംഗ് | ഷെരീഫ്, പൊന്നന്റങ്ങത്ത്, ആറാട്ടുപുഴ | 230/ 20-21 | KL1611009001 281020FTO 400337 | 435305 | 383408 | 7668.16 |
| 2. | സുനാമി സ്മാരകം റോഡ് | അരുൺ, അരുണാലയം, പെരുമ്പള്ളി | 223/ 20-21 | KL1611009001 271020 FTO 396927 | 362427 | 318533 | 6370.66 |
| | ആകെ | | | | | | 14038.82 |

## 1-56 അങ്കണവാടികളുടെ ഭൗതിക സാഹചര്യം

ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 40 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 34 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 05 എണ്ണം വാടക കെട്ടിടത്തിലും 01 എണ്ണം പൊതുകെട്ടിടത്തിലും പ്രവർത്തിക്കുന്നു. 40 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. 10 എണ്ണത്തിൽ ബേബി ഫ്രണ്ട്‌ലി ടോയിലെറ്റ് ഉണ്ട്. 09 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 39 അങ്കണവാടികളിൽ വൈദ്യുതി സൗകര്യം ഉണ്ട്. 40 അങ്കണവാടികളിലും കുടിവെള്ളം ലഭ്യമാണ്. എല്ലാ അങ്കണവാടികളിലും അടുക്കളയ്ക്ക് പ്രത്യേകം മുറിയുണ്ട്. രണ്ട് അങ്കണവാടികൾക്ക് (സെന്റർ നം. 25, 29) കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാണെങ്കിലും കെട്ടിടം പണിഞ്ഞിട്ടില്ല. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ഫാൻ, ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ്. മാതൃകാ അങ്കണവാടികൾ നിലവിലില്ല.

## 1-57 കോവിഡ് 19 ലഘു അവലോകനം

2020- ആരംഭത്തോടെ കേരളത്തിലും സാരമായി ബാധിച്ച കോവിഡ് 19 മഹാമാരി, ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക, ആരോഗ്യ, തൊഴിൽ മേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, CFLTC നടത്തിപ്പ്, Covid Care Centre നടത്തിപ്പ്, അവശ്യമരുന്നുകൾ വാങ്ങി നൽകൽ, കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം തുടങ്ങി കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്ത് സജീവ പങ്കാളിയായിരുന്നു.

മംഗലം GHSS സ്കൂളിലാണ് CFLTC പ്രവർത്തിച്ചത്. ആറാട്ടുപുഴ ജെ.എം.എസ് ഹാൾ, നല്ലാണിക്കൽ എൽ.പി സ്കൂൾ എന്നിവിടങ്ങളിലായിരുന്നു കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം നടത്തിയത്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാങ്ങിയ ഉപകരണങ്ങളെല്ലാം സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി -അർദ്ധവാർഷിക വരുമാനത്തിനനസൃതമായി ഈടാക്കിയില്ല

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അവരുടെ അർദ്ധവാർഷിക വരുമാനത്തിന് അനസൃതമായി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ /ജീവനക്കാരിയുടെ പേര് | അർദ്ധ വർഷം | തസ്തിക | ആകെ അർദ്ധ വാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| പ്രഥമികാരോഗ്യ കേന്ദ്രം | ജെസ്സി.ജെ | I | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 126400 | 1250 | 750 | 500 |
| പ്രാഥമികാരോഗ്യ കേന്ദ്രം | മുഹമ്മദ് ഇക്ബാൽ | I | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 126400 | 1250 | 1000 | 250 |
| ഗവ.ആയുർവേദ ഡിസ്പെൻസറി | നാസർ.എ | I | ഫാർമസി അറ്റൻഡർ | 133200 | 1250 | 1000 | 250 |
| എം.യു.പി.എസ്-ആറാട്ടുപുഴ | സജീർ.എം | II | പി.റ്റി.അറബി ടീച്ചർ | 140400 | 1250 | 1000 | 250 |
| പ്രാഥമികാരോഗ്യ കേന്ദ്രം | സ്മിത.എസ് | II | ഓഫീസ് അറ്റൻഡന്റ് | 128400 | 1250 | 1000 | 250 |
| | | | | | | | 1500 |

കുറവ് വന്ന തൊഴിൽ നികുതി 1500 രൂപ ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എയർ കണ്ടീഷനറുകൾ സ്ഥാപിക്കൽ- വികലമായി പ്രോജക്റ്റ് ആവിഷ്കരിച്ചു- കരാറുകാരൻ വ്യാജരേഖയുണ്ടാക്കി - പഞ്ചായത്ത് ഫണ്ടിന് 133426 രൂപ നഷ്ടമായി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0030/21<br>(സ്പിൽ ഓവർ) |
| അടങ്കൽ | 222350 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | *ബിൽ നം -8*<br>*(19-20 ലെ ബിൽ നമ്പർ)*<br>*220126/-*<br>*12/05/21 ലാണ് ബിൽ പാസ്സായത്* |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകിയ അക്കൌണ്ട് (IFSC സഹിതം) | CNRB0001699 -1699101037744 |
| കരാറുകാരൻ | അഹമ്മദുൾ കബീർ |

പി.എച്ച്.സി.യിലെ ഫാർമസി - ശീതീകരിക്കൽ, എ.സി വാങ്ങലും സ്ഥാപിക്കലും എന്ന പ്രോജക്റ്റിലുൾപ്പെടുത്തി രണ്ട് എ.സി.കൾ സ്ഥാപിച്ചതിന് 220126/- രൂപ ചെലവഴിച്ചിരുന്നു. ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് ഹാജരാക്കിയ അഹമ്മദുൾ കബീർ, കണ്ടത്തിൽ പീടികയിൽ, കായംകുളം എന്നയാളുടെ ഓഫറാണ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളത്. പ്രോജക്റ്റും അനുബന്ധരേഖകളും പരിശോധിച്ചതിൽ ടെണ്ടർ ക്ഷണിച്ചതിലും എ.സി.സ്ഥാപിച്ചതിനെ സാധൂകരിക്കുന്നതിനായി ഹാജരാക്കിയ രേഖകളിലും അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് രൂപീകരിച്ച് അംഗീകാരം വാങ്ങിയതിലെ അപാകതകൾ

പ്രോജക്റ്റ് രൂപീകരണ ഫോറം പരിശോധിച്ചതിൽ അടങ്കലായി വളരെ ഉയർന്ന തുക നിശ്ചയിച്ച് ഭരണാനുമതിയുടെ അംഗീകാരം വാങ്ങുകയാണുണ്ടായതെന്ന് കാണുന്നു. 14/06/2019 ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം പ്രോജക്റ്റിന് ഭരണാനുമതി നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ഒരു യൂണിറ്റിന്റെ വില | യൂണിറ്റ് | മതിപ്പ് ചെലവ് | ആകെ |
|---|---|---|---|---|
| എ.സി. | 50000 | 2 | | 100000 |
| പി.എച്ച്.സി. ഫാർമസി ശീതീകരിക്കൽ - എ.സി. സ്ഥാപിക്കലും അനുബന്ധ പ്രവർത്തനങ്ങളും | | | 122350 | |
| ആകെ | | | | 2,22,350 |

മേൽ ഭരണാനുമതി പരിശോധിച്ചതിൽ രണ്ട് എ.സി.കളുടെ വിലയായി ഒന്നിന് 50000/- രൂപ പ്രകാരം 100000/- രൂപയും എ.സി സ്ഥാപിക്കുന്നതിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കായി 122350രൂപയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രോജക്റ്റിന്റെ ഭാഗമായുള്ള അനുബന്ധ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നോ ഇലക്ട്രിക്കൽ ജോലികളാണ് ഉദ്ദേശിക്കുന്നതെങ്കിൽ ക്ഷമതയുള്ള ഉദ്യോഗസ്ഥരെ കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതികാനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. അതിനാൽ തന്നെ അനുബന്ധ പ്രവർത്തനങ്ങൾക്കായി ഉൾപ്പെടുത്തിയിട്ടുള്ള 122350/-രൂപയുടെ യുക്തിഭദ്രത ഉറപ്പിക്കാനാവുന്നില്ല. എയർ കണ്ടീഷനറുകൾ പോലെയുള്ള ഉപകരണങ്ങൾ സപ്ലൈയർ സ്വന്തം നിലയിൽ തന്നെ സ്ഥാപിക്കുമെന്നിരിക്കെ വാങ്ങൽ മാത്രമായിരുന്നിട്ടും എ.സി. സ്ഥാപിക്കുന്നതിന് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 1,22,350 രൂപക്ക് എസ്റ്റിമേറ്റില്ലാതെയും ഭരണാനുമതി നൽകിയത് പ്രോജക്റ്റ് രൂപീകരണത്തിലെ അപാകതയാണ്. ഒരു ടണ്ണിന്റെ രണ്ട് എ.സി.കൾ വാങ്ങി സ്ഥാപിയ്ക്കുന്നതിന് 100000/- രൂപയും അനുബന്ധ ചെലവുകൾക്ക് 122350/-രൂപയും ഉൾപ്പെടെ 222350/- രൂപ മതിപ്പ് ചെലവ് ഉൾപ്പെടുത്തിയതിൽ നിന്ന് തന്നെ മതിയായ സാമ്പത്തിക ആസൂത്രണവും വിശകലനങ്ങളുമില്ലാതെയാണ് പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാകുകയാണ്. വീട്ടുകളിലും ഓഫീസുകളിലും എ.സി. സ്ഥാപിയ്ക്കുന്നത് ഒരു ആഡംബരത്തിനപ്പുറം ആവശ്യകതയായി മാറിയ ഇക്കാലത്ത് രണ്ട് എ.സി. കൾ സ്ഥാപിയ്ക്കുന്നതിനുള്ള ചെലവ് സംബന്ധിച്ച് ഒരു ഏകദേശധാരണ എല്ലാവർക്കും ഉണ്ടാകുമെന്നിരിക്കെ പ്രോജക്റ്റ് ആവിഷ്കരണത്തിലെ ഒരു ഘട്ടത്തിൽ പോലും ഇത്ര വലിയ ഒരു അടങ്കൽ ഉൾപ്പെടുത്തിയതിന്റെ യുക്തിഭദ്രതയിൽ പ്രോജക്റ്റ് ആവിഷ്കരണവുമായി ബന്ധപ്പെട്ട ജീവനക്കാർക്കോ പഞ്ചായത്ത് അംഗങ്ങൾക്കോ നിർവ്വഹണ ഉദ്യോഗസ്ഥനോ ആർക്കും ഒരു സംശയവും തോന്നിയില്ല എന്നത് പ്രത്യേകം എടുത്തു പറയേണ്ട സംഗതിയാണ്.

2) ടെണ്ടർ നടപടികളിൽ അപാകത

പ്രോജക്റ്റിന്റെ ഭാഗമായി A2/5237/19 തീയതി. 23/12/19 നമ്പരായി നൽകിയ ടെണ്ടർ പരസ്യത്തിൽ 2,22,350/- രൂപ അടങ്കലുള്ള പ്രോജക്റ്റിലുൾപ്പെടുത്തി 1 ടൺ, 5 സ്റ്റാർ ഇൻവെർട്ടർ AC, 400 VA സ്റ്റെബിലൈസർ, സ്റ്റാൻഡ്, പവർപ്ലഗ് യൂണിറ്റ് എന്നീ സ്പെസിഫിക്കേഷനോട്ടു കൂടിയ എ.സി.കളുടെ നിരക്ക് ഹാജരാക്കുന്നതിനാണ് ആവശ്യപ്പെട്ടിരുന്നത്. ഉപകരണം വാങ്ങൽ മാത്രമായിരുന്നിട്ടും ജി.എസ്.റ്റി രജിസ്ട്രേഷനുള്ള നിശ്ചിത യോഗ്യതയുള്ള കരാറുകാർക്കാണ് ടെണ്ടറിൽ പങ്കെടുക്കാനുള്ള അർഹതയെന്ന് ടെണ്ടർ നിബന്ധനകളിൽ വ്യവസ്ഥ ചെയ്തിരുന്നു. (ഇലക്ട്രിക്കൽ കരാർ ലൈസൻസികളെയാണ് ഉദ്ദേശിച്ചതെന്ന് പ്രോജക്റ്റ് ഫയലിൽ നിന്നും വ്യക്തമാകുന്നു) യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളും ടെണ്ടറിനൊപ്പം ഉൾപ്പെടുത്തണമെന്ന നിബന്ധനയും വച്ചിരുന്നു. എ.സി.വാങ്ങി സ്ഥാപിയ്ക്കുന്നതിന് അംഗീകൃത വിതരണക്കാരിൽ നിന്നും ഓഫറുകൾ ക്ഷണിയ്ക്കുന്നതിന് പകരം നിശ്ചിത യോഗ്യതയുള്ള കരാറുകാർക്കാണ് ടെണ്ടറിൽ പങ്കെടുക്കാനുള്ള അർഹതയെന്ന നിബന്ധന വെച്ചതിലൂടെ അംഗീകൃത വിതരണക്കാർ യാതൊരു തുകയും ഈടാക്കാതെ ചെയ്യുന്ന ഇൻസ്റ്റലേഷൻ പ്രവർത്തികൾക്കായി അധിക തുക ചെലവഴിക്കുന്ന സാഹചര്യം ഉണ്ടായി.

ലഭ്യമാക്കിയ രേഖകൾ പ്രകാരം ടെണ്ടർ സമർപ്പണത്തിനുള്ള അവസാനതീയതിയായ 06-01-2020 ൽ രണ്ട് ടെണ്ടറുകളാണ് ലഭിച്ചത്. അടങ്കൽ ആയി കാണിച്ചിരിക്കുന്ന തുകയിൽ നിന്നും 0.1% ശതമാനം കുറവിൽ അഹമ്മദുൾ കബീർ, കണ്ടത്തിൽ പീടികയിൽ, കായംകുളം എന്നയാളും, അടങ്കൽ തുകയെക്കാൾ 0.1% കൂടുതൽ തുകക്ക് സനൽകുമാർ എന്നയാളും ഓഫറുകൾ സമർപ്പിച്ചിരുന്നു. സനൽ കുമാർ സമർപ്പിച്ച ടെണ്ടറിനൊപ്പം ടിയാൾ ഇലക്ട്രിക്കൽ കരാറുകാരനാണോയെന്ന് വ്യക്തമാക്കുന്ന രേഖകളില്ല. ടിയാൾ ഹാജരാക്കിയ ടെണ്ടർ ഫോറത്തിൽ പ്രകടമായ തിരുത്തലുകൾ/ കൂട്ടിചേർക്കലുകൾ വരുത്തിയിട്ടുള്ളതായി കാണുന്നു.

ജനറൽ കമ്മറ്റിയുടെ 13-01-2020 ലെ 1(4) നമ്പർ തീരുമാന പ്രകാരം അടങ്കൽ തുകയിൽ 0.1% കുറവിന് ടെണ്ടർ സമർപ്പിച്ച അഹമ്മദുൾ കബീർ, കണ്ടത്തിൽ പീടികയിൽ കായംകുളം എന്നയാൾക്ക് ടെണ്ടർ ഗ്രാമപഞ്ചായത്ത് അംഗീകരിക്കുകയുണ്ടായി. ലഭിച്ച ടെണ്ടറുകളെ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ

നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

3) അഹമ്മദുൾ കബീർ ഹാജരാക്കിയ ബില്ലുകളിൽ പ്രകടമായ അപാകതകൾ

അഹമ്മദുൾ കബീർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 23-01-20 ൽ നൽകിയ കത്തിൽ ജോലികൾ പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറും ബ്ലൂ സ്റ്റാർ 1 ടൺ 5 സ്റ്റാർ ഇൻവെർട്ടർ AC, V-guard 400 VA സ്റ്റെബിലൈസർ, AC സ്റ്റാൻഡ്, പവർപ്ലഗ് എന്നിവ രണ്ട് വീതം തൃപ്തികരമായി സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നതായി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ബില്ലിനൊപ്പം സമർപ്പിച്ച രേഖകൾ പ്രകാരം അഹമ്മദുൾ കബീർ സമർപ്പിച്ച സബ് വൌച്ചറുകളിലെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | ജനതാ ഇലക്ട്രിക്കൽസ് ആൻഡ് പ്ലമ്പിംഗ് (ബിൽ നം-1199/19 Dtd .27-01-20) | 2679 |
| 2 | ബിൽ നം-WH 704 Dtd 20-01-2020 പാറയിൽ ഏജൻസീസ്, മാവേലിക്കര | 176200 |
| 3 | ലേബർ ചാർജ് (അഹമ്മദുൾ കബീറിന്റെ കൈപ്പറ്റ്) | 41247 |

എ) ജനതാ ഇലക്ട്രിക്കൽസ് ആൻഡ് പ്ലംബിംഗ് എന്ന സ്ഥാപനത്തിന്റെ പർച്ചേസ് ബിൽ പരിശോധിച്ചതിൽ ബിൽ തീയതി 27-01-2020 ആണ്. 23-01-20 ൽ പ്രവർത്തികൾ പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്തിന് കരാറുകാരൻ കത്ത് നൽകിയ ശേഷം പ്രവർത്തിയ്ക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ 27-01-20 ൽ വാങ്ങിയതായുള്ള ബിൽ ഹാജരാക്കുക വഴി ബില്ലിന്റെ സംശുദ്ധിയിൽ സംശയങ്ങൾ ഉണ്ടാകുന്നു. പ്രവർത്തി പൂർത്തീകരിച്ച തീയതിയ്ക്ക് ശേഷമുള്ള തീയതിയിലെ ബില്ലിന്റെ ആധികാരികത ബോധ്യപ്പെടാത്തതിനാൽ തന്നെ ഈ ബിൽ പ്രകാരമുള്ള ചെലവ് തുക 2679/- രൂപ അംഗീകരിക്കാൻ കഴിയില്ല.

ബി) പാറയിൽ ഏജൻസീസിന്റേതായി കരാറുകാരൻ ഹാജരാക്കിയ ടാക്സ് ഇൻവോയിസിൽ നിരവധി ഭാഗത്ത് തിരുത്തലുകളും കൂട്ടിചേർക്കലുകളും തെറ്റുകളും ഉള്ളതിനാൽ ബില്ലിൽ കൃത്രിമം നടന്നിട്ടുണ്ടോയെന്ന് സംശയമുണ്ടായതിനെ തുടർന്ന് WH-704/തീയതി. 20-1-2020 നമ്പർ ടാക്സ് ഇൻവോയിസിന്റെ ഒരു അധിക പകർപ്പ് നൽകണമെന്ന് ആവശ്യപ്പെട്ട് 15-11-21 തീയതിയിൽ ഓഡിറ്റ് ടീം ലീഡർ മാവേലിക്കര പാറയിൽ ഏജൻസീസിന് കത്ത് നൽകുകയുണ്ടായി. പാറയിൽ ഏജൻസീസ് ഓഡിറ്റിന് ലഭ്യമാക്കിയ ഇൻവോയിസ് പകർപ്പ് പ്രകാരം മേൽ നമ്പർ ഇൻവോയ്സിലെ ആകെ തുക 86700/- രൂപ മാത്രമാണ്. കരാറുകാരൻ സമർപ്പിച്ച ഇൻവോയ്സിലെ തുക 176200/- രൂപയും. അതായത് ഇൻവോയ്സിൽ കൃത്രിമങ്ങൾ നടത്തി യഥാർത്ഥ തുകയെക്കാൾ 89500/- രൂപ അധികമായി ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിച്ച് കരാറുകാരൻ കൈപ്പറ്റുകയുണ്ടായി. സ്ഥാപനം ലഭ്യമാക്കിയ രണ്ട് എയർ കണ്ടീഷനറുകളുടെയും രണ്ട് സ്റ്റെബിലൈസറുകളുടെയും വിലയെ ഒരു യൂണിറ്റിന്റെ വിലയായി എടുത്തുകൊണ്ടും എ.സി സ്റ്റാൻഡ് വില പുതിയതായി ചേർത്തുകൊണ്ടും വ്യാജമായി രേഖ സൃഷ്ടിച്ച് കരാറുകാരൻ കൈപ്പറ്റിയ 89500/- രൂപയുടെ ചെലവ് അംഗീകരിക്കാനാവില്ല.

കരാറുകാരൻ ഹാജരാക്കിയ ഇൻവോയ്സ് ചിത്രം 1 ആയും പാറയിൽ ഏജൻസീസ്സിൽ നിന്ന് ഓഡിറ്റ് ടീമിന് ലഭിച്ച ടി ഇൻവോയ്സിന്റെ പകർപ്പ് ചിത്രം 2 ആയും ഉൾപ്പെടുത്തിയിരിക്കുന്നു.

4) അംഗീകൃത വിതരണക്കാർ സൌജന്യമായി ചെയ്യുന്ന എ.സി. ഇൻസ്റ്റലേഷനായി 41247/- രൂപ കരാറുകാരന് നൽകി

എ.സി. പോലുള്ള ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ വിതരണക്കാർ സൌജന്യമായാണ് സാധരണയായി ചെയ്തു തരുന്നത്. എന്നാൽ പ്രോജക്ടിൽ സ്ഥാപിക്കലും അനുബന്ധ പ്രവർത്തനങ്ങളും എന്നയിനം ഉൾപ്പെടുത്തി 41247/-രൂപ കരാറുകാരന് നൽകുകയുണ്ടായി. ഇത് ഉറപ്പാക്കുന്നതിനായി കരാറുകാരൻ എ.സി. വാങ്ങിയ പാറയിൽ ഏജൻസീസിൽ നിന്ന് ഒരു ക്വട്ടേഷൻ ഓഡിറ്റ് ഓഫീസറുടെ നിർദ്ദേശപ്രകാരം വാങ്ങുകയുണ്ടായി. ക്വട്ടേഷനിൽ ടേംസ് & കണ്ടീഷൻസ് എന്ന ഭാഗത്ത് ലഭ്യമാക്കിയ ജി.എസ്.ടി, ഉപകരണത്തിന്റെ ഇൻസ്റ്റലേഷൻ ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള വിലയാണ് ലഭ്യമാക്കിയിട്ടുള്ളതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ജനതാ ഇലക്ട്രിക്കൽസ് ആൻഡ് പ്ലംബിംഗ്സിൽ നിന്ന് 2679/-രൂപക്ക് വാങ്ങിയതായി പറയുന്ന (പ്രവർത്തി പൂർത്തീകരിച്ചതായി പഞ്ചായത്തിൽ അറിയിച്ച തീയതിയ്ക്ക് ശേഷമുള്ള തീയതി രേഖപ്പെടുത്തിയ ബില്ല്) ഇലക്ട്രിക്കൽ സാധനങ്ങൾ സ്ഥാപിയ്ക്കുന്നതിന് വേണ്ടി 41247/-രൂപ ചെലവായെന്നത് തന്നെ അവിശ്വസനീയമാണ്. കരാറുകാരൻ ചെയ്തതായി പറയുന്ന വർക്കുകൾ ക്ഷമതയുള്ള ഉദ്യോഗസ്ഥർ വാല്യുവേഷൻ എടുത്തിട്ടില്ലാത്തതിനാലും അംഗീകൃത സപ്ലെയറിൽ നിന്ന് വാങ്ങുകയാണെങ്കിൽ സൌജന്യമായി ഇൻസ്റ്റാൾ ചെയ്ത് ലഭിയ്ക്കുമായിരുന്ന എ.സി.യുടെ വാങ്ങലും സ്ഥാപനവും

കരാറുകാരനെ ഏൽപ്പിയ്ക്കുക വഴി 41247/-രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ചിത്രം 3 - 5 M/s പാറയിൽ ഏജൻസീസ് മാവേലിക്കര ലഭ്യമാക്കിയ സ്റ്റാർ, 1 ടൺ ബ്ലൂ സ്റ്റാർ എ.സി സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ

മേൽ അപാകതകൾ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം (നം-26/20-21/തീയതി. 7-11-21) ന് 698/2021 തീയതി. 18-11-2021 നമ്പരായി ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന രീതിയിൽ കാര്യങ്ങൾ പഞ്ചായത്തിൽ നിന്നും അറിയിക്കുകയോ മെഡിക്കൽ ഓഫീസറുടെ ഇടപെടലുകൾ ഉണ്ടാകുകയോ ചെയ്തിട്ടില്ലന്നും ബിൽ മാറി തുക സപ്ലെയർക്ക് നൽകുക മാത്രമായിരുന്നു തന്റെ പങ്കെന്ന് അവർ വിശദീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും കരാറുകാരൻ ലഭ്യമാക്കിയ ചെലവ് രേഖകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിന് മുൻപ് ഇൻവോയിസിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.

ക്രമ നമ്പർ 3ബി ഉൾപ്പെടുത്തിയിട്ടുള്ള പാറയിൽ ഏജൻസീസിന്റെ ബില്ലിൽ കൃത്രിമം കാണിച്ച് അധികമായി കരാറുകാരൻ കൈപ്പറ്റിയ 89500/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതും വ്യാജരേഖ ചമച്ച് നിർവ്വഹണ ഉദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിച്ച് അധിക പണം കൈപ്പറ്റിയ കരാറുകാരനെതിരെ ഗ്രാമപഞ്ചായത്ത് നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ക്രമ നമ്പർ 4 പ്രകാരം ഇൻസ്റ്റലേഷനായി ചെലവായ 41247/-രൂപയും 3(എ) പ്രകാരമുള്ള ചെലവ് തുക 2629/- രൂപയും നിർവ്വഹണ ഉദ്യോഗസ്ഥ, പ്രോജക്റ്റിന് ഭരണാനുമതി നൽകിയ (14-06-2019 തീയതി) പഞ്ചായത്ത് സമിതിയംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

---



TAX INVOICE (B2B) (EXTRA COPY)

PARAYIL AGENCIES (2019-20)
Park Junction,MAVELIKARA. Ph: 0479-2302624,
Mob :9388407627,9847359315.
GSTIN/UIN: 32COZPG9609E1ZL
State Name : Kerala, Code : 32
E-Mail : parayilagencies@yahoo.co.in

Invoice No.: WH-704 | e-Way Bill No. | Dated: 20-Jan-20
Delivery Note | Mode/Terms of Payment
Reference No. & Date. | Other References
Buyer's Order No. | Dated
Dispatch Doc No. | Delivery Note Date
Dispatched through | Destination
Vessel/Flight No. | Place of receipt by shipper:
City/Port of Loading | City/Port of Discharge
Terms of Delivery

Buyer (Bill to)
AHAMDUL KABEER
KANDATHIL PEEDIKAYIL
VERUVALLI BHAGOM
KKAYAMKULAM
9947137397
GSTIN/UIN : 32BRXPA1998L2Z4
State Name : Kerala, Code : 32

| Sl No. | Description of Goods | HSN/SAC | Quantity | Rate (Incl. of Tax) | Rate | per | Amount |
|---|---|---|---|---|---|---|---|
| 1 | BLUE STAR 1.0 TON 5 STAR INVERTER AC (5CNHW12QATU)<br>OD SL NO: 5CNHW12QATUBRA02671<br>5CNHW12QATUBRA02644<br>[illegible] | 8415 | 2 NOS | 41,500.01 | 32,421.88 | NOS | 64,843.76 |
| 2 | V-GUARD STABILIZER VG 400 | 90328910 | 2 NOS | 1,850.00 | 1,567.80 | NOS | 3,135.60 |
| | | | | | | | 67,979.36 |
| | CENTRAL TAX (CGST) | | | | | | 9,360.33 |
| | STATE TAX (SGST) | | | | | | 9,360.33 |
| | Less : Round Off | | | | | | (-)0.02 |
| | Total | | 4 NOS | | | | ₹ 86,700.00 |

E. & O.E

Amount Chargeable (in words)
INR Eighty Six Thousand Seven Hundred Only

| HSN/SAC | Taxable Value | Central Tax Rate | Central Tax Amount | State Tax Rate | State Tax Amount | Total Tax Amount |
|---|---|---|---|---|---|---|
| 8415 | 64,843.76 | 14% | 9,078.13 | 14% | 9,078.13 | 18,156.26 |
| 90328910 | 3,135.60 | 9% | 282.20 | 9% | 282.20 | 564.40 |
| Total | 67,979.36 | | 9,360.33 | | 9,360.33 | 18,720.66 |

Tax Amount (in words) : INR Eighteen Thousand Seven Hundred Twenty and Sixty Six paise Only

Company's Bank Details
Bank Name : UNION,MVKA-00101
A/c No. : 504105110000101
Branch & IFS Code : MAVELIKARA & UBIN0550418

Declaration
We declare that this invoice shows the actual price of the goods described and that all particulars are true and correct.

for PARAYIL AGENCIES (2019-20)
Authorised Signatory

This is a Computer Generated Invoice

ചിത്രം -2: അഹമ്മദുൾ കബീർ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ വ്യാജമായ ബിൽ

TAX INVOICE (B2B)
(Section 31 of Goods and Service Tax Act 2017) (ORIGINAL FOR RECIPIENT)

PARAYIL AGENCIES
Park Junction,MAVELIKKARA. Ph: 0479-2302624
Mob : 9388407627,9847359315
GSTIN/UIN : 32COZPG9609E1ZI
State Name : Kerala, Code :32
E-Mail : prayilagencies@yahoo.co.in

| | |
|---|---|
| Invoice No<br>WH 704 | Dated<br>20 Jan 2020 |
| Delivery Note | Mode/Terms of payment |
| Supplier's Ref | Other Reference(s) |
| Buyers Order No. | Dated |
| Despatch Document No. | Delivery Note Date |
| Despatched through | Destination |
| Terms of Delivery | |

Buyer
AHAMDUL KABEER
KANDATHIL PEEDIKAYIL
VERUVALLY BHAGOM
KAYAMKULAM
9947137397
GSTIN/UIN : 32BRXPA1998L2Z4
State Name : Kerala, Code : 32

| Sl No. | Description of Goods | HSN/SAC | Qty. | Rate | Per | Disc % | Amount |
|---|---|---|---|---|---|---|---|
| 1 | BLUE STAR 1.0 TON 5 STAR INVERTER (5CNHW12QATU)<br>CD SL NO 5NHW12QTUBRA02671<br>5CNHW12QATUBRA02644<br>INSL NOBI-<br>5CNHW12QATU17AO11835CNH12QATU18A04173 | 8415 | 2NOS | 64,843.76 | NOS | | 12,9687.52 |
| 2 | V-GUARD STABILIZER VG 400 | 90328910 | 2NOS | 3,135.60 | NOS | | 6,271.20 |
| 3 | STAND FOR CONDENSING UNIT | 7301 | 2NOS | 1,186.44 | NOS | | 2,372.88 |
| | | | | | | | 1,38,331.60 |
| | CENTRAL TAX (CGST) | | | | | | 18,934.22 |
| | STATE TAX(SGST) | | | | | | 18,934.22 |
| | Round Off | | | | | | (-)0.04 |
| | Total | | 6NOS | | | | 1,76,200.04 |

Amount Chargeable (in words)
INR One lakh Seventy thousand two hundred only.

| HSN/SAC | Taxable Value | Central Tax Rate | Central Tax Amount | State Tax Rate | State Tax Amount | Total Tax Amount |
|---|---|---|---|---|---|---|
| 8415 | 12,9687.52 | 14% | 18,156.26 | 14% | 18156.26 | 36,312.52 |
| 90328910 | 6,271.20 | 9% | 564.40 | 9% | 564.40 | 1,128.80 |
| 7301 | 2,372.88 | 9% | 213.56 | 9% | 213.56 | 427.12 |
| Total | 1,38331.60 | | 18,934.22 | | 18,934.22 | 37868.44 |

Tax Amount(in Words) : Thirty seven thousand eight hundred and sixty eight and forty four paisa Only

Company's Bank Details
Bank Name : UNION,MVKA-00101
A/c No. : 504105110000101
Branch & IFS Code : MAVELIKARA & UBIN0550418

For PARAYIL AGENCIES

Authorised Signatory

Declaration
We declare that this invoice shows the actual price of the Goods described and that all particulars are true and correct
This is a computer generated invoice

# PARAYIL AGENCIES

**PARK JUNCTION , MAVELIKARA**

**TEL.NO. 0479 2302624 / MOBILE 9847359315**

**To**

**SUB: QUOTATION FOR AIRCONDITIONER**

**Sir,**

**We thank you for giving us the opportunity to submit the quotation for Airconditioner**

| No. | Product Description | Qty | Unit Price |
|---|---|---|---|
| 1 | Blue star 1.0 Ton 5 Star Inverter A/c | 1 | 39000.00 |
| | V-gurad stabiliser (VG 4170) | 1 | 1900.00 |
| | V-Guard Stabiliser (VIG 400)<br>(Working range 170 Vac-270 Vac) | 1 | 2750.00 |
| | V-Guard Stabiliser (Arizor 4150)<br>(Working range 150 Vac-280 Vac) | 1 | 3950.00 |
| | Stand for outdoor unit | | 850.00 |

**Terms & Conditions**

1) Prices are inclusive of GST and standard installation
2) Payment on delivery
3) The prices are valid only for 7 days.

Please feel free to contact us on the phone for further clarifications.

Thanking you and assuring you of our best services always.
Yours faithfully,

**MANAGER**

For PARAYIL AGENCIES
MAVELIKKARA , 9847359315 , 9847351320
**GST NUMBER: 32COZPG9609E1ZL**
**Bank Details: - Union bank , A/c Number: 504105110000101, IFS Code: UBIN0550418**

## 3-2 മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള വാട്ടർ പ്യൂരിഫയർ വാങ്ങൽ

പ്രോജക്റ്റ്- നേരിട്ട് കേന്ദ്രീയ ഭണ്ഡാറിൽ നിന്നും വാങ്ങി- ഗ്രാമപഞ്ചായത്തിന് 37550 രൂപയുടെ നഷ്ടം

വാട്ടർ പ്യൂരിഫയറുകളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്റ്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വാങ്ങിയ ഉപകരണം | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|---|---|---|
| 229/21 | കുടുംബാരോഗ്യകേന്ദ്രത്തിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കലും നവീകരണവും | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | Aqua Guard Pure Chill 120 RO Cooler With Pre Filter | 150000 | 148950 | 19 |

28/08/2020ലെ A2-10/2020(18) നമ്പർ ടെണ്ടർ പരസ്യം മുഖാന്തിരം ISI സർട്ടിഫിക്കേഷനോട് കൂടിയ വാട്ടർ പ്യൂരിഫയർ അനിവാര്യമായ പ്ലംബിംഗ് ജോലികൾ സഹിതം സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ പരസ്യത്തിലെ സ്പെസിഫിക്കേഷനുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Dosing Pump(2 Nose)Alum -Chlorine Cleaning | 2 Nos |
| 2 | Water Tank 1000 L | 1 |
| 3 | Iron Removal Filter 14” Dia 65” Ht | 1 |
| 4 | Sand Filter 14” Dia 65” Ht | 1 |
| 5 | RO Purifier With Cold Hot Normal Water Fecility | 1 |
| 6 | RO Purifier 10ltr | 1 |
| 7 | Water Tank 2000 L | 1 |

ടെണ്ടർ തുറക്കുന്നതിനുള്ള അവസാന തീയതിയായ 09-09-2020 ന് ലഭിച്ച 6 ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തത് ജീവനകല അക്വാ എൻജിനീയേഴ്സ് എന്ന സ്ഥാപനമാണ്. 123195 രൂപയാണ് ഈ സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത്. ഈ സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് സമിതി അംഗീകരിച്ചിരുന്നു. (18-09-2020 ലെ 13/2 (2) തീരുമാനം. തുടർന്ന് പർച്ചേസ് ഉത്തരവ് നൽകുകയോ തീരുമാനം റദ്ദ് ചെയ്യുകയോ ഉണ്ടായില്ല. എന്നാൽ 20-01-21 ലെ 12(3) നമ്പർ തീരുമാന പ്രകാരം കേന്ദ്രീയ ബണ്ഡാറിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചു. 25-03-21 ൽ പർച്ചേസ് ഉത്തരവ് നൽകുകയും 25-01-21 ലെ ഇൻവോയിസ് നം- 2319 പ്രകാരം 148950 രൂപക്ക് കേന്ദ്രീയ ഭണ്ഡാർ എന്ന സ്ഥാപനത്തിൽ നിന്ന് Aqua Guard Pure Chill 120 RO Cooler With Pre Filter വാങ്ങുകയും പണം 26/03/21 ലെ ബിൽ നം-19 പ്രകാരം സ്ഥാപനത്തിന് നൽകുകയും ചെയ്തു. (A/c No- 0805201001943 IFSC -CNRB0000805).

പ്രാദേശികമായി നടത്തിയ പരിശോധനയിൽ ഉപകരണം ഇനിയും സ്ഥാപിച്ചിട്ടില്ലായെന്ന് കാണുന്നു . വലിയ ശേഷിയുള്ള വാട്ടർ പ്യൂരിഫയർ കുടുംബാരോഗ്യകേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട് . ആയതിനാൽ വാങ്ങൽ നടപടി തികച്ചും ആവശ്യാധിഷ്ഠിതമല്ലായിരുന്നു .

പ്രോഡക്റ്റിന്റെ ബാക്ക് കവറിൽ നികുതി ഉൾപ്പെടെയു ള്ള ആകെ തുക 1,11,400 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിനായി നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിനുള്ള (നം-17/20-21/16-11-2021) മറുപടിയിൽ പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഒരുഘട്ടത്തിലും മെഡിക്കൽ ഓഫീസർ ഉൾപ്പെട്ടിരുന്നില്ലായെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥന് ഒഴിയാനാകില്ല . പൊതുവിപണിയിൽ പോലും 1,11,400 രൂപ പരമാവധി ചില്ലറ വിലയുള്ള ഉപകരണം 1,48,950 രൂപ മുടക്കി വാങ്ങിയത് ഗ്രാമപഞ്ചായത്ത് ഫണ്ടിന് 37550 രൂപയുടെ നഷ്ടമുണ്ടാക്കിയതായി ഓഡിറ്റ് വിലയിരുത്തുന്നു . 37550 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു. ലഭ്യമായ ഉപകരണത്തിന്റെ ഗുണമേൻമ ഉറപ്പിക്കാനാകാത്തതിനാലും നടപടിക്രമങ്ങൾ ലംഘിച്ച് വാങ്ങൽ നടത്തിയതിനാലും ആകെ ചെലവിൽ അവശേഷിക്കുന്ന തുകയായ 111,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ഗ്രമപഞ്ചായത്ത് ഓഫീസിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ-34680 രൂപയുടെ നഷ്ടം

| പ്രോജക്റ്റ് നം- | പ്രോജക്റ്റിന്റെ പേര് | നിർവ്വഹണഉദ്യോഗസ്ഥൻ | വാങ്ങിയ ഉപകരണം | അടങ്കൽ | ചെലവ് | ചെലവ് വിവരങ്ങൾ |
|---|---|---|---|---|---|---|
| 222/21 | പഞ്ചായത്ത് ഓഫീസിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കലും നവീകരണവും | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | Aqua Guard Pure Chill 120 RO Cooler With Pre Filter | 147940 | 146080 | ബിൽ നം-48/31-03-21 |

28/08/2020ലെ A2-10/2020 നമ്പർ ടെണ്ടർ പരസ്യം മുഖാന്തിരം ISI സർട്ടിഫിക്കേഷനോട് കൂടിയ വാട്ടർ പ്യൂരിഫയർ അനിവാര്യമായ പ്ലംബിംഗ് ജോലികൾ സഹിതം സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ പരസ്യത്തിലെ സ്പെസിഫിക്കേഷനുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Dosing Pump(2 Nose )Alum -Chlorine Cleaning | 2 Nos |
| 2 | Water Tank 1000 L | 1 |
| 3 | Iron Removal Filter 14” Dia 65” Ht | 1 |
| 4 | Sand Filter 14” Dia 65” Ht | 1 |
| 5 | RO Purifier With Cold Hot Normal Water Fecility | 1 |
| 6 | RO Purifier 10ltr | 1 |
| 7 | Water Tank 2000 L | 1 |

ടെണ്ടർ തുറക്കുന്നതിനുള്ള അവസാനതീയതിയായ 09-09-2020 ന് ലഭിച്ച 4 ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ രണ്ടാമത്തെ തുക ക്വോട്ട് ചെയ്ത ജീവനകല അക്വാ എൻജിനീയേഴ്സ് എന്ന സ്ഥാപനത്തെയാണ് തിരഞ്ഞെടുത്തത്. 1,32,470 രൂപയാണ് ഈ സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത്. ഈ സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് സമിതി അംഗീകരിച്ചിരുന്നു.(18-09-2020 ലെ 13/2 (7) തീരുമാനം. തുടർന്ന് പർച്ചേസ് ഉത്തരവ് നൽകുകയോ തീരുമാനം റദ്ദ് ചെയ്യുകയോ ഉണ്ടായില്ല. എന്നാൽ 20-01-21 ലെ 12(3) നമ്പർ തീരുമാന പ്രകാരം കേന്ദ്രീയ ബണ്ഡാറിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചു. 25-03-21 ൽ പർച്ചേസ് ഉത്തരവ് നൽകുകയും 25-01-21 ലെ ഇൻവോയിസ് നം- 2322 പ്രകാരം 146080 രൂപ ക്ക് കേന്ദ്രീയ ഭണ്ഡാർ എന്ന സ്ഥാപനത്തിൽ നിന്ന് Aqua Guard Pure Chill 120 RO Cooler With Pre Filter വാങ്ങുകയും പണം 31/03/21 ലെ ബിൽ നം-48 പ്രകാരം സ്ഥാപനത്തിന് നൽകുകയും ചെയ്തു. (A/c No-0805201001943 IFSC -CNRB0000805).

ഇതേ സ്പെസിഫിക്കേഷനോട് കൂടിയ 120 ലിറ്റർ SS Eureka Forbes നിർമ്മിച്ച വാട്ടർ പ്യൂരിഫയർ കുടുംബക്ഷേമ കേന്ദ്രത്തിൽ കേന്ദ്രീയ ഭണ്ഡാർ എത്തിച്ചിട്ടുണ്ട്. ഇനിയും സ്ഥാപിച്ചിട്ടില്ലാത്ത ഈ ഉപകരണത്തിന്റെ പരമാവധി ചില്ലറ വില 110400 രൂപയാണെന്ന് ഉപകരണത്തിന്റെ പുറം കവറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ലഭ്യമാക്കിയ ഉപകരണത്തിന്റെ ഗുണനിലവാരം ഉറപ്പിക്കാനായില്ല. കമ്പനി പ്രതിനിധികളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് സ്ഥാപനം സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറുപ്പിന് മറുപടി ലഭ്യമാക്കിയില്ല.(നം- 13/20-21/15-11-21) സർക്കാർ നിർദ്ദേശങ്ങളെയും ഉത്തരവുകളെയും മറികടന്ന് പഞ്ചായത്തിന്റെ ഉത്തമതാൽപര്യങ്ങൾക്ക് വിരുദ്ധമായി വിപണിയിലെ പരമാവധി 111400 രൂപയിൽ നിന്നും

34680 രൂപ അധികമായി ചെലവഴിച്ച് കേന്ദ്രീയഭണ്ഡാറിൽ നിന്നും വാട്ടർപ്യൂരിഫയർ വാങ്ങിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ 34680രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു. ലഭ്യമായ ഉപകരണത്തിന്റെ ഗുണമേൻമ ഉറപ്പിക്കാനാകാത്തതിനാലും നടപടിക്രമങ്ങൾ ലംഘിച്ച് വാങ്ങൽ നടത്തിയതിനാലും ആകെ ചെലവിൽ അവശേഷിക്കുന്ന തുകയായ 111,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ഇൻവെർട്ടർ വാങ്ങൽ-സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചില്ല 44362/-രൂപയുടെ അധികച്ചെലവ്

പ്രോജക്ട് നം -247/20

പ്രോജക്ടിന്റെ പേര്- കുടുംബാരോഗ്യകേന്ദ്രത്തിന് ഇൻവെർട്ടർ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

കുടുംബാരോഗ്യകേന്ദ്രത്തിന് ഇൻവെർട്ടർ എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ധനകാര്യകമ്മീഷൻ ഗ്രാൻറ് | | മെയിന്റനൻസ് ഫണ്ട് | | ആകെ | |
|---|---|---|---|---|---|
| അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| 2,50,000 | 2,39,073 | 1,00,000 | 85,426 | 3,50.000 | 3.24,499 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.ടി പദ്ധതിയുടെ ടെണ്ടർ നടപടികളിൽ പങ്കെടുത്തത് 3 സ്ഥാപനങ്ങളാണ്. ഇതിൽ ബൈസൺ ഇ-കോം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിലാണ് ടെണ്ടർ നടപടി ഉറപ്പിച്ചിരിയ്ക്കുന്നത്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ ഒഴിവാക്കി കൂടിയ നിരക്ക് ആണ് അംഗീകരിച്ചത്. വിശദവിവരങ്ങൾ ചുവടെ

| സ്ഥാപനത്തിന്റെ പേര് | ഐറ്റം | ക്വാട്ട് ചെയ്ത തുക | സ്ഥാപനത്തിന്റെ പേര് | ഐറ്റം | ക്വാട്ട് ചെയ്ത തുക |
|---|---|---|---|---|---|
| ബൈസൺ ഇ -കോം പ്രൈവറ്റ് ലിമിറ്റഡ് | 1)ലൂമിനസ് /വി-ഗാർഡ് 3.5 കെ,വി ഇൻവെർട്ടർ സൈൻ വേവ് 48 V 2 എണ്ണം<br>2)200 AH C-10 12 V ബാറ്ററി 8 എണ്ണം<br>3)ലൂമിനസ് /വി-ഗാർഡ് 2 കെ,വി ഇൻവെർട്ടർ<br>3) 200 AH C-10 12 V ബാറ്ററി 8 NOS | 3,24,500(ഓരോ ഇനത്തിന്റെയും തുക വിഭജിച്ച് കാണിച്ചിട്ടില്ല. ) | കൈരളി ഏജൻസി ആലപ്പുഴ | 1)a)ലൂമിനസ് /വി-ഗാർഡ് 3.5 കെ,വി ഇൻവെർട്ടർ സൈൻ വേവ് 48 V 2 എണ്ണം<br>B) ലൈവ് ഗാർഡ് 3.5 കെ,വി ഇൻവെർട്ടർ സൈൻ വേവ് 48 V 2 എണ്ണം<br>2)i)ലൂമിനസ് 2 കെ,വി ഇൻവെർട്ടർ<br>Ii)2 കെ,വി ഇൻവെർട്ടർലിവ് ഗാർഡ്<br>Iii) 2 കെ,വി ഇൻവെർട്ടർ അമേസ്<br>3) 200 AH C-10 12 V ബാറ്ററി 12NOS<br>I)ലൂമിനസ് | 20345 X2 =40690<br>18655x2 =37310<br>14547x2=29094<br>12025x2=24050<br>17000x2=34000<br>17530x12=210360<br>17680x12=212160<br>16830x12=201960<br>എല്ലാ ഐറ്റങ്ങൾക്കും 3 വർഷ വാറണ്ടി |

| | | | | | |
|---|---|---|---|---|---|
| | | | | 200ah R ബാറ്ററി<br>Ii) ലിവ് ഗാർഡ്<br>200ah R ബാറ്ററി<br>Iii)അമേസ്<br>200ah R ബാറ്ററി | |

മേൽ പട്ടിക പ്രകാരം ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത് കൈരളി ഏജൻസീസാണ്. വിശദവിവരങ്ങൾ ചുവടെ,

| ബിൽ പ്രകാരം വാങ്ങിയ ഇനങ്ങൾ | കൈരളി ഏജൻസീസ് ക്വോട്ട് ചെയ്തത് | | | | | |
|---|---|---|---|---|---|---|
| | ലോവെസ്റ്റ് | എണ്ണം | ആകെ | ലൂമിനസ് | എണ്ണം | ആകെ |
| 200 AH ബാറ്ററി | 16830 | 12 | 201960 | 17530 | 12 | 210360 |
| 2KV ഇൻവെർട്ടർ | 12025 | 2 | 24050 | 14547 | 2 | 29094 |
| 3KVഇൻവെർട്ടർ | 18655 | 2 | 37310 | 20345 | 2 | 40690 |
| ആകെ | | | 263320 | ആകെ | | 280144 |

മേൽ പറഞ്ഞ ഇനങ്ങൾ(ലൂമിനസ്) വാങ്ങിയതിന് ബൈസൺ ഇ -കോം പ്രൈവറ്റ് ലിമിറ്റഡിന്റെ ബില്ല് പ്രകാരം നൽകിയിരിയ്ക്കുന്ന ആകെ തുക 324506 രൂപയാണ്. . കൈരളി ഏജൻസീസിൽ നിന്നും ലൂമിനസ് ആയിരുന്നു വാങ്ങിയിരുന്നതെങ്കിൽ 280144/-രൂപയേ ചെലവ് ഉണ്ടാകുമായിരുന്നുള്ളു. അധികമായി ഉണ്ടായ ചെലവ് 44362/-രൂപ.
2) ഇനം തിരിച്ച് നിരക്ക് ക്വോട്ട് ചെയ്യാത്ത സ്ഥാപനത്തെ എപ്രകാരമാണ് തിരഞ്ഞെടുത്തത് എന്നത് വ്യക്തമല്ല
3) വാങ്ങിയ സാധനങ്ങളുടെ ആവശ്യകത/കപ്പാസിറ്റി എപ്രകാരം നിർണ്ണയിച്ചു.

ഇപ്രകാരം കുറഞ്ഞ നിരക്ക് ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ, ഇനം തിരിച്ചുള്ള നിരക്ക് ക്വോട്ട് ചെയ്യാതിരുന്നിട്ടു കൂടി തിരഞ്ഞെടുത്തിന്റെ കാരണം വ്യക്തമല്ല. സ്റ്റോർ പർച്ചേസ് മാന്വൽ (ഖ.9.4) പ്രകാരം ടെണ്ടറുകൾ/ക്വട്ടേഷനുകൾ തുറന്നതിന് ശേഷം നിരക്കുകളുടെ കൃത്യവും പൂർണ്ണവുമായ താരതമ്യ പട്ടിക തയ്യാറാക്കേണ്ടതും ഖണ്ഡിക 9.16 മുതൽ ഖ.9.18 വരെ പ്രകാരം നിരക്കുകൾ താരതമ്യം ചെയ്യേണ്ടതും കുറഞ്ഞനിരക്കിലുള്ള ടെണ്ടർ അംഗീകരിയ്ക്കേണ്ടതുമാണ്. മാത്രമല്ല കുറഞ്ഞ നിരക്ക് സ്വീകാര്യമല്ലാത്ത സംഗതികളിൽ ആയതിനുള്ള കാരണം രേഖപ്പെടുത്തണമെന്ന് പ്രത്യേകം നിഷ്കർഷിയ്ക്കുന്നുമുണ്ട്. എന്നാൽ ഇവിടെ ടി മാനദണ്ഡങ്ങളൊന്നും പാലിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ എൻക്വയറി നം 11/14-11-21 ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ നിരക്ക് ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ തിരഞ്ഞെടുത്തത് വഴി അധികമായി ചെലവഴിച്ച 44362/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു, പൊതു സമാഹരണങ്ങൾ നടത്തുമ്പോൾ സർക്കാർ നിഷ്കർഷിയ്ക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് സമാഹരണം നടത്താൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-5 പട്ടികജാതി കുടുംബങ്ങൾക്ക് ജീവനോപാധി - തയ്യൽ മെഷീൻ -ദുരന്തനിവാരണം - പ്രത്യേകപദ്ധതി - സർക്കാർ ഉത്തരവുകൾ പാലിയ്ക്കാതെയുള്ള പദ്ധതി നിർവ്വഹണം - ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാതെ ആനുകൂല്യം നൽകി

പ്രോജക്ട് നമ്പർ - S0235/21 സ്പിൽ ഓവർ

അടങ്കൽ - 626000/- (വികസനഫണ്ട് - പട്ടികജാതി വിഹിതം)

ചെലവ് - ബിൽ നം. 14/31.3.21 – 480216/-

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

2018 ലെ പ്രളയത്തിൽ സാരമായ നഷ്ടം സംഭവിച്ച തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ച പ്രത്യേക വിഹിതം ഉപയോഗിച്ച് ആവിഷ്കരിച്ച പ്രോജക്ടിൽ ഉൾപ്പെടുത്തി 107 തയ്യൽ മെഷീനുകൾ വാങ്ങിയതിൽ 102 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. പ്രളയ ബാധിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിന് സർക്കാർ ഉത്തരവ് (കൈ) നം. 170/2019/ത.സ്വ.ഭ.വ. തീയതി 23.12.2019 നമ്പർ ഉത്തരവിലെ മാർഗ്ഗരേഖയും പ്രളയബാധിത തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ച തുക ഉപയോഗിച്ച് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടില്ലാത്ത ജീവനോപാധികൾക്കായി പ്രോജക്ട് തയ്യാറാക്കുന്നത് നിർദ്ദേശങ്ങൾ നൽകി കൊണ്ടുള്ള സ.ഉ.(സാധാ) നം. 400/2020 /ത.സ്വ.ഭ.വ. തീയതി.17.2.20 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുമായിരുന്നു പ്രോജക്ടുകൾ നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ മേൽ ഉത്തരവിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ പാലിയ്ക്കാതെയാണ് പ്രോജക്ട്

ആവിഷ്കരിച്ച് നടപ്പാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

എ. പ്രളയബാധിത തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ച തുക ഉപയോഗിച്ച് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടില്ലാത്തവയും സബ്സിഡി മാർഗ്ഗരേഖപ്രകാരം സബ്ഡിഡി നൽകരുതെന്ന് പ്രത്യേകമായി പറഞ്ഞിട്ടുള്ള തയ്യൽ മെഷീൻ പോലുള്ള ജീവനോപാധികൾക്കായി പ്രോജക്ട് തയ്യാറാക്കുന്നത് നിർദ്ദേശങ്ങൾ നൽകി കൊണ്ടുള്ള സ.ഉ.(സാധാ) നം. 400/2020 /ത.സ്വ.ഭ.വ. തീയതി.17.2.20 നമ്പർ ഉത്തരവിൽ ക്രമനമ്പർ 3ലെ നിർദ്ദേശ പ്രകാരം ചില ജീവനോപാധികൾ നൽകാവുന്നതല്ല എന്ന് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ടെങ്കിലും (ഉദാ - തയ്യൽ മെഷീൻ) ഇത്തരം ഉപകരണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുന:സ്ഥാപിയ്ക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണെന്നും പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധികളോ അതിന് പകരമായി മറ്റ് തൊഴിൽ ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ/മെഷിനറികൾ തുടങ്ങിയവ വാങ്ങുന്നതിനോ ധനസഹായം നൽകാൻ തദ്ദേശഭരണസ്ഥാപനങ്ങൾ ഉദ്ദേശിക്കുന്നുകിൽ അവ നൽകാവുന്നതും താത്ക്കാലിക ക്രമീകരണം എന്ന നിലയിൽ ആസൂത്രണ മാർഗ്ഗരേഖ പ്രകാരമുള്ള നൂതന പ്രോജക്ടുകൾ തയ്യാറാക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണെന്നും ഇതിനായി നൂതന പ്രോജക്ടിന് അംഗീകാരം നൽകുന്നതിനുള്ള ജില്ലാതല നൂതന പ്രോജക്ടുകൾക്കുള്ള കമ്മറ്റി പ്രോജക്ടുകൾ പരിശോധിച്ച് യൂണിറ്റ് നിരക്കും പരമാവധി നൽകാവുന്ന സബ്സിഡി നിരക്കും തീരുമാനിയ്ക്കാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തയ്യൽമെഷീൻ നൽകിയപ്പോൾ ഇവ നഷ്ടപ്പെട്ടതിനെ സാധൂകരിയ്ക്കുന്ന യാതൊരുരേഖകളും (ജില്ലാ ദുരന്തനിവാരണ അതോറിറ്റി പ്രളയബാധിതരായി അംഗീകരിച്ചവരാണ് ഗുണഭോക്താക്കൾ എന്ന് ഉറപ്പാക്കിയതിന്റെ രേഖകൾ, റവന്യൂ അധികാരികളുടെ റിപ്പോർട്ട്, ഗ്രാമപഞ്ചായത്തിൽ പ്രളയം മൂലം ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളെ അറിയിച്ചതിന്റെ രേഖകൾ) പരിശോധിയ്ക്കപ്പെടാതെയാണ് മെഷീനുകൾ വാങ്ങി വിതരണം ചെയ്തത്.

ടി ഉത്തരവിലെ 5-ാം നമ്പർ നിർദ്ദേശ പ്രകാരം ജില്ലാ ദുരന്തനിവാരണ അതോറിറ്റി പ്രളയബാധിതരായി അംഗീകരിച്ചവർക്ക് മാത്രമായി സഹായങ്ങൾ പരിമിതപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ആനുകൂല്യം നൽകിയവരുടെ കാര്യത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി പ്രളയബാധിതരായി അംഗീകരിച്ചവരാണെന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് റവന്യൂ വകുപ്പ് പ്രളയബാധിതരുടെ ലിസ്റ്റ് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഭരണസമിതി പ്രത്യേക ഗ്രാമസഭ കൂടി ഗുണഭോക്താക്കളെ കണ്ടെത്തുകയാണുണ്ടായതെന്നാണ്. പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി പ്രളയബാധിതരായി അംഗീകരിച്ചവരുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടത് നിർവ്വഹണോദ്യഗസ്ഥയുടെ ചുമതലായാണെന്നിരിക്കെ റവന്യൂ വകുപ്പിൽ നിന്ന് അവ ലഭ്യമായില്ലന്ന കാരണം ചൂണ്ടിക്കാട്ടി, സർക്കാർ പ്രളയ ബാധിതർക്കായുള്ള പ്രോജക്ട് നിർവ്വഹണത്തിന് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് എപ്രകാരമെന്ന് വ്യക്തമായി നിർദ്ദേശിച്ച ശേഷം ഇവ പരിഗണിയ്ക്കാതെ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് ഗൌരവമായി കാണുന്നു.

ബി. സർക്കാർ ഉത്തരവ് (കൈ) നം 170/2019/ത.സ്വ.ഭ.വ. തീയതി 23.12.2019 പ്രകാരം സൂക്ഷിക്കേണ്ട ഗുണഭോക്താക്കൾക്ക് പ്രളയത്തിലൂടെ നഷ്ടമായ ജീവനോപാധിയുടെ വിശദാംശങ്ങൾ, നഷ്ടപ്പെട്ട അതേ ജീവനോപാധി മാർഗ്ഗം തന്നെയാണോ തുടർന്നും ആഗ്രഹിക്കുന്നത്, മറ്റേതെങ്കിലും ജീവനോപാധി മാർഗ്ഗം ആഗ്രഹിക്കുന്നുകിൽ അതിന്റെ വിശദാംശങ്ങളും ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്കായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണസമിതി യോഗം ചേർന്നതിന്റേയും വിശദാംശങ്ങൾ, അപേക്ഷ പരിശോധിച്ച് പ്രോജക്ട് ആശയങ്ങൾക്ക് രൂപം നൽകിയതിന്റെ രേഖകൾ എന്നിവയൊന്നും തന്നെ പ്രോജക്ടിനൊപ്പം സൂക്ഷിച്ചിരുന്നില്ല. ഇവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 19/15.11.21 നൽകിയതിന് വാർഡ് തലത്തിൽ അപേക്ഷകൾ സ്വീകരിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടത്തി ഗ്രാമസഭാ രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഭരണസമിതി ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുകയും ഗുണഭോക്താക്കളുടെ താത്പര്യവും എസ്സ്.സി. വനിതകൾക്ക് അനുയോജ്യവും ലളിതവും ആയ ഉപജീവനം എന്ന രീതിയിൽ ജീവനോപാധിയായാണ് തയ്യൽമെഷീൻ ഭരണസമിതി തെരെഞ്ഞെടുത്തതെന്നും മേൽ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പ് 24.2.20 ലും ആസൂത്രണസമിതി യോഗം 27.2.20 ലും കൂടിയെന്നാണ്. എന്നാൽ ഈ മറുപടിയെ സാധൂകരിയ്ക്കുന്നതിനാവശ്യമായ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല.

സി. 107 തയ്യൽ മെഷീനുകൾ വാങ്ങിയതിൽ 102 എണ്ണം മാത്രമാണ് വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന 5 തയ്യൽ മെഷീനുകൾ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പകൽവീട്ടിൽ സൂക്ഷിച്ചിരിയ്ക്കുന്നതായി കണ്ടു. 5 തയ്യൽ മെഷീനുകൾ വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് രേഖകൾ ഹാജരാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അവ ലഭ്യമാക്കുന്ന മുറയ്ക്ക് ഇവ വിതരണം ചെയ്യുന്നതാണെന്നുമാണ്. തയ്യൽ മെഷീൻ വാങ്ങിയ ശേഷമാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നതെന്നാണ് ഈ മറുപടിൽ നിന്ന് വ്യക്തമാകുന്നത്. 3/21 ൽ തയ്യൽ മെഷീൻ വാങ്ങി മാസങ്ങൾക്ക് ശേഷവും വിതരണം ചെയ്യാതെ സൂക്ഷിച്ച ശേഷം ഓഡിറ്റിൽ ചൂണ്ടികാണിച്ചപ്പോൾ അവ വിതരണം ചെയ്യുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തുന്നതാണെന്ന് മറുപടി നൽകുന്നത് ഗൌരവമായി കാണേണ്ടതാണ്. ഗുണഭോക്താക്കളെ

കണ്ടെത്താതെ 5 മെഷീൻ വാങ്ങിയതു വഴിയുണ്ടായ അധിക ചെലവ് 22440/- രൂപ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുന്നതുവരെ തടസ്സപ്പെടുത്തുന്നു. അർഹരായവർക്ക് മെഷീൻ വിതരണം ചെയ്യാൻ കഴിയാത്തപക്ഷം തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും.

ഡി. പ്രോജക്ടിലുൾപ്പെടുത്തി മെഷീൻ നൽകിയ രജിത, സത്യാലയം, കണ്ടല്ലൂർ എന്ന ഗുണഭോക്താവിന്റെ 1420122836 നമ്പർ റേഷൻകാർഡ് പ്രകാരം ടിയാൾ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ താമസക്കാരിയാണ്. ഈ ഗ്രാമപഞ്ചായത്തിലെ താമസക്കാരിയല്ലാത്തയാൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ടിയാൾ 2019-20 കാലഘട്ടത്തിൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് നിവാസിയായിരുന്നുവെന്നും പിന്നീട് കണ്ടല്ലൂരിലേയ്ക്ക് താമസം മാറിയപ്പോൾ കുടുംബറേഷൻ കാർഡിൽ ഉൾപ്പെട്ട് പോയതാണെന്നും ടിയാളിൽ നിന്ന് മെഷീൻ തിരികെ വാങ്ങിയിട്ടുണ്ടെന്നും ഇത് അർഹതയുള്ള ഗുണഭോക്താവിന് നൽകുമെന്നാണ്. വാങ്ങിയ മെഷീനുകളിൽ 5 എണ്ണം അർഹരില്ലാതെ വിതരണം ചെയ്യാതെ അവശേഷിയ്ക്കുമ്പോൾ ഉപയോഗിച്ച മെഷീൻ മറ്റൊരാൾ കൈപ്പറ്റുകയെന്നത് എത്രമാത്രം പ്രായോഗികമാണെന്നത് അറിയില്ല. കൂടാതെ രജിത, സത്യാലയത്തിന്റെ പേരിലുള്ള 1420122836 നമ്പർ റേഷൻകാർഡ് ഇഷ്യൂ ചെയ്ത തീയതി 12.3.2019 ആണ്. അതായത് മെഷീൻ വാങ്ങിയ 3/21 ന് രണ്ട് വർഷം മുൻപ് തന്നെ ടിയാൾ കണ്ടല്ലൂരിലേയ്ക്ക് താമസം മാറിയിരുന്നെന്നാണ്. അനർഹനായ ഗുണഭോക്താവിന് മെഷീൻ നൽകുന്നതിനായി ചെലവഴിച്ച 4488/- രൂപയുടെ ചെലവ് നിർവ്വഹണദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു.


റേഷൻ കാർഡ്
റേഷൻ കാർഡ് നമ്പർ 1420122836
മുൻഗണന
താലൂക്ക് : താലൂക്ക് സപ്ലൈ ഓഫീസ്, കാർത്തികപ്പള്ളി
ഉടമയുടെ പേര് : രജിത
മേൽവിലാസം : സത്യാലയത്ത് കണ്ടല്ലൂർ
പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ : കണ്ടല്ലൂർ
വാർഡ് നമ്പർ : 13
വീട്ട് നമ്പർ : 114
റേഷന് അർഹതയുള്ള അംഗങ്ങളുടെ എണ്ണം : 3
കുടുംബത്തിൻറെ മാസവരുമാനം : 3000
തീയതി : 12-03-2019
താലൂക്ക് സപ്ലൈ ഓഫീസറുടെയോ സിറ്റി റേഷനിംഗ് ഓഫീസറുടെയോ ഒപ്പ്
25.3.19

നിരാകരിച്ച 4488/- രൂപ കഴിച്ച് 475728/- (480216-4488) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ. നിലവാരത്തിലെത്തിക്കൽ, S0105/20 - അപാകതകൾ

പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ. നിലവാരത്തിലെത്തിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി റെക്കോർഡ് റൂമിലേക്കായി ഫർണീച്ചറുകൾ നിർമ്മിച്ചിരുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| എസ്റ്റിമേറ്റ് | 1052000 | |
| കരാർ നം | 31/AE/LSGD/19-20/28.02.20 | |
| എഗ്രീഡ്. പി.എ.സി | 928455.54 | |
| കരാറുകാരന്റെ പേര് | അനിൽകുമാർ.എസ് | |
| ആകെ മൂല്യം | 1036095(ജി.എസ്.റ്റി ഉൾപ്പെടെ) | |
| തുക | 100000(plan-G) | ബിൽ നം.31/19.01.2021 |
| | 702000(FCG) | ബിൽ നം.30/19.01.2021 |
| | 234095(own) | ചെക്ക് നം.408446/01.03.21 |
| എം ബുക്ക് നം | 16/20-21 | |

1.കരാർ യഥാസമയം ചമച്ചില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നുള്ള 04.02.20 ലെ സെലക്ഷൻ നോട്ടീസ് പ്രകാരം 14.02.2020 നുള്ളിൽ കരാർ ചമയ്ക്കേണ്ടിയിരുന്നു. കരാർ ചമച്ചത് 28.02.2020 ൽ മാത്രമാണ്. പി.എ.സി. യുടെ 1% പിഴ(9285 രൂപ) ഈടാക്കേണ്ടിയിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

II) ഇനം.15 - സ്പെസിഫിക്കേഷൻ 13.67.1 Varnishing With Warnish Of Approved Brand And Manufacture, 3x12x2x0.52x2x0.47 = 35.19 എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. 12 കബോർഡുകളിലും 3x12x0.52x2x0.47 = 17.597

M² അളവ് മാത്രമേ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ. അധികമായി ചെലവഴിച്ച ($17.597m^2@162/m^2$ = ) 2850 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

മൂല്യനിർണ്ണയത്തിലെ പിഴവ് കാരണം അധികമായി അനുവദിച്ച തുക(2850 രൂപ), യഥാസമയം കരാർ ചമക്കാതിരുന്നത് കാരണം ഈടാക്കേണ്ടിയിരുന്ന പിഴ(9285 രൂപ) എന്നിവ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഫർണീച്ചറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 250000 | പാലിന് സബ്സിഡി | 250000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 201132 | ഭിന്നശേഷി സ്കോളർഷിപ്പ് | 0 | 201132 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 500000 | സുഭിക്ഷ കേരളം | 500000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 133083 | പാലിയേറ്റീവ് കെയർ | 133083 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 350000 | ഭിന്നശേഷി സ്കോളർഷിപ്പ് | 350000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | പാലിന് സബ്സിഡി | 200000 | 0 |

## 4-2 നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുകയുടെ വിവരം

മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| 2020-21 | LIFE | ലഭ്യമായില്ല | 240000 | 3449315 | 849333 | 2839982 |

## 4-5 സ്ഥിരനിക്ഷേപം

2020-21

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000000 |
| തൻവർഷ നിക്ഷേപം | 255998 |
| ആകെ | 10255998 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 10255998 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-32 | 2012-13 | - | സമ്പൂർണ്ണ ഊർജ്ജാസൂത്രണം ഹോമിയോ മെഡിക്കൽ ഓഫീസർ മരുന്ന വാങ്ങൽ പദ്ധതി നിർവ്വഹണ തുക | ലഭ്യമല്ല |
| 2009-10 | 3-12 | | | | |
| 2010-11 | 3-15 | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 104668076 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 102792327 |
| വരവിനങ്ങളിലുള്ള നഷ്ടം | 1500 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 266641 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2899613 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ചാർജ്ജ് ചെയ്യാവുന്നവ | നഷ്ടമായ തുക സർചാർജ്ജ് ചെയ്യാവുന്നവ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| 2-1 | 1500 | | | ലത.എൽ, സെക്രട്ടറി |
| 3-1 | | 133426 | 66713 | ഡോ.നൂപുര, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം, |
| | | | 66713 | 14.06.2019ലെ ജനറൽ കമ്മിറ്റിയിൽ പങ്കെടുത്തവർ |
| 3-2 | | 37550 | | ഡോ.നൂപുര, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം |
| 3-3 | | 34680 | | ലത.എൽ, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-4 | | 44362 | ഡോ.നൃപുര, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം |
| 3-5 | | 4488 | അനീസ്യ ലാൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | | 2850+9285 | ജിനു അരവിന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 266641 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28-1 | 111400 | ഡോ.നൃപുര, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം |
| 1-28-2 | 99050 | ഡോ.നൃപുര, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം |
| 1-28-3 | 99050 | ഡോ.നിഷ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1—29 | 111400 | ലത.എൽ, സെക്രട്ടറി |
| 1-32 | 705375 | ജിനു അരവിന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-33 | 339277 | ജിനു അരവിന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-34 | 79135 | ജിനു അരവിന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 | 200000 | ബിജു.കെ,സെക്രട്ടറി |
| 1-38 | 475728 | അനീസ്യലാൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-41 | 54198 | സജീദ, ഹെഡ്മിസ്ട്രസ് |
| 1-48 | 625000 | ബിനിൽ ബി ചന്ദ്രൻ, വെറ്ററിനറി സർജൻ |
| ആകെ | 2899613 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലത.എൽ, സെക്രട്ടറി | സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് | വല്ലുകി, കുട്ടപ്പാന, നെയ്യാറ്റിൻകര.പി.ഒ. |
| അനീസ്യ ലാൽ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തൃക്കുന്നപ്പുഴ | അഭി നിവാസ്, തോട്ടപ്പള്ളി.പി.ഒ, ആലപ്പുഴ |
| ഡോ.നിഷ | മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി, ആറാട്ടുപുഴ | ചെമ്മക്കാട്ട് ഹൌസ് കീരിക്കാട് സൌത്ത് കായംകുളം |
| സജീദ.എസ്. | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് മംഗലം | ഒറ്റപ്പനയ്ക്കൽ,ചിങ്ങോലി.പി.ഒ, എൻ.ടി.പി.സി.ജംഗ്ഷൻ ചിങ്ങോലി |

| | | |
|---|---|---|
| ജിന അരവിന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ആറാട്ടുപുഴ | മഞ്ജു നിവാസ്,കോട്ടക്കപ്പുറം, ക്ലാപ്പന പി.ഒ,കൊല്ലം |
| ഡോ.നൃപുര | മെഡിക്കൽ ഓഫീസർ, പി എച്ച് സി, ആറാട്ടുപുഴ | തെക്കേപ്പുറത്ത്, മംഗലം.പി.ഒ, ആറാട്ടുപുഴ |
| ഡോ.ബിനിൽ.ബി.ചന്ദ്രൻ | വെറ്ററിനറി സർജ്ജൻ, ആറാട്ടുപുഴ | സദനം, മുതുകുളം.പി.ഒ, ആലപ്പുഴ |
| വിദ്യാധരൻ | വാർഡ് മെമ്പർ | സനൽ ഭവനം, മംഗലം.പി.ഒ. ആറാട്ടുപുഴ |
| ശ്രീജ രാമകൃഷ്ണൻ | വാർഡ് മെമ്പർ | പുത്തൻവീട്ടിൽ, മുതുകുളം സൗത്ത്.പി.ഒ. |
| അജിത.എസ് | പ്രസിഡന്റ് | ശ്രീനാരായണ ഭവനം, കണ്ടല്ലൂർ സൗത്ത്.പി.ഒ, ആറാട്ടുപുഴ |
| കുക്കു ഉമേഷ് | വാർഡ് മെമ്പർ | കൊച്ചുപുരയിൽ, തറയിൽ കടവ്, വലിയഴീക്കൽ.പി.ഒ. |
| റാണി ജയൻ | വാർഡ് മെമ്പർ | കല്ലാശ്ശേരിൽ, തറയിൽ കടവ്, വലിയഴീക്കൽ.പി.ഒ. |
| നിധീഷ് | വാർഡ് മെമ്പർ | തങ്കശ്ശേരിൽ, പെരുമ്പള്ളി, വലിയഴീക്കൽ.പി.ഒ. |
| ശ്യാംകുമാർ.എസ്. | വാർഡ് മെമ്പർ | വെട്ടുതറ പടീറ്റതിൽ, പെരുമ്പള്ളി, വലിയഴീക്കൽ.പി.ഒ. |
| സദാശിവൻ.എസ്. | വാർഡ് മെമ്പർ | മണ്ണേൽ, വട്ടച്ചാൽ, ആറാട്ടുപുഴ |
| രത്നമ്മ | വാർഡ് മെമ്പർ | ആല്യംമൂട്ടിൽ, നല്ലാനിക്കൽ, ആറാട്ടുപുഴ |
| സുമേഷ്.ജി. | വാർഡ് മെമ്പർ | മുട്ടേൽ, കള്ളിക്കാട്, ആറാട്ടുപുഴ |
| സുനു | വാർഡ് മെമ്പർ | വല്ലിയിൽ, കള്ളിക്കാട്, ആറാട്ടുപുഴ |
| അബ്ദുൾ റഷീദ്.കെ.വൈ. | വാർഡ് മെമ്പർ | കുനാംപറമ്പിൽ, ആറാട്ടുപുഴ.പി.ഒ. |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87 | എൽ.എഫ്.എ.1486/89/10.03.90 |
| 1987-88 | എൽ.എഫ്.എ.1570/90/06.02.91 |
| 1988-89 | എൽ.എഫ്.എ.730/91/12.8.92 |
| 1989-90 | എൽ.എഫ്.എ.564/92/18.08.92 |
| 1990-91,1991-92 | എൽ.എഫ്.എ.1057/93/05.11.95 |
| 1992-93 | എൽ.എഫ്.എ.1216/94/17.01.95 |

| | |
|---|---|
| 1993-94 | എൽ.എഫ്.എ.116/98/5.3.96 |
| 1994-95, 1995-96 | എൽ.എഫ്.എ5/58/98/26.0.98 |
| 1996-97 (ചെലവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 1996-97 (വരവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 997-98 (ചെലവ്) | എൽ.എഫ്.എ10/1209/00/17.03.01 |
| 1997-98 (വരവ്) | എൽ.എഫ്.എ8/594/05/8.2.06 |
| 1998-99 | എൽ.എഫ്.എ8/118/02/7.12.02 |
| 1999-2000 (ചെലവ്) | എൽ.എഫ്.എ8/1413/03/13.4.04 |
| 2000-01 | എൽ.എഫ്.എ8/1414/03/13.04.04 |
| 2001-02 | എൽ.എഫ്.എ13/375/08/17.12.08/13.01.09 |
| 2002-03 | എൽ.എഫ്.എ13/380/08/19.12.08/19.01.09 |
| 2003-04 | എൽ.എഫ്.എ13/381/88/19.12.08/16.01.09 |
| 2004-05 | എൽ.എഫ്.എ13/393/08/7.4.09 |
| 2005-06, 2006-07(ചെലവ്) | എൽ.എഫ്.എ13/483/09/8.5.09 |
| 2006-07 (വരവ്) | എൽ.എഫ്.എ.13/549/10/31.01.2011 |
| 2007-08 | എൽ.എഫ്.എ13/550/10/31.01.2011 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.എ.പി4.1068/2012, തീയതി, 12.12.12/08.03.13 |
| 2011-12, 2012-13 | എൽ.എഫ്.എ.പി14/1839/2014/ 10.02.15 |
| 2013-14 | എൽ.എഫ്.എ.പി4/671/15/4.08.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി4-745/16, 16.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി13-1448/16, തീയതി.17.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി13-746/2017 തീയതി. 19.06.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി13-1657/2018 തീയതി. 05.01.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി-പി9- 793/2020 തീയതി. 12.01.2021 |
| 2019-20 | കെ.എസ്.എ/എ.എൽ.പി/പി9-1051/2021 |

..

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

14/06/2019 ലെ ജനറൽ കമ്മറ്റിയിൽ പങ്കെടുത്തവർ

| വാർഡ് മെമ്പറുടെ പേര് | സ്ഥിരം മേൽവിലാസം |
|---|---|
| വിദ്യാധരൻ | സനൽ ഭവനം, മംഗലം.പി.ഒ. ആറാട്ടുപുഴ |
| ശ്രീജ രാമകൃഷ്ണൻ | പുത്തൻവീട്ടിൽ, മുതുകുളം സൗത്ത്.പി.ഒ. |
| അജിത.എസ് | ശ്രീനാരായണ ഭവനം, കണ്ടല്ലൂർ സൗത്ത്.പി.ഒ, |

| | |
|---|---|
| | ആറാട്ടുപുഴ |
| കുക്കു ഉമേഷ് | കൊച്ചുപുരയിൽ, തറയിൽ കടവ്, വലിയഴീക്കൽ.പി.ഒ. |
| റാണി ജയൻ | കല്ലാശ്ശേരിൽ, തറയിൽ കടവ്, വലിയഴീക്കൽ.പി.ഒ. |
| നിധീഷ് | തങ്കശ്ശേരിൽ, പെരുമ്പള്ളി, വലിയഴീക്കൽ.പി.ഒ. |
| ശ്യാംകുമാർ.എസ്. | വെട്ടുതറ പടീറ്റതിൽ, പെരുമ്പള്ളി, വലിയഴീക്കൽ.പി.ഒ. |
| സദാശിവൻ.എസ്. | മണ്ണേൽ, വട്ടച്ചാൽ, ആറാട്ടുപുഴ |
| രത്നമ്മ | ആല്യംമൂട്ടിൽ, നല്ലാനിക്കൽ, ആറാട്ടുപുഴ |
| സുമേഷ്.ജി. | മുട്ടേൽ, കള്ളിക്കാട്, ആറാട്ടുപുഴ |
| സുനു | വല്ലിയിൽ, കള്ളിക്കാട്, ആറാട്ടുപുഴ |
| അബ്ദുൾ റഷീദ്.കെ.വൈ. | കുനാംപറമ്പിൽ, ആറാട്ടുപുഴ.പി.ഒ. |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്